بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 5 | ലക്കം 44

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഒക്ടോബർ 29/ഹി.ശം. 1399 അഖാഅ് 29/1442 റബീഉൽ അവ്വൽ 11


## അല്ലാഹുവിന്റെ വചനം

وَاِذَا حُیِّیۡتُمۡ بِتَحِیَّۃٍ فَحَیُّوۡا بِاَحۡسَنَ مِنۡہَاۤ اَوۡ رُدُّوۡہَا ؕ اِنَّ اللّٰہَ کَانَ عَلٰی کُلِّ شَیۡءٍ حَسِیۡبًا

(النساء:87)

'ഒരു അഭിവാദനംകൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനെക്കാൾ ഉത്തമമായ ഒന്നുകൊണ്ട് നിങ്ങൾ (തിരിച്ച് അങ്ങോട്ടും) ആശംസിക്കുക. അഥവാ അതു(തന്നെ അങ്ങോട്ടും) മടക്കുക. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളെ സംബന്ധിച്ചും കണക്കെടുക്കുന്നവനാകുന്നു.'(4:87)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

☼(832)ഹദ്റത്ത് ആഇശ(റ) നിവേദനം. നബി(സ)തിരുമേനി നമസ്കാരത്തിൽ ഇങ്ങനെ പ്രാർഥിക്കാറുണ്ട്. 'അല്ലാഹുവേ! ഖബ്റിലെ ശിക്ഷയിൽനിന്നും മസീഹുദജ്ജാലിന്റെ പരീക്ഷണത്തിൽനിന്നും ജീവിതത്തിലും മരണത്തിലും നേരിടേണ്ടിവരുന്ന പരീക്ഷണങ്ങളിൽനിന്നും കാത്തു രക്ഷിക്കാനായി ഞാനിതാ നിന്നെ അഭയം പ്രാപിക്കുന്നു. അല്ലാഹുവേ! പാപത്തിൽനിന്നും കടബാധ്യതയിൽനിന്നും കാത്തു രക്ഷിക്കുവാനും ഞാനിതാ നിന്നെ അഭയം പ്രാപിക്കുന്നു. അപ്പോൾ ഒരാൾ നബി(സ)തിരുമേനിയോടു ചോദിച്ചു, കടബാധ്യതയിൽനിന്ന് മുക്തനാകാൻവേണ്ടി അങ്ങുന്നു കൂടുതലായി പ്രാർഥിച്ചുകൊണ്ടിരിക്കുന്നത് എന്തിനാണ്? അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: മനുഷ്യൻ കടബാധ്യതയിൽപ്പെട്ടാൽ അവന് കൂടുതൽ സംസാരിക്കേണ്ടിവരും. അപ്പോൾ അവൻ കള്ളം പറയും. വാഗ്ദാനം ചെയ്താലോ ലംഘിക്കുകയും ചെയ്യും.' (സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുൽ അദാൻ, ഖാദിയാൻ 2006)

## ഈ ലക്കത്തിൽ


ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്വ്ബ ജുമുഅ 2020 സെപ്റ്റംബർ 25 (സമ്പൂർണ തർജമ)

2020 ലണ്ടൻ ജൽസ സാലാന പ്രഭാഷണം (അവസാന ഭാഗം)


## കണ്ണുകൾ കാണാത്തതും ചെവികൾ കേൾക്കാത്തതും മറ്റൊരു ഇന്ദ്രിയവും അനുഭവിച്ചിട്ടില്ലാത്തതുമാണ് ദൈവത്തെ തിരിച്ചറിയുന്നതിലുള്ള ആനന്ദം

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ഭൗതികലോകവും ഭൗതിക സന്തോഷങ്ങളുടെ യാഥാർഥ്യവും

'ഭൗതികലോകവും ഭൗതിക സന്തോഷങ്ങളുടെ യാഥാർഥ്യവും കളിതമാശകളെക്കാൾ കൂടുതലൊന്നുമല്ല. അത് താൽക്കാലികവും കുറച്ചുദിവസത്തേക്കുള്ളതുമാണ്. അപ്രകാരംതന്നെ ആ സന്തോഷങ്ങളുടെ ഫലവും മനുഷ്യൻ ദൈവത്തിൽനിന്ന് ദൂരത്തുപോയി പതിക്കുന്നുവെന്നതായിരിക്കും. എന്നാൽ, കണ്ണുകൾ കാണാത്തതും ചെവികൾ കേൾക്കാത്തതും മറ്റൊരു ഇന്ദ്രിയവും അനുഭവിച്ചിട്ടില്ലാത്തതുമാണ് ദൈവത്തെ തിരിച്ചറിയുന്നതിലുള്ള ആനന്ദം. അത് കീറിമുറിച്ച് പുറത്തുവരുന്ന ഒരു കാര്യമാണ്. മുമ്പേ കണ്ടിട്ടില്ലാത്ത ഒരു പുതിയ സുഖം എല്ലാ നിമിഷവും അതിൽനിന്നുണ്ടാകുന്നു.

അല്ലാഹുവിനോടു മനുഷ്യന് ഒരു പ്രത്യേക ബന്ധമുണ്ട്. അല്ലാഹുവിനെ തിരിച്ചറിഞ്ഞ ആളുകൾ മനുഷ്യത്ത്വവും പരിപാലനത്ത്വവും തമ്മിലുള്ള ബന്ധത്തിനുമേൽ അതിസൂക്ഷ്മമായ ചർച്ചകൾ നടത്തീട്ടുണ്ട്. കുഞ്ഞിന്റെ വായ കല്ലുമായി മുട്ടിച്ചാൽ ആ കല്ലിൽനിന്ന് പാലു വരുമെന്നും കുഞ്ഞിന്റെ വയറുനിറയുമെന്നും ഏതെങ്കിലും ബുദ്ധിമാൻ കരുതുമോ? ഇതേ പ്രകാരം മനുഷ്യൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴാത്തിടത്തോളം അവന്റെ ആത്മാവ് പൂർണമായും ഇല്ലാതായി പരിപാലനത്ത്വമായി ബന്ധം വെക്കാത്തിടത്തോളം- അത് ഇല്ലാത്തതോ ഇല്ലത്തതുപോലെയോ ആകാത്തിടത്തോളം- ബന്ധമുണ്ടാക്കാൻ കഴിയുകയില്ല. കാരണം റുബൂബിയ്യത്ത് അഥവാ പരിപാലനത്ത്വം ആഗ്രഹിക്കുന്നത് അതിനെയാണ്. ആ സമയംവരെ അത് ആത്മീയ ക്ഷീരംകൊണ്ട് പരിപാലനം പ്രാപിക്കുകയില്ല.

'ലഹ്വ്' എന്നതിൽ അശനപാനീയങ്ങളുടെ എല്ലാ രുചികളും പെടുന്നു. അതിന്റെ അവസാനം അഴുക്കല്ലാതെ മറ്റെന്താണ്? സൗന്ദര്യം, വാഹനം, മനോഹരമായ വീടുകളിൽ അഭിമാനിക്കൽ, അല്ലെങ്കിൽ അധികാരത്തിലും കുടുംബങ്ങളിലും അഭിമാനംകൊള്ളൽ തുടങ്ങിയ എല്ലാകാര്യങ്ങളുടേയും അവസാനം ഒരു തരത്തിലുള്ള നിന്ദ്യതയാണ്. അതു ദുഃഖിപ്പിക്കുകയും സ്വത്വഭാവത്തെ വേദനിപ്പിക്കുകയും ഖിന്നനും അസ്വസ്ഥനുമാക്കുകയും ചെയ്യുന്നു.

'ലഅ്ബി'ൽ സ്ത്രീകളോടുള്ള സ്നേഹവും പെടുന്നു. മനുഷ്യൻ സ്ത്രീകളുടെ അടുത്തുപോകുന്നു. എന്നാൽ, അല്പസമയത്തിനുശേഷം ആ സ്നേഹവും ആനന്ദവും അഴുക്കായി മാറുന്നു. എന്നാൽ, ഇതെല്ലാം അല്ലാഹുവിനോടു ചേർന്നു മാത്രമാണെങ്കിൽ യഥാർഥമായ ഒരു സ്നേഹം ഉണ്ടായതിനുശേഷം പിന്നെ സുഖത്തിനുമേൽ സുഖവും ആനന്ദത്തിനുമേൽ ആനന്ദവും ലഭിക്കുന്നു. അവസാനം യഥാർഥമായ ഈശ്വരജ്ഞാനത്തിന്റെ വാതിലുകൾ തുറക്കപ്പെടുന്നു. അത് ശാശ്വതവും അനശ്വരവുമായ സുഖത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. അവിടെ പരിശുദ്ധിയും പവിത്രതയുമല്ലാതെ മറ്റൊന്നുമുണ്ടാകുകയില്ല. ആ അല്ലാഹുവിൽ ആനന്ദമുണ്ട്. അതു കരസ്ഥമാക്കാൻ ശ്രമിക്കുകയും അവനെത്തന്നെ പ്രാപിക്കുകയും ചെയ്യുക. യഥാർഥ ആനന്ദം അതിൽത്തന്നെയാണ്.(**മൽഫൂദാത്ത് വാല്യം 1 പേജ് 195 – 196, ഖാദിയാൻ 2018**)

**ഇസ്‌ലാം ജുമുഅ ദിവസത്തിന് ഈ പ്രത്യേകതകളും നിശ്ചയിച്ചിരിക്കുന്നു;ആദിവസം അവധിയായിരിക്കണം. നആരാധനാകർമങ്ങൾ കൂടുതലായി നടത്തേണ്ടതാണ്. അങ്ങനെ ദേശീയസമ്മേളനത്തിന്റെ ദിനമാക്കിമാറ്റുക. കുളിക്കുകയും കഴുകിവൃത്തിയാക്കുകയും ചെയ്യുക. ശുദ്ധീകരണം നടത്തുക. രോഗികളെ സന്ദർശിക്കുക. ഇപ്രകാരംതന്നെ മറ്റു സാമുദായികവും സാംസ്കാരികവുമായ ജോലികൾ ചെയ്യുക.**

**അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ അഭ്യർഥനയ്ക്കും അഹ്മദിയ്യ ജമാഅത്തിന്റെ പരിശ്രമത്തിനും ശേഷം സർക്കാർ വളരെ പ്രയാസത്തോടെ ജുമുഅ നമസ്കാരത്തിന് ഒരു മണിക്കൂർ ഒഴിവ് സമ്മതിച്ചിരുന്നു.**

'യഹൂദികൾ ശബ്ബത്ത് കൊണ്ടാടിയിരുന്നത് ശനിയാഴ്ചയായിരുന്നു. ബൈബിളിൽനിന്ന് സ്ഥാപിതമാകുന്നതും അതുതന്നെയാണ്. (അതുകൊണ്ട് ശബ്ബത്തിന്റെ അർഥംതന്നെ ശനിയാഴ്ച ദിവസത്തിന്റേതായി. നിത്യേനയുള്ള ജോലികൾ ഉപേക്ഷിക്കുന്ന ദിവസം എന്നാണ് ശബ്ബത്തിന്റെ യഥാർഥത്തിലുള്ള അർഥം. ഇക്കാരണത്താൽ ബനൂഇസ്റാഈലിന്റെ ശബ്ബത്ത് ശനിയാഴ്ചയാണെന്ന് പറയാൻ കഴിയും; മുസ്‌ലിമീങ്ങളുടെ വെള്ളിയാഴ്ചയും). ക്രിസ്ത്യാനികളും ശബ്ബത്തിന്റെ പ്രാധാന്യത്തെ അംഗീകരിച്ചിരുന്നു. പക്ഷേ, അതിനു നിശ്ചയിച്ചിട്ടുള്ളത് ഞായറാഴ്ചയാണ്. അതിനു കാരണമിതാണ്, ചില യൂറോപ്യൻ ജനതകളും രാജാക്കന്മാരും ക്രൈസ്തവ മതത്തിലേക്ക് താൽപര്യം കാണിച്ചപ്പോൾ തങ്ങൾ ക്രിസ്ത്യാനിയാകുന്നതിന് ആറാം ദിവസം ഞായറാഴ്ചയായി നിശ്ചയിക്കണമെന്ന ഒരു നിബന്ധന വെച്ചു. അവരെ ക്രിസ്ത്യാനിയാക്കുക എന്ന അത്യാഗ്രഹത്തി ൽ പാതിരിമാർ അവരുടെ ഈ ക്ഷണം സ്വീകരിച്ചു. ഇപ്രകാരം ശബ്ബത്തിനെ അപമാനിക്കുന്നതിൽ ക്രിസ്ത്യാനികൾ യഹൂദികളെക്കാൾ മുന്നോട്ടുപോയി. കാരണം യഹൂദികൾ ശബ്ബത്ത് ദിവസം ഇടയ്ക്കിടെ എന്തെങ്കിലും പ്രയോജനമുള്ള ജോലികൾ ചെയ്യുമായിരുന്നു. പക്ഷേ, ക്രിസ്ത്യാനികൾ ശനിയാഴ്ചയെ എന്നെന്നേക്കുമായി ജോലിയെടുക്കേണ്ട ദിവസമായി നിശ്ചയിച്ചു. വിശ്രമദിനമായി ഞായറാഴ്ച തിരഞ്ഞെടുക്കുകയും ചെയ്തു. ദൈവകല്പനയനുസരിച്ച് അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അതൊരു ആക്ഷേപാർഹമായ കാര്യമാകുമായിരുന്നില്ല. എന്നാൽ, ദൈവകല്പനയനുസരിച്ചായിരുന്നില്ല അതുണ്ടായത്. തങ്ങളുടെ സ്വന്തം ഇഷ്ടത്താലും ഹദ്റത്ത് മസീഹ് നാസ്വിരിയുടെ നൂറ്റാണ്ടുകൾക്ക് ശേഷവുമാണ് ഇതുണ്ടായത്. ഹദ്റത്ത് മസീഹ് നാസ്വിരി സ്വയം ശബ്ബത്തിനെ ബഹുമാനിച്ചിരുന്നുവെങ്കിലും യഹൂദികളിൽ ശബ്ബത്തിനെ സംബന്ധിച്ചുണ്ടായ അതിരുകവിഞ്ഞ പ്രവൃത്തിക്ക് അദ്ദേഹം എതിരുമായിരുന്നു. അദ്ദേഹം പറയുന്നു:'മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്.'(മർക്കൊസ് 2:27). യഥാർഥമായ ആവശ്യങ്ങൾ നേരിടുകയാണെങ്കിൽ അതിൽ ശബ്ബത്തിന്റെ വിശദമായ കല്പനകളെ പ


(ശേഷം പേജ് 12ൽ)



The Weekly BADR Qadian (Malayalam)

https://www.akhbarbadrqadian.in/



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## മുഹമ്മദ് ഹുസയ്ൻ ബട്ടാലവി ഹദീഥുകളിലുള്ള വൈരുദ്ധ്യങ്ങൾ സംയോജിപ്പിച്ച് കാണിച്ചാൽ 25 രൂപ ഇനാം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ വെല്ലുവിളി ഞങ്ങൾ 'ഇസാലയെ ഔഹാം', 'അൽഹഖ് മുബാഹഥ ലുധിയാന' എന്നീ ഗ്രന്ഥങ്ങളിൽ നിന്ന് സമർപിക്കുകയാണ്. ഈ വെല്ലുവിളി യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയോടു ലുധിയാന സംവാദത്തിന്റെ ഇടയിലാണ് നടത്തിയത്. പിന്നീട് ഈ വെല്ലുവിളിയെ കുറിച്ച് അദ്ദേഹം തന്റെ 'ഇസ്‌ലായെ ഔഹാം' എന്ന ഗ്രന്ഥത്തിലും പറഞ്ഞിട്ടുണ്ട്. ആദ്യം ഞങ്ങൾ ഇതിന്റെ പശ്ചാത്തലം അദ്ദേഹത്തിന്റെ ഗ്രന്ഥമായ 'അൽഹഖ് മുബാഹഥ ലുധിയാന'യുടെ അടിസ്ഥാനത്തിൽ അവതരിപ്പിക്കുകയാണ്.

ലുധിയാന സംവാദം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയും തമ്മിൽ ലുധിയാനയിൽ 1891 ജൂലൈ 20 മുതൽ 31 വരെയാണ് നടന്നത്. 12 ദിവസം ഇതു നീണ്ടുനിന്നു. ഈ സംവാദത്തിന്റെ യഥാർഥ വിഷയം 'ഈസാ നബിയുടെ വഫാത്ത്' എന്നതായിരുന്നു. പക്ഷേ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബ് അവസാനശ്വാസംവരെ യഥാർഥ വിഷയത്തിലേക്ക് തിരിഞ്ഞില്ല. ഹദ്റത്ത് ഈസാ(അ)ന്റെ മരണവും ജീവിതവും സംബന്ധിച്ച് തനിക്ക് വാദം നടത്താൻ കഴിയില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. കാരണം ഈ സംവാദത്തിൽ വിശുദ്ധഖുർആന്റെ ആയത്തിനു മുമ്പിൽ ഒരു മിനിറ്റുപോലും പിടിച്ചുനില്ക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം സംവാദങ്ങൾ മുഴുവനും ബുഖാരിയുടേയും മുസ്‌ലിമിന്റേയും ഹദീഥുകളുടെ സ്ഥാനത്തിലും പവിയിലും കിടന്നുമറിയുകയുമായിരുന്നു. ഉദാഹരണത്തിന് രണ്ടാമത്തെ എഴുത്തിൽ അദ്ദേഹം മസീഹ് മൗഊദ്(അ)നോടു ചോദിച്ചു, നിവേദനങ്ങളുടെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ബുഖാരിയിലേയും മുസ്‌ലിമിലേയും ഹദീഥുകൾ നിബന്ധനയൊന്നും കൂടാതെ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് വിശ്വാസമുണ്ടോ? അല്ലെങ്കിൽ അവയിൽ അതനുസരിച്ച് പ്രവർത്തിക്കാൻ അനുവാദമില്ലാത്തതും വിശ്വസിക്കാൻ പറ്റാത്തതുമായ ഹദീഥുകളുമുണ്ടോ?

ഇതിനുള്ള മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: കിതാബിന്റേയും സുന്നത്തിന്റേയും ശരീഅത്ത്, തെളിവുകൾ ആകുന്നതിന് എന്റെ മതം ഇതാണ്. കിതാബുല്ലാഹ് പ്രഥമവും ഇമാമുമാകുന്നു. വിശുദ്ധഖുർആന് വിരുദ്ധമായി ഏതെങ്കിലും ഹദീഥു കണ്ടാൽ ഒരുവിധത്തിലും നമുക്ക് അതിനെ വ്യാഖ്യാനിച്ച് ശരിയാക്കാൻ സാധിക്കുകയില്ല. അത്തരം മൗളൂഅ്(കല്പിതം)ആയ ഹദീഥിനെ (അതായത് കളവുണ്ടാക്കി പ്പറയുന്ന ആൾ നിവേദനം ചെയ്തതും വിശ്വാസ്യതയിൽ ഏറ്റവും താണ പടിയിലുള്ളതുമായ ഹദീഥിനെ) ഒരു മുഅ്മിൻ ഹദീഥുകളുടെ നിവേദനപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആനിന്റെ തെളിവുകൾക്ക് തുല്യമാണെന്ന് വിശ്വസിക്കുന്നതെങ്ങനെ? കാരണം അല്ലാഹു പറയുന്നു, ഫബിഅയ്യി ഹദീഥിൻ ബഅ്ദല്ലാഹി വ ആയാത്തിഹീ യുഅ്മിനൂൻ നിങ്ങൾ അല്ലാഹുവിനുശേഷവും അവന്റെ ആയാത്തുകൾക്കുശേഷവും ഏതു ഹദീഥിലാണ് വിശ്വസിക്കുക.(45:7) (അൽഹഖ് മുബാഹഥ ലുധിയാന, റൂഹാനീ ഖസാഇൻ, വാള്യം 4, പേജ് 11)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധഖുർആനിന്റെ അടിസ്ഥാനത്തിൽ വിശ്വസിക്കുന്നതുപോലെ നിവേദനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഹദീഥിനും അതേ നിലയും സ്ഥാനവും നല്കുക എന്നത് ഒരിക്കലും നമ്മുടെ മതമല്ല...... ഹദീഥുകളിൽ സംഭവിക്കുന്ന വൈരുദ്ധ്യങ്ങൾതന്നെ വ്യക്തമായും വിളിച്ചോതുന്നത് അത് മാറ്റത്തിരുത്തലുകളിൽനിന്ന് മുക്തമല്ലെന്നാണ്. അപ്പോൾ പിന്നെ ഒരു മുഅ്മിൻ നിവേദനപരമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള ഹദീഥുകൾ, വിശുദ്ധ ഖുർആനിന്റെ തെളിവുകൾക്ക് തുല്യമാണെന്ന് വിശ്വസിക്കുന്നതെങ്ങനെ? താങ്കൾക്കോ മറ്റാർക്കെങ്കിലുമോ തെളിവിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആനിന്റെ നിലതന്നെയാണ് ഹദീഥുകൾക്കുമുള്ളതെന്ന് തെളിയിക്കാൻ കഴിയുമോ?ഹദീഥുകൾ അതിന്റെ നിവേദനപരമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഉന്നത നിലയിൽനിന്ന് വീണതാണെന്ന് താങ്കൾ സ്വയം അംഗീകരിക്കുമ്പോൾ വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്നതുപോലെതന്നെ അതിലും വിശ്വസിക്കണമെന്ന് സമ്മർദം ചെലുത്തുന്നതെന്തിനാണ്?'(Ibid 14–15)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ വ്യക്തവും പ്രകടവുമായ വാക്കുകളിൽ വിശുദ്ധഖുർആനേയും ഹദീഥിനേയും സംബന്ധിച്ച് തന്റെ അഭിപ്രായം വിവരിച്ചിരിക്കുന്നു. പക്ഷേ, മൗലവി സാഹിബ് യഥാർഥ വിഷയത്തിലേക്ക് വരാനാഗ്രഹിക്കാത്തതുകൊണ്ട് അതും ഇതും പറഞ്ഞ് സമയം ചെലവഴിച്ചുകൊണ്ടിരുന്നു. അദ്ദേഹം അടുത്ത എഴുത്തിലും 'താങ്കൾ വലിച്ചുനീട്ടി പറഞ്ഞതല്ലാതെ എന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നല്കിയില്ല' എന്ന് ആവർത്തിച്ചു. അതിന്റെ അടുത്ത എഴുത്തിലും 'ഞാൻ ഖേദിക്കുന്നു, താങ്കൾ പിന്നേയും എന്റെ ചോദ്യത്തിന് വ്യക്തമായ മറുപടി നല്കിയില്ല' എന്നെഴുതി. അപ്പോൾ ആ ദിനങ്ങളിൽ സംവാദത്തിന്റെ റിപ്പോർട്ട് 'അൽഹഖിൽ' പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയായിരുന്ന ഹദ്റത്ത് മൗലാന അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ)ക്ക് ഇങ്ങനെ എഴുതേണ്ടിവന്നു: 'മൗലവി സാഹിബേ! താങ്കളുടെ ഈ രീതി എവിടെയെങ്കിലും പൊട്ടിമാറുമോ? വിദ്വേഷത്തിന്റേയും ശത്രുതയുടേയും ജ്വരത്തിൽനിന്ന് ബുദ്ധിയെ അല്പം കാലിയാക്കുക. എന്നാൽ, താങ്കൾക്ക് വ്യക്തവും മതിയായതുമായ മറുപടി നല്കപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാകുന്നതായിരിക്കും.'(Ibid പേജ് 24). മൗലവി മുഹമ്മദ് ഹുസയ്ന്റെ കൃത്രിമമായ ഖേദത്തെക്കുറിച്ച് അവിടുന്നെഴുതി: 'താങ്കളുടെ ഈ ഖേദം ഒരിക്കലും അവസാനിക്കുകയില്ല; മരണം (സംവാദത്തിന്റെ അവസാനം)വരെ ഈ ഖേദത്തിൽനിന്ന് മോചനം നേടാൻ ഭാഗ്യമുണ്ടാകുകയുമില്ല. കാത്തിരിക്കുക.' (Ibid പേജ് 31)

മുകളിൽ ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉന്നതമായ നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. അതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖുർആനിന്റേയും ഹദീഥുകളുടേയും സ്ഥാനവും പദവിയും തികച്ചും വ്യക്തമാണ്. വിശുദ്ധഖുർആൻ ഇമാമാണ്. ഹദീഥുകൾക്ക് നിലവാരവും ഉരകല്ലുമുണ്ട്. വിശുദ്ധഖുർആൻ സ്വയം അതിന്റെ ഇതേ സ്ഥാനവും പദവിയും വിവരിച്ചു; പ്രത്യേകിച്ചും ഹദീഥുകളിൽ നമ്മൾ ഒരുപാട് വൈരുദ്ധ്യങ്ങൾ കാണുമ്പോൾ! ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഉദാഹരണം നല്കിക്കൊണ്ട് പറഞ്ഞു:

'വാഗ്ദാനം ചെയ്യപ്പെട്ട ദജ്ജാലിനെ സംബന്ധിച്ചുള്ള ഇബ്നു സ്വിയാദിന്റെ ഹദീഥുകളുണ്ട്. ആ ഹദീഥുകൾ ക്രിസ്തീയപള്ളിക്കാരനായ ദജ്ജാലിനെ സംബന്ധിച്ചുള്ള ഹദീഥുകൾക്ക് വ്യക്തവും പ്രകടവുമായ നിലയിൽ വൈരുദ്ധ്യമുള്ളതാണ്. അവയുടെ നിവേദകൻ തമീംദാരിയാണ്. നമ്മൾ ഇതിൽ ഏതു ഹദീഥുകളാണ് ശരിയെന്ന് മനസ്സിലാക്കേണ്ടത്? രണ്ടും ഹദ്റത്ത് മുസ്‌ലിം സാഹിബിന്റെ സ്വഹീഹിലുള്ളതുമാണ്.'(Ibid പേജ് 16)

ബുഖാരിയിലും മുസ്‌ലിമിലുമുള്ള ഹദീഥുകളിൽ വന്നിട്ടുള്ള വൈരുദ്ധ്യങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ ഇസാലയെ ഔഹാമിൽ മാതൃക എന്ന നിലയിൽ ഒരുപാട് ഉദാഹരണങ്ങൾ എഴുതിയിട്ടുണ്ട്. അതിനുശേഷം അവിടന്ന് പറഞ്ഞു: 'യഥാർഥത്തിൽ ഏതെങ്കിലും ഹദീഥ് വിശുദ്ധഖുർആന് വിരുദ്ധവും എതിരുമാണെങ്കിൽ അത് വ്യാഖ്യാനാർഹമാണ്; ഖുർആനല്ല. വിശുദ്ധഖുർആന്റെ വാക്കുകൾ അലങ്കരിച്ച മുത്തുകൾ പോലെയാണ്. അതാതിന്റെ സ്ഥാനത്ത് അവ പതിച്ചുവെച്ചിട്ടുള്ളതാണ്. ഇപ്രകാരംതന്നെ വിശുദ്ധഖുർആന്റെ എല്ലാ ഓരോ വാക്കും എല്ലാ ഓരോ പുള്ളിയും കൈകാര്യംചെയ്യുന്നതിൽനിന്നും മനുഷ്യകൈകടത്തലിൽനിന്നും സുരക്ഷിതമാണ്. ഹദീഥുകളിലെ വാക്കുകൾ സുരക്ഷിതമല്ല. അതിലെ വാക്കുകളുടെ ഓർമക്കുറിപ്പിലും യഥാർഥ സ്ഥാനത്ത് വെക്കുന്നതിലും വിശുദ്ധഖുർആനെപോലുള്ള ഏർപ്പാടുണ്ടായിട്ടില്ല. അക്കാരണത്താൽ അവയിൽ വൈരുദ്ധ്യങ്ങളുണ്ട്. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് വൈരുദ്ധ്യമുള്ള സ്ഥലങ്ങളിൽ നിവേദകരുടെ ഓർമശക്തി കൂറുപുലർത്തിയില്ലെന്നാണ്.' (ഇസാലയെ ഔഹാം, റൂഹാനീഖസാഇൻ, വാള്യം 3, പേജ് 612)

ഹദീഥുകളുടെ വൈരുദ്ധ്യങ്ങളുടെ കാര്യത്തിൽ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എഴുതി: 'ഇമാമുൽ ഐമ' ഇബ്നു ഖുസയ്മ പറഞ്ഞിരിക്കുന്നു: ലാ അഅ്രിഫു അന്നഹു റുവിയ അനിന്നബിയ്യി സ്വല്ലല്ലാഹു അലയ്ഹിവസല്ലമ ഹദീഥാനി ബി ഇസ്നാദയ്നി സ്വഹീഹയ്നി മുത്തളാദയ്നി ഫമൻ കാന യിൽദഹൂ ഫൽയഅ്ത്തീനീ ബിഹീ ലിഉവല്ലിഫ ബയ്നഹുമാ അതായത് ഇമാമുൽ ഐമ ഇബ്നു ഖുസയ്മ പറഞ്ഞിരിക്കുന്നു. നബി(സ)തിരുമേനിയിൽനിന്ന് സ്വഹീഹായ സനദോടുകൂടി നിവേദനം ചെയ്യപ്പെട്ടിരിക്കുന്ന രണ്ടു ഹദീഥുകളെ ഞാൻ തിരിച്ചറിയുകയില്ല; പിന്നീട് വൈരുദ്ധ്യമായതും. ആരുടെയെങ്കിലും കൈയിൽ അത്തരം ഹദീഥുകളുണ്ടെങ്കിൽ എന്റെയടുത്തു കൊണ്ടുവരിക.

(ശേഷം പേജ് 9ൽ)

## ഖുത്ബ ജുമുഅ

നിങ്ങൾ ബിലാലിന്റെ ബാങ്കുകേട്ട് ചിരിക്കുന്നു. വാസ്തവത്തിൽ അദ്ദേഹം ബാങ്കുവിളിക്കുമ്പോൾ അല്ലാഹു അർശിൽ സന്തോഷിക്കുകയാണ്.

നബി(സ)തിരുമേനി പറഞ്ഞു:ബിലാൽ എത്ര നല്ല മനുഷ്യനാണ്. അദ്ദേഹം എല്ലാ ബാങ്കുവിളിക്കാരുടേയും നേതാവാണ്. അദ്ദേഹത്തെ പിൻപറ്റുന്നവർ ബാങ്കുവിളിക്കുന്നവരായിരിക്കും. പുനരുത്ഥാനനാളിൽ ഏറ്റവും കഴുത്തു നീണ്ടവർ ബാങ്കുവിളിക്കുന്നവരായിരിക്കും.

നബി(സ)തിരുമേനി പറഞ്ഞു: മൂന്നു ആളുകളെ കാണുന്നതിന് സ്വർഗം അതിയായി മോഹിക്കുന്നു;
**അലി(റ), അമ്മാർ(റ), ബിലാൽ(റ)**

നബി(സ)തിരുമേനി പറഞ്ഞു:'എന്നെ സ്വർഗത്തിലേക്ക് രാത്രി കൊണ്ടുപോയപ്പോൾ ഞാൻ കാൽപെരുമാറ്റം കേട്ടു. ഞാൻ ചോദിച്ചു: ജിബ്രീലേ! ഈ കാലൊച്ച ആരുടേതാണ്? ജിബ്രീൽ പറഞ്ഞു: 'അത് ബിലാലിന്റേതാണ്.'

നബി(സ)തിരുമേനി പറഞ്ഞു: ബിലാൽ എത്ര നല്ല മനുഷ്യനാണ്;
അദ്ദേഹം ശുഹദാഇന്റേയും മുഅദ്ദിന്മാരുടേയും നേതാവാണ്.

ഒരു കാലത്ത് നിന്ദ്യനായി മനസ്സിലാക്കി കല്ലുകളുടെ മുകളിലൂടെ വലിച്ചുകൊണ്ടുപോകപ്പെട്ട ബിലാലിന്റെ പദവി എത്രയോ ഉന്നതമാണ്. താൻ ബിലാലായിരുന്നുവെങ്കിലെന്ന് ഹദ്റത്ത് അബൂബക്ർ(റ) ആശിച്ചുപോയി.

നബി(സ)തിരുമേനി പറഞ്ഞു: ബിലാൽ എത്ര നല്ല മനുഷ്യനാണ്;
അദ്ദേഹം ശുഹദാഇന്റേയും മുഅദ്ദിന്മാരുടേയും നേതാവാണ്.

നബി(സ)തിരുമേനി പറഞ്ഞു:ബിലാലിന്റെ ഉദാഹരണം തേനീച്ചയുടേതാണ്. അവ മധുരമു ള്ള ഫലങ്ങളിൽനിന്നും കയ്പുള്ള ചെടികളിൽനിന്നും നീര് വലിച്ചെടുക്കുന്നു. എന്നാൽ, അത് തേനാകുമ്പോൾ മുഴുവനും മധുരമുള്ളതായിത്തീരുന്നു.

ഇതായിരുന്നു സയ്യിദുനാ ബിലാൽ. അദ്ദേഹം തന്റെ യജമാനരെ സ്നേഹിക്കുന്നയാളും അല്ലാഹുവിന്റെ തൗഹീദിനെ തന്റെ മനസ്സിൽ കുടിയിരുത്തിയയാളും പിന്നീട് അതിനെ എങ്ങനെ കർമപരമായ നിലയിൽ പ്രകടിപ്പിച്ചുവെന്നാൽ അത് നമുക്ക് സംശുദ്ധമായ മാതൃകയാണ്.

**റസൂലിന്റെ ബാങ്കുവിളിക്കാരനായ സാബിഖുൽഹബ്ശ സ്വർഗവാസികളിൽപ്പെട്ട ഉന്നതസ്ഥാനീയനായ ബദ്രീ സ്വഹാബി ഹദ്റത്ത് ബിലാൽ ബിൻ റവാഹ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

ജനാബ് ത്വയ്യിബ് യഅ്ഖൂബ് സാഹിബിന്റെ മകനും മുബല്ലിഗുമായ മൗലാന ത്വലിബ് യഅ്ഖൂബ് സാഹിബ്, മുൻ വക്കീലുൽമാൽ ഥാലിഥും മജ്ലിസ് തഹ്രീക്കെ ജദീദ് നാഇബ് സ്വദ്റുമായിരുന്ന ജനാബ് എഞ്ചിനീയർ ഇഫ്തിഖാർ ഖുറയ്ശി സാഹിബ്, മൗലവി ഹക്കീം ഖുർശിദ് അഹ്മദ് സാഹിബിന്റെ ഭാര്യ റളിയസുൽത്ത്വാന സാഹിബ, മുഹമ്മദ് മൻസൂർ അഹ്മദ് സാഹിബിന്റെ മകൻ ജനാബ് മുഹമ്മദ് ത്വാഹിർ സാഹിബ് ഖാദിയാൻ, ഘാനയിലെ ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യ അധ്യാപകനായ മിർസാ ഖലീൽ അഹ്മദ് സാഹിബിന്റെ മകൻ അഖീൽ അഹ്മദ് തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2020 സെപ്റ്റംബർ 25/1399 തബൂക് 25**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ- اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് ബിലാൽ(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടന്നു വരുന്നത്. ഇതു സംബന്ധിച്ച ഒരു നിവേദനത്തിൽ അബ്ദുല്ലാഹ് ബിൻ ബുറയ്ദ(റ) തന്റെ പിതാവിൽനിന്ന് നിവേദനം. 'ഒരു ദിവസം രാവിലെ നബി(സ)തിരുമേനി, ഹദ്റത്ത് ബിലാലിനെ വിളിച്ചു ചോദിച്ചു: 'ബിലാലേ! താങ്കൾ എന്ത് കാരണത്താലാണ് സ്വർഗത്തിൽ എനിക്കുമുമ്പേ നടക്കുന്നത്? ഞാൻ ഇന്നലെ വൈകുന്നേരം സ്വർഗത്തിൽ പ്രവേശിച്ചപ്പോൾ, ഞാൻ എനിക്ക് മുമ്പേ അവിടെ താങ്കളുടെ കാലൊച്ച കേൾക്കുകയുണ്ടായി.' ഹദ്റത്ത് ബിലാൽ പറഞ്ഞു: 'ഞാൻ ബാങ്ക് കൊടുക്കുമ്പോഴെല്ലാം രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കുമായിരുന്നു. എന്റെ വുളു മുറിയുമ്പോഴെല്ലാം ഞാൻ വുളു എടുക്കുമായിരുന്നു. അല്ലാഹുവിൽനിന്ന്, രണ്ട് റക്അത്ത് നഫ്ൽ നമസ്കരിക്കുന്നത് എനിക്ക് നിർബന്ധമാക്കിയെന്നാണ് ഞാൻ മനസിലാക്കുന്നത്.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: എന്നാൽ, അതു തന്നെയായിരിക്കും കാരണം.'(സുനനുത്തിർമുദി, അബ് വാബുൽ മനാഖിബ്, ഹദീഥ് 3689)

മറ്റൊരു നിവേദനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി, ഹദ്റത്ത് ബിലാലിനോട് സുബ്ഹി നമസ്കാര സമയത്ത്, പറഞ്ഞു: 'താങ്കൾ ഇസ്‌ലാമിൽ, ഏറ്റവും പ്രതീക്ഷാനിർഭരമായ എന്ത് കർമമാണ് ചെയ്തിട്ടുള്ളത്? കാരണം ഞാൻ സ്വർഗത്തിൽ എനിക്കുമുമ്പേ, താങ്കളുടെ കാലൊച്ച കേൾക്കുകയുണ്ടായി.' ഹദ്റത്ത് ബിലാൽ പറഞ്ഞു: 'ഞാൻ രാത്രിയാണെങ്കിലും പകലാണെങ്കിലും എപ്പോൾ വുളുചെയ്താലും എന്നെക്കൊണ്ട് സാധ്യമാകുന്നത്ര നഫ്ൽ നമസ്കരിച്ചിട്ടുണ്ട്. എന്റെ വീക്ഷണത്തിൽ ഇതിലധികം പ്രതീക്ഷാനിർഭരമായ ഒരു കർമവും ഞാൻ ചെയ്തിട്ടില്ല.' ഇത് ബുഖാരിയിലെ നിവേദനമാകുന്നു.(സ്വഹീഹ് ബുഖാരി, കിതാബുത്തഹജ്ജുദ്, ഹദീഥ് 1149)

ഇതിന്റെ അർഥം അദ്ദേഹം, നബി(സ)തിരുമേനിയെക്കാളും ഉന്നതനാണെന്നല്ല. മറിച്ച് പരിശുദ്ധിയും ഗോപ്യമായ ഇബാദത്തുകളും കാരണം, അല്ലാഹു ഈ ലോകത്ത് എന്നതുപോലെ സ്വർഗത്തിലും നബി(സ)തിരുമേനിയുടെ സാമിപ്യം എന്ന സ്ഥാനം നൽകിയിരിക്കുന്നു. നേരത്തെ ഒരു നിവേദനത്തിലും ഇത് പരാമർശിച്ചിട്ടുണ്ടായിരുന്നു. പെരുന്നാൾ ദിവസം ഹദ്റത്ത് ബിലാൽ, കുന്തം പിടിച്ച് നബി(സ)തിരുമേനിയുടെ മുന്നിൽ നടക്കുമായിരുന്നു. പിന്നെ ഖിബ്‌ലക്ക് അഭിമുഖമായി അത് നാട്ടിവെച്ചിരുന്നു. നബി(സ)തിരുമേനി അവിടെയാണ് പെരുന്നാൾ നമസ്കരിപ്പിച്ചിരുന്നത്. ഏതായാലും ഇത് അദ്ദേഹത്തിനുള്ള ബഹുമതിയായിരുന്നു. അദ്ദേഹത്തിന്റെ പരിശുദ്ധിയും ഇബാദത്തും കാരണം അത് അല്ലാഹു സ്വർഗത്തിലും നിലനിറുത്തുകയുണ്ടായി. നബി(സ)തിരുമേനി, ഒരു ദർശനത്തിൽ അദ്ദേഹത്തെ തന്നോടൊപ്പം കാണുകയുണ്ടായി.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: 'എന്നെ രാത്രിയിൽ സ്വർഗത്തിലേക്ക് കൊണ്ടുപോയപ്പോൾ, ഞാൻ കാലൊച്ച കേൾക്കുകയുണ്ടായി. ഞാൻ ചോദിച്ചു, ജിബ്രീലേ! ഈ കാലൊച്ച എന്താണ്? ജിബ്രീൽ പറഞ്ഞു: 'അത് ബിലാൽ ആകുന്നു.' ഹദ്റത്ത് അബൂബക്ർ(റ) പറയുന്നു: 'ഞാൻ ബിലാലിന്റെ മാതാവിന്റെ ഉദരത്തിൽ ജനിച്ചിരുന്നെങ്കിൽ ഹാ എത്ര നന്നായിരുന്നു! ബിലാലിന്റെ പിതാവ് എന്റെ പിതാവാകുകയും ഞാൻ ബിലാലിനെപോലെ ആകുകയും ചെയ്തിരുന്നുവെങ്കിൽ ഹാ എത്ര നന്നായേനേ!'(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്, വാല്യം 9,പേജ് 363, കിതാബുൽ മനാഖിബ് ഹദീഥ് 15635). ഒരു കാലത്ത് നിന്ദ്യനായി മനസ്സിലാക്കി കല്ലുകളുടെ മുകളിലൂടെ വലിച്ചുകൊ

ണ്ടുപോകപ്പെട്ട ബിലാലിന്റെ പദവി എത്രയോ ഉന്നതമാണ്. താൻ ബിലാലായിരുന്നുവെങ്കിലെന്ന് ഹദ്റത്ത് അബൂബക്ർ(റ) ആശിച്ചുപോയി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ആദ്യകാല സ്വഹാബാക്കളെ പരാമർശിച്ചു കൊണ്ട് ഒരിടത്ത് പറയുന്നു; ബിലാൽ ബിൻ റബാഹ്, ഉമയ്യ് ബിൻ ഖലഫിന്റെ നീഗ്രോ അടിമയായിരുന്നു. ഹിജ്റത്തിനുശേഷം മദീനയിൽ ബാങ്ക് കൊടുക്കുന്ന ജോലി ഇദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയ്ക്കു ശേഷം, അദ്ദേഹം ബാങ്ക് കൊടുക്കുന്നത് ഉപേക്ഷിച്ചിരുന്നു. പക്ഷേ, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ശാം, ജയിച്ചടക്കിയപ്പോൾ, ഒരിക്കൽ ഹദ്റത്ത് ഉമറിന്റെ നിർബന്ധത്തിനുവഴങ്ങി അദ്ദേഹം വീണ്ടും ബാങ്ക് കൊടുത്തിരുന്നു. അപ്പോൾ എല്ലാവർക്കും നബി(സ)തിരുമേനിയുടെ കാലഘട്ടം ഓർമവന്നു. അപ്പോൾ അവിടെ ഉണ്ടായിരുന്ന ഹദ്റത്ത് ഉമറും മറ്റു സ്വഹാബാക്കളും കരഞ്ഞുപോയി. എത്രത്തോളമെന്നാൽ അവർ നിരുദ്ധകണ്ഠരായി. ഹദ്റത്ത് ഉമറിന്, ഹദ്റത്ത് ബിലാലിനോട് ഏറെ സ്നേഹമുണ്ടായിരുന്നു. അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ(റ) പറഞ്ഞു, 'ഇന്ന് മുസ്‌ലിമീങ്ങളുടെ നേതാവ് ദിവംഗതനായിരിക്കുന്നു.' ഒരു പാവപ്പെട്ട നീഗ്രോ അടിമയെ കുറിച്ച് അന്നത്തെ രാജാവിന്റെ വാക്കുകളായിരുന്നു അത്.'(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 124–125)

ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ, അഹ്മദി സ്ത്രീകളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, വിശുദ്ധ ഖുർആനിൽ *അൽമാലു വൽബനൂന സീനത്തുൽഹയാത്തിദ്ദുൻയാ വൽബാഖിയാത്തുസ്സ്വാലിഹാത്തു ഖയ്റുൻ യിൻദ റബ്ബിക്ക ഥവാബൻ വ്വഖയ്റുൻ അമലാ* (18:47) എന്ന് വിവരിച്ചിട്ടുണ്ട്. ഇതിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് ബിലാലിനെ പരാമർശിച്ചുകൊണ്ട് പറയുന്നു, ബാക്കിയാകുന്നത് ഒരേയൊരു കാര്യം മാത്രമാകുന്നു. അത് ബാക്കിയാത്തുസ്സ്വാലിഹാത്ത് (അവശേഷിക്കുന്ന നന്മകൾ) ആകുന്നു. അല്ലാഹുവിനുവേണ്ടി നിങ്ങൾ സൽകർമങ്ങൾ ചെയ്താൽ അത് ബാക്കിയാകും.' തുടർന്ന് പറയുന്നു: 'ഇന്ന് അബൂഹുറയ്റ(റ)യുടെ സന്താനങ്ങൾ എവിടെ? വീടെവിടെയാണ്? സ്വത്തോ മക്കളോ ഇല്ല. മക്കൾ (ഇപ്പോൾ) ഉണ്ടോ ഇല്ലയോ എന്നുപോലും നമുക്ക് അറിവില്ല. നമ്മൾ, അദ്ദേഹത്തിന്റെ മക്കളേയോ, വീടോ, സ്വത്തോ ഒന്നും കണ്ടിട്ടില്ല. എന്നാൽ, അദ്ദേഹത്തിന്റെ പേര് പറയുമ്പോൾ നമ്മൾ ഹദ്റത്ത് അബൂഹുറയ്റ റളിയല്ലാഹു അൻഹു എന്ന് പറയുന്നു.' അദ്ദേഹം തുടർന്ന് പറയുന്നു: 'കുറച്ച് ദിവസം മുമ്പേ ഒരു അറബി വന്നിരുന്നു. അദ്ദേഹം പറഞ്ഞു; ഞാൻ ബിലാലിന്റെ സന്തതികളിൽപെട്ട ആളാകുന്നു. അദ്ദേഹം സത്യമാണോ കളവാണോ പറഞ്ഞതെന്ന് അറിയില്ല. പക്ഷേ, എന്റെ ഹൃദയം, ആസമയത്ത് അദ്ദേഹത്തെ വാരിപ്പുണരാൻ ആഗ്രഹിക്കുകയായിരുന്നു. കാരണം ഇദ്ദേഹം നബി(സ)തിരുമേനിയുടെ മസ്ജിദിൽ ബാങ്ക് കൊടുത്തിരുന്ന ആളുടെ സന്തതികളിൽ പെട്ട ആളാണല്ലോ! ഇന്ന് ബിലാലിന്റെ മക്കൾ എവിടെ? മക്കൾ ഇന്ന് ഉണ്ടോ ഇല്ലയോ എന്ന് പോലും നമുക്ക് അറിവില്ല. ഉണ്ടെങ്കിൽ എവിടെയാണ്? അദ്ദേഹത്തിന്റെ വീട് എവിടെയാണ്? സ്വത്തുക്കളും ഇല്ല. അദ്ദേഹത്തിന്റെ സ്വത്തുക്കൾ എവിടെയാണെന്ന് നമുക്ക് കാണാൻ കഴിയുന്നില്ല. എന്നാൽ അദ്ദേഹം, മുഹമ്മദ് നബി(സ)തിരുമേനിയുടെ മസ്ജിദിൽ കൊടുത്തിരുന്ന, ആ ബാങ്ക് ഇപ്പോഴും ബാക്കിനില്ക്കുന്നു! അത് ബാക്കിയായി നിലനില്ക്കുന്നതുമാണ്.'(മസ്ത്തൂരാത് സേഖിത്വാബ്, അൻവാറുൽ ഉലൂം, വാള്യം 16,പേജ് 457–458) ഈ നന്മകളാണ് ബാക്കിയാകുന്ന നന്മകൾ.

ഹദ്റത്ത് ബിലാലിൽ നിന്ന് 44 ഹദീഥുകൾ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. സ്വഹീഹയ്ൻ (അതായത് ബുഖാരിയിലും മുസ്‌ലിമിലും)4 നിവേദനങ്ങൾ വന്നിട്ടുണ്ട്. (സയ്ർ അഅ്ലാമുന്നുബ്ലാഇ ലിൽ ഇമാമിദ്ദഹ്ബി, വാള്യം 1, പേജ് 360, ബിലാൽ ബിൻ റബാഹ്, മുഅസ്സസുർരിസാല 2014)

ഒരു നിവേദനത്തിൽ നബി(സ)തിരുമേനി പറയുന്നു, അലി(റ), അമ്മാർ(റ), ബിലാൽ(റ), എന്നീ മൂന്ന് ആളുകളെ കാണാൻ സ്വർഗം ഏറെ കൊതിക്കുന്നു.(സയ്ർ അഅ്ലാമുന്നുബ്ലാഇ ലിൽ ഇമാമിദ്ദഹ്ബി, വാള്യം 1, പേജ് 355, ബിലാൽ ബിൻ റബാഹ്, മുഅസ്സസുർരിസാല 2014)

ഒരിക്കൽ ഹദ്റത്ത് ഉമർ(റ),ഹദ്റത്ത് അബൂബക്റിന്റെ ശ്രേഷ്ഠതകൾ വിവരിക്കുകയായിരുന്നു. അദ്ദേഹം അബൂബക്റിന്റെ മഹത്ത്വം വിവരിച്ചു. ഹദ്റത്ത് ബിലാലിനെ ചൂണ്ടി ക്കൊണ്ട് പറഞ്ഞു, 'ഈ ബിലാൽ ഉണ്ടല്ലോ, അദ്ദേഹം നമ്മുടെ നേതാവാകുന്നു.' ഹദ്റത്ത് അബൂബക്റിന്റെ മഹത്ത്വമാണ് വിവരിക്കുന്നത്. അവിടെ ബിലാലും ഇരിക്കുന്നുണ്ടായിരുന്നു. ആ മഹാത്മാവ്, അദ്ദേഹത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു, ഈ ബിലാൽ ഉണ്ടല്ലോ? നമ്മുടെ നേതാവാകുന്നു. ഇദ്ദേഹം ഹദ്റത്ത് അബൂബക്റിന്റെ സുകൃതങ്ങളിൽ ഒരു സുകൃതമാകുന്നു.(താരീഖ് ദിമശഖുൽകബീർ ലിഇബ്നി അസാക്കിർ, വാള്യം 10, പേജ് 363, ബിലാൽ ബിൻ റബാഹ്, ദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 2001) കാരണം ഹദ്റത്ത് അബൂബക്റാണ് വിലകൊടുത്ത് ഹദ്റത്ത് ബിലാലിനെ അടിമത്വത്തിൽനിന്ന് മോചിപ്പിച്ചത്.

ആയിദ് ബിൻ അംറ് നിവേദനം. ഹദ്റത്ത് സ്വുഹയ്ബ്, ഹദ്റത്ത് ബിലാൽ എന്നിവരോടൊപ്പം ഹദ്റത്ത് സൽമാൻ ഒരു ആൾക്കൂട്ടത്തിൽ നിൽക്കുകയായിരുന്നു. ഹദ്റത്ത് അബൂസുഫ്യാൻ വന്നു. അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവാണ! അല്ലാഹുവിന്റെ വാളുകൾ, അല്ലാഹുവിന്റെ ശത്രുക്കളുടെ കഴുത്തിനുമേൽ കൊണ്ടിട്ടില്ല!' നിവേദകൻ പറയുന്നു. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'നിങ്ങൾ ഖുറയ്ശികളിലെ ബഹുമാന്യനും നേതാവുമായ ഒരാളെ പറ്റി ഇങ്ങനെ പറയുകയാണോ?' ഹദ്റത്ത് അബൂബക്ർ, നബി(സ) തിരുമേനിയുടെ തിരുസവിധത്തിൽ ഹാജരായി. ശരിയായ രീതിയിൽ നമ്മൾ പകരം ചെയ്തില്ല എന്ന് അവർ പറയുന്നത് കേട്ടപ്പോൾ, അദ്ദേഹത്തിന് അത് നന്നായി തോന്നിയില്ല. അദ്ദേഹം ചോദിച്ചു: 'നിങ്ങൾ ഖുറയ്ശികളുടെ നേതാവിനെ പറ്റി ഇങ്ങനെ പറയുകയാണോ?' അതേ തുടർന്ന് അദ്ദേഹം, നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി. നബി(സ)തിരുമേനിയോട് ഇക്കാര്യങ്ങൾ പറഞ്ഞു, അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അബൂബക്റേ! നിങ്ങൾ ഇവരെ ദേഷ്യം പിടിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഇവരെ ദേഷ്യം പിടിപ്പിച്ചതാണെങ്കിൽ, തീർച്ചയായും നിങ്ങൾ നിങ്ങളുടെ റബ്ബിനെ ദേഷ്യം പിടിപ്പിച്ചിരിക്കുന്നു.' അപ്പോൾ ഹദ്റത്ത് അബൂബക്ർ അവരുടെ അടുക്കലെത്തി പറഞ്ഞു: 'പ്രിയ സഹോദരന്മാരേ! ഞാൻ നിങ്ങളെ ദേഷ്യപ്പെടുത്തിയിരിക്കുന്നു.' ഹദ്റത്ത് അബൂബക്ർ ഇക്കാര്യം നബി(സ)തിരുമേനിയുടെയടുക്കൽ എത്തിച്ചത് നബി(സ)തിരുമേനി അവരെ ഗുണദോഷിക്കണമെന്ന് കരുതിയായിരുന്നു. എന്നാൽ, തിരിച്ച് നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ അവരെ ദേഷ്യപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് അബൂബക്റിന്റെ മഹത്ത്വവും നോക്കുക. അദ്ദേഹം ഉടൻ തന്നെ അവരുടെ അടുക്കൽ തിരിച്ചെത്തി. അതായത് ആ പാവപ്പെട്ട ആളുകളുടെ അടുക്കലെത്തി അവരോട് പറഞ്ഞു: പ്രിയ സഹോദന്മാരേ! ഞാൻ നിങ്ങളെ ദേഷ്യപ്പെടുത്തിയിരിക്കുന്നു. അവർ പറഞ്ഞു, ഇല്ല! ഇല്ല! സഹോദരാ! അല്ലാഹു താങ്കൾക്ക് പൊറുത്തുതരട്ടെ, താങ്കൾ ഞങ്ങളെ ദേഷ്യപ്പെടുത്തിയ ഒരു കാര്യവും ഉണ്ടായിട്ടില്ല.'(സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ ഹദീഥ് 2504)

ഹദ്റത്ത് അബൂമൂസ(റ) നിവേദനം. അദ്ദേഹം പറയുന്നു:'ഞാൻ നബി(സ)തിരുമേനിയുടെ അടുക്കലായിരുന്നു. നബി(സ)തിരുമേനി ആ സമയത്ത് മക്കയ്ക്കും മദീനക്കുമിടയിലുള്ള 'ജിയിർറാന' എന്ന സ്ഥലത്തായിരുന്നു. ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനിയുടെ അടുക്കൽ ഉണ്ടായിരുന്നു. ഒരു അനറബി വ്യക്തി, നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'മുഹമ്മദേ(സ)! താങ്കൾ എന്നോടു ചെയ്ത വാഗ്ദാനം പാലിക്കുകയില്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾക്ക് സുവാർത്തയായിരിക്കട്ടെ!' അപ്പോൾ ആ അനറബി പറഞ്ഞു: 'അബ്ശർ!' എന്ത് സുവാർത്തയോ? ഇങ്ങനെ താങ്കൾ പലപ്രാവശ്യം പറഞ്ഞിരിക്കുന്നു. അപ്പോൾ നബി(സ) തിരുമേനി, ഹദ്റത്ത് അബൂമൂസയിലേക്കും ഹദ്റത്ത് ബിലാലിലേക്കും തിരിഞ്ഞു. ദേഷ്യപ്പെട്ടുകൊണ്ട് നോക്കുന്നത് പോലെ, അതായത് പിന്നെ അനറബിയിലേക്ക് നോക്കിയില്ല. അവരിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'ഇയാൾ സുവാർത്ത നിരാകരിച്ചിരിക്കുന്നു. ഞാൻ സുവാർത്ത നൽകുന്നു. ഇയാൾ സുവാർത്ത നിരാകരിക്കുന്നു. ആകയാൽ നിങ്ങൾ രണ്ടുപേരും ഈ സുവാർത്ത നിരാകരിക്കുവിൻ.' അവർ ഇരുവരും പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു.' തുടർന്ന് നബി(സ)തിരുമേനി ഒരു കോപ്പ ആവശ്യപെട്ടു. അതിൽ വെള്ളമുണ്ടായിരുന്നു. അതുകൊണ്ട് തന്റെ ഇരുകൈകളും മുഖവും കഴുകുകയും വെള്ളം കവിൾ കൊള്ളുകയും ചെയ്തു. തുടർന്നു പറയുന്നു, 'നിങ്ങൾ ഇരുവരും ഇതിൽനിന്ന് കുടിക്കുകയും നിങ്ങളുടെ മുഖത്തും നെഞ്ചത്തും ഈ വെള്ളം തളിച്ച് സന്തോഷിക്കുകയും ചെയ്യുക.' അങ്ങനെ അവർ ആ കോപ്പ വാങ്ങി, നബി(സ)തിരുമേനി കൽപ്പിച്ചതുപോലെ ചെയ്തു. അപ്പോൾ പർദക്ക് പിന്നിൽനിന്ന് ഹദ്റത്ത് ഉമ്മുസൽമാ(റ) അവരെ വിളിച്ചു പറഞ്ഞു: 'നിങ്ങളുടെ കൈയിലുള്ള പാത്രത്തിലുള്ളത് നിങ്ങളുടെ മാതാവിന്(അതായത് ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുസൽമാക്ക്) വേണ്ടിയും ബാക്കി വെക്കുവിൻ'. അങ്ങനെ അവർ അതിൽനിന്ന് കുറച്ച് ബാക്കിവെച്ചു.(സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ, അബീമൂസാ, ഹദീഥ് 2497)

ഹദ്റത്ത് അലി ബിൻ അബൂത്വാലിബ്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാ നബിമാർക്കും അല്ലാഹു ഏഴ് നേതാക്കന്മാരെ നൽകാറുണ്ട്. എനിക്ക് 14 പേരെ തന്നിരിക്കുന്നു. അതായത് ഇരട്ടി നേതാക്കന്മാരെ തന്നിരിക്കുന്നു. ഞങ്ങൾ ചോദിച്ചു: അവർ ആരെല്ലാമാണ്? ഹദ്റത്ത് അലി പറഞ്ഞു: ഞാൻ, എന്റെ രണ്ട് മക്കൾ, ജഅ്ഫർ(റ), ഹംസത്ത്(റ), അബൂബക്ർ(റ), ഉമർ(റ), മുസ്അബ് ബിൻ ഉമയ്ർ(റ), ബിലാൽ(റ), സൽമാൻ(റ), മിഖ്ദാദ്(റ), അബൂദർ(റ), അമ്മാർ(റ), അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ).(സുനനുത്തിർമുദി, അബ്വാബുൽ മനാഖിബ്, ഹദീഥ് 3785)

ഹദ്റത്ത് സയ്ദ് ബിൻ അർഖം(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ബിലാൽ എത്ര നല്ല മനുഷ്യനാണ്. അദ്ദേഹം, ബാങ്കുവിളിക്കുന്നവരുടെ നേതാവാകുന്നു. ബാങ്കുവിളിക്കുന്ന ഒരുവനു മാത്രമേ അദ്ദേഹത്തെ പിൻപറ്റാൻ കഴിയുകയുള്ളൂ. ഖിയാമത്തുന്നാളിൽ ബാങ്കുവിളിക്കുന്നവർ മാത്രമായിരിക്കും നീണ്ട കഴുത്തുള്ളവർ. (അൽ മുസ്തദർക്ക് അല സ്സ്വഹീഹയ്ൻ ലിൽഹാക്കിമി, ദിക്റു ബിലാൽ ബിൻ റബാഹ്, വാള്യം 3, പേജ് 322, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് സയ്ദ് ബിൻ അർഖം(റ)നിവേദനം. നബി(സ)തിരുമേനി പറയുന്നു: 'ബിലാൽ എത്ര നല്ല മനുഷ്യനാണ്. അദ്ദേഹം ശുഹദാക്കളുടേയും മുഅദ്ദിന്മാരുടേയും നേതാവാകുന്നു. ഖിയാമത്ത് നാളിൽ ഏറ്റവും നീളമുള്ള കഴുത്ത് ഹദ്റത്ത് ബി

ലാലിന്റേതായിരിക്കും. അതായത് അദ്ദേഹത്തിന് വലിയ ആദരണീയ സ്ഥാനം ലഭിക്കുന്നതാണ്. (മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്, വാല്യം 9,പേജ് 363, കിതാബുൽ മനാഖിബ് ഹദീഥ് 15635, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ബിലാലിന് സ്വർഗത്തിലെ ഒട്ടകങ്ങളിൽ ഒരു ഒട്ടകം നൽകപ്പെടുന്നതായിരിക്കും. അദ്ദേഹം അതിൽ സവാരിചെയ്യും.(സയ്ർ അഅ്ലാമുന്നുബ്ലാഇ ലിൽ ഇമാമിദ്ദഹ്ബി, വാല്യം 1, പേജ് 355, ബിലാൽ ബിൻ റബാഹ്, മുഅസ്സസുർരിസാല 2014)

ഹദ്റത്ത് ബിലാലിന്റെ ഭാര്യ നിവേദനം. അവർ പറഞ്ഞു, നബി(സ)തിരുമേനി എന്റെ അടുക്കൽ വന്ന് സലാം ചൊല്ലിയ ശേഷം ചോദിച്ചു: 'ഇവിടെ ബിലാൽ ഉണ്ടോ?' ഞാൻ മറുപടി പറഞ്ഞു: 'വീട്ടിൽ വന്നിട്ടില്ല.' നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ ബിലാലിനോട് ദേഷ്യപ്പെട്ടിരിക്കുകയാണ് എന്ന് തോന്നുന്നു.' ഞാൻ പറഞ്ഞു: 'അദ്ദേഹം എന്നെ സ്നേഹിക്കുന്നു. അദ്ദേഹം എന്ത് പറയുമ്പോഴും ഇത് നബി(സ)തിരുമേനി പറഞ്ഞു. അത് നബി(സ)തിരുമേനി പറഞ്ഞു എന്ന് പറയുന്നു.' അപ്പോൾ നബി(സ)തിരുമേനി ബിലാലിന്റെ ഭാര്യയോട് പറഞ്ഞു: 'ബിലാൽ നിങ്ങളോട് പറയുന്ന എന്റെ കാര്യങ്ങൾ തീർച്ചയായും സത്യമായിരിക്കും. ബിലാൽ നിങ്ങളോട് തെറ്റായ കാര്യങ്ങൾ പറയുകയില്ല. ആയതിനാൽ നിങ്ങൾ ഒരിക്കലും ബിലാലിനോട് ദേഷ്യപ്പെടരുത്. അല്ലെങ്കിൽ നിങ്ങൾ ബിലാലിനെ ദേഷ്യപ്പെടുത്തുന്ന അത്രയും സമയം നിങ്ങളുടെ ഒരു കർമവും സ്വീകരിക്കപ്പെടുകയില്ല.'(താരീഖ് ദിമശ്ഖുൽകബീർ ലിഇബ്നി അസാക്കിർ, വാല്യം 10, പേജ് 356, ബിലാൽ ബിൻ റബാഹ്, ദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 2001)

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: 'ബിലാലിന്റെ ഉദാഹരണം തേനീച്ചയെ പോലെയാകുന്നു. അത് മധുരമുള്ള കനികളിൽ നിന്നും കയ്പുള്ള ചെടികളിൽ നിന്നും നീരു വലിച്ചെടുക്കുന്നു. എന്നാൽ, തേൻ ഉണ്ടാക്കിക്കഴിഞ്ഞാൽ അത് എല്ലാംതന്നെ മധുരമുള്ളതായി മാറുന്നു.'(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്, വാല്യം 9,പേജ് 364, കിതാബുൽ മനാഖിബ് ഹദീഥ് 15639, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് ബിലാലിന്റെ ഭാര്യ വിവരിക്കുന്നു, ഹദ്റത്ത് ബിലാൽ കിടക്കയിൽ കിടക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്തിരുന്നു. *അല്ലാഹുമ്മ തജാവുസ് അൻ സയ്യിആത്തീ വഅ്ദുർനീ ബിയില്ലാത്തീ* അല്ലാഹുവേ! എന്റെ പാപങ്ങൾ മാപ്പാക്കിയാലും. എന്റെ വീഴ്ചകളെക്കുറിച്ച് എന്നെ കഴിവില്ലാത്തവനായി മനസ്സിലാക്കിയാലും.(അൽമുഅ്ജബുൽ കബീർ ലിത്ത്വബ്റാനി, ബാബു ബിലാൽ ബിൻ റബാഹ്, വാല്യം 1, പേജ് 337, ഹദീഥ് 1009, ദാറു അഹ്യാത്തുറാഥ് അൽഅറബി ബേറൂത്ത് 2002)

ഹദ്റത്ത് ബിലാൽ നിവേദനം. നബി(സ)തിരുമേനി എന്നോട് പറഞ്ഞു: 'ബിലാലേ! ദരിദ്രാവസ്ഥയിൽ മരണം വരിക്കുക. സമ്പന്നാവസ്ഥയിൽ മരണപ്പെടരുത്.' ഞാൻ ചോദിച്ചു: 'അതെങ്ങനെയാണ് സാധ്യമാകുക?' അതായത് ദരിദ്രാവസ്ഥയിൽ മരിക്കാനും സമ്പന്നാവസ്ഥയിൽ മരിക്കാതിരിക്കാനും എങ്ങനെ കഴിയും? അത് എനിക്ക് മനസിലായില്ല. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിനക്ക് നൽകപ്പെടുന്ന വിഭവങ്ങൾ സ്വരൂക്കൂട്ടി വെക്കരുത്. നിന്നോട് ആവശ്യപ്പെടുന്നത് നീ നിരസിക്കരുത്.' ഞാൻ ചോദിച്ചു: 'യാ റസൂലല്ലാഹ്! എനിക്ക് അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ എന്ത് സംഭവിക്കും?' നബി(സ) തിരുമേനി പറഞ്ഞു: 'അങ്ങനെതന്നെ ചെയ്യേണ്ടിവരും. അല്ലാത്തപക്ഷം അഗ്നിയായിരിക്കും സങ്കേതം!'(അൽമുഅ്ജബുൽ കബീർ ലിത്ത്വബ്റാനി, ബാബു ബിലാൽ ബിൻ റബാഹ്, വാല്യം 1, പേജ് 341, ഹദീഥ് 1021, ദാറു അഹ്യാത്തുറാഥ് അൽ അറബി ബേറൂത്ത് 2002) അതായത് ഒരു ആവശ്യക്കാരനേയും വിരട്ടിവിടരുത്. എല്ലാം സ്വരുക്കൂട്ടി വെക്കുകയും ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് ശരിയല്ല. ചെലവഴിക്കേണ്ടതും അനിവാര്യമാകുന്നു.

ഹദ്റത്ത് ബിലാൽ, ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 20 ൽ ശാമിലെ ദിമിശ്ഖിലാണ് (ഡമാസ്കസ്)വഫാത്തായത്. ചിലരുടെ വീക്ഷണത്തിൽ അദ്ദേഹം 'ഹൽബി'ൽ ആണ് വഫാത്തായത്. ആ സമയത്ത് അദ്ദേഹത്തിന് 60 വയസിൽകൂടുതൽ പ്രായമുണ്ടായിരുന്നു. മറ്റുചിലരുടെ വീക്ഷണത്തിൽ ഹദ്റത്ത് ബിലാൽ ഹിജ്റ 18 ലാണ് വഫാത്തായത്. അദ്ദേഹത്തെ ദിമിശ്ഖിലെ ഖബർസ്ഥാനിൽ ബാബുസ്സ്വഗീറിനടുത്ത് ഖബ്റടക്കി. (അത്ത്വബക്കാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ് വാല്യം 3, പേജ് 180, 'ബിലാൽ ബിൻ റബാഹ്', ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017) (താരീഖ് അദ്ദിമശ്ഖ് ലിഇബ്നി അസാക്കിർ, വാല്യം 10, പേജ് 335, ബിലാൽ ബിൻ റബാഹ്, ദാറു അഹ്യാഉത്തുറാഥ് അൽഅറബി, ബെയ്റുത്ത് 2001)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഹദ്റത്ത് ബിലാലിന്റെ സ്ഥാനമാഹാത്മ്യത്തെ വിവരിച്ചുകൊണ്ട് പറയുന്നു, 'ഇതു സംബന്ധമായി ചിലകാര്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. എന്നാൽ, തുടർച്ച എന്ന നിലയിൽ ആദ്യത്തെ ചിലകാര്യങ്ങൾ വീണ്ടും ഒരുപക്ഷേ, ഇവിടെ വരുന്നതായിരിക്കും.

ഹദ്റത്ത് ബിലാൽ നീഗ്രോ ആയിരുന്നു. അറബി ഭാഷ വശമില്ലായിരുന്നു. അറബി സംസാരിക്കുമ്പോൾ അദ്ദേഹം അനേകം തെറ്റുകൾ വരുത്തുമായിരുന്നു. ഉദാഹരണമായി നീഗ്രോവംശജർ 'ശീൻ' എന്നതിനെ 'സീൻ' എന്നാണ് പറയുക. ബിലാൽ ബാങ്ക് കൊടുക്കുമ്പോൾ, അശ്ഹദു എന്നതിന് അസ്ഹദു എന്ന് പറയുമായിരുന്നു. അപ്പോൾ അറബികൾ ചിരിച്ചിരുന്നു. കാരണം അവർക്ക് വർഗ(മേൽക്കോയ്മ)മേധാവിത്വത്തിന്റെ ചിന്ത ഉണ്ടായിരുന്നു. വാസ്തവത്തിൽ മറ്റു ഭാഷകളിലെ പല പദങ്ങളും അവർക്കും ഉച്ചരിക്കാൻ കഴിഞ്ഞിരുന്നില്ല. ഉദാഹരണമായി 'റൊട്ടി' എന്ന് അറബികൾക്ക് പറയാൻ കഴിയില്ല. അവർ 'റൊത്തി' എന്നാണ് പറയുക. 'ചോരി' എന്നതിന് 'ജോരി' എന്ന് പറയും. 'ച' ഉച്ചരിക്കാൻ കഴിയില്ല. 'ജ' എന്നാണ് പറയുക. അനറബികൾക്ക് ചില അറബി പദങ്ങൾ പറയാൻ കഴിയാത്തതുപോലെ, അറബികൾക്ക് പല അനറബി പദങ്ങളും ഉച്ചരിക്കാൻ കഴിയില്ല. എന്നാൽ, വർഗ മേൽക്കോയ്മയുടെ ലഹരികാരണം, തങ്ങൾക്ക് മറ്റു ഭാഷകളിലെ ചില പദങ്ങൾ പറയാൻ കഴിയില്ലെന്ന കാര്യം അവർ ചിന്തിക്കാൻ പോലും കൂട്ടാക്കിയിരുന്നില്ല. നബി(സ)തിരുമേനി ബിലാലിന്റെ 'അസ്ഹദു' കേട്ട് ജനങ്ങൾ ചിരിക്കുന്നതായി കണ്ടപ്പോൾ പറഞ്ഞു: 'നിങ്ങൾ ബിലാലിന്റെ ബാങ്കിൽ ചിരിക്കുകയാണോ? വാസ്തവത്തിൽ അദ്ദേഹം ബാങ്ക് കൊടുക്കുമ്പോൾ അർശിൽ അല്ലാഹുവും സന്തോഷിക്കുന്നു. നിങ്ങളുടെ അശ്ഹദുവിനേക്കാൾ, അദ്ദേഹത്തിന്റെ അസ്ഹദുവാണ് അല്ലാഹുവിന് ഏറെ പ്രിയങ്കരം. ബിലാൽ നീഗ്രോ ആയിരുന്നു. നീഗ്രോ വംശജർ അടിമകളാക്കപ്പെട്ടിരുന്നു. മറിച്ച് കഴിഞ്ഞ നൂറ്റാണ്ടുകളിലും അടുത്ത നൂറ്റാണ്ടുകളിലുംവരെ അവരെ അടിമകളാക്കിയിരുന്നു. ഇന്നും അടിമകളാക്കുന്നുണ്ട്. എന്നാൽ, നബി(സ) തിരുമേനി അന്യസമൂഹത്തെ നിന്ദ്യരും നികൃഷ്ടരുമായി കാണുന്ന ആളായിരുന്നില്ല. നബി(സ) തിരുമേനിയുടെ വീക്ഷണത്തിൽ എല്ലാ സമുദായങ്ങളും ഒരേപോലെ ദൈവസൃഷ്ടികളാകുന്നു. നബി(സ)തിരുമേനിക്ക് അറബികളോടുള്ള സ്നേഹം തന്നെയായിരുന്നു യവനന്മാരോടും നീഗ്രോകളോടും. ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല. അറബികളോടും അതേ സ്നേഹമായിരുന്നു. നബി(സ)തിരുമേനിക്ക് അറബികളോടുള്ള സ്നേഹം തന്നെയായിരുന്നു ആഫ്രിക്കാരോടും യവനന്മാരോടും ഈ സ്നേഹം തന്നെയായിരുന്നു അന്യസമൂഹങ്ങളുടെ ഹൃദയങ്ങളിൽ നബി(സ) തിരുമേനിയോട് അനുരക്തി ഉണ്ടാക്കിയത്. അത് അറേബ്യയിലെ പലർക്കും അറിയില്ലായിരുന്നു. നബി(സ)തിരുമേനി അവരോട് ഉണ്ടായിരുന്ന സ്നേഹം കാരണത്താൽ, അവർക്കുള്ളിൽ തിരുനബിയോടും ഒരു അനുരക്തി ഉണ്ടായിരുന്നു. അതേ കുറിച്ച് ഉൾക്കാഴ്ചയില്ലാത്തവർക്ക് അറിയുമായിരുന്നില്ല. ഈ സ്നേഹത്തെ കുറിച്ച് ഇതെങ്ങനെയാണ് ഉണ്ടാകുന്നതെന്ന് കൂറിന്റെയും സ്നേഹത്തിന്റെ രഹസ്യങ്ങളും ഗുപ്ത സത്യങ്ങളും അറിയാത്തവർക്ക് മനസിലാകുകയില്ല.

നബി(സ)തിരുമേനി മക്കയിലാണ് ജനിച്ചത്, അറബ് വംശത്തിലാണ് ജനിച്ചത്. അറബികളിൽ ഖുറയ്ശി ഗോത്രത്തിലാണ് ജനിച്ചത്. അവർ മറ്റു അറബ് സമൂഹങ്ങളെ നിന്ദ്യരും നിസ്സാരന്മാരുമായിട്ടാണ് മനസിലാക്കിയിരുന്നത്. തിരുനബിയുടേത് ഏറ്റവും നല്ല ഗോത്രമായിരുന്നു. നബി(സ) തിരുമേനിക്ക് നീഗ്രോകളുമായിട്ട് എന്ത് ബന്ധം? നബി(സ)തിരുമേനിയോട് ഏതെങ്കിലും സമൂഹത്തിന് അല്ലെങ്കിൽ ഗോത്രത്തിന് സ്നേഹം ഉണ്ടാകുമായിരുന്നെങ്കിൽ അത് ബനീ ഹാശിമിനായിരുന്നു ഉണ്ടാകേണ്ടിയിരുന്നത്. അല്ലെങ്കിൽ അറബികൾക്കാണ് ഉണ്ടാകേണ്ടിയിരുന്നത്. കാരണം അവർ നബി(സ)തിരുമേനിയുടെ സ്വന്തം സമൂഹമായിരുന്നു. അതുകൊണ്ട് അവർക്ക് നബി(സ) തിരുമേനിയോട് സ്നേഹം ഉണ്ടാകുമായിരുന്നു. എന്നാൽ, അന്യസമൂഹങ്ങളുടെ ഹൃദയങ്ങളിൽ, നബി(സ)തിരുമേനിയുടെ സൈന്യം അവരെ നിഷ്പ്രഭമാക്കിയിട്ടുണ്ടായിരുന്നു. അവരുടെ സാമൂഹിക നേതൃസ്ഥാനം ഇസ്ലാമിക ഭരണകൂടം തകർത്ത് തരിപ്പണമാക്കിയിട്ടുണ്ടായിരുന്നു. എന്നിരിക്കെ എങ്ങനെയാണ് നബി(സ)തിരുമേനിയോട് സ്നേഹമുണ്ടാകുക? അന്യസമൂഹങ്ങൾ യുദ്ധം ചെയ്തു, അവർ പരാജിതരാകുകയും ചെയ്തു. അവരുടെ ഭരണകൂടങ്ങൾ വിപാടനം ചെയ്യപ്പെട്ടു. എന്നാൽ, ഇതൊക്കെയായിട്ടും നബി(സ)തിരുമേനിയോട് അവർക്കുള്ളിൽ ഒരു സ്നേഹം നിർഗമിച്ചു. അത് എങ്ങനെയാണ് ഉണ്ടായത്. അവർക്ക് നബി(സ)തിരുമേനിയോട് ശത്രുതയാണ് ഉണ്ടാകേണ്ടിയിരുന്നത്. എന്നാൽ, യാഥാർഥ്യം എന്താണ്? അതിന് നമുക്ക് ആദ്യം ഹദ്റത്ത് ഈസാ(അ)ന്റെ സമുദായത്തിന് അവരുടെ നേതാവിനോടുണ്ടായിരുന്ന സ്നേഹം വിലയിരുത്തേണ്ടതായിട്ടുണ്ട്. അദ്ദേഹം പിടിക്കപ്പെട്ടപ്പോൾ അതായത് ഹദ്റത്ത് ഈസ(അ), തനിക്ക് ശേഷം ഖലീഫയായി നിശ്ചയിച്ചിരുന്ന പ്രീതശിഷ്യൻ പത്രോസ്, ഹദ്റത്ത് ഈസാ(അ) പിടിക്കപ്പെട്ടപ്പോൾ, പോലിസ് പത്രോസിനോട് പറഞ്ഞു, നിങ്ങൾ എന്തിനാണ് അയാളുടെ പിന്നാലെ നടക്കുന്നത്, നിങ്ങളും അയാളുടെ കൂടെയാണോ? പത്രോസ് ഉടൻ പറഞ്ഞു, ഞാൻ അയാളുടെ ശിഷ്യനല്ല. അതായത് പത്രോസ് ഭയപ്പെട്ടിരുന്നു. ഞാൻ അയാളെ ശപിക്കുന്നു. അതായത് നിരാകരിക്കുക മാത്രമല്ല. ശപിക്കുകയും ചെയ്തു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു എന്നതിൽ തർക്കമില്ല. ഹദ്റത്ത് ഈസാ(അ)ന്റെ ഹവാരികൾ അദ്ദേഹത്തെ തീർച്ചയായും സ്നേഹിച്ചിരുന്നു. പിന്നീട് പത്രോസും റോമിൽ കുരിശിലേറ്റപ്പെടുകയാണുണ്ടായത്. അദ്ദേഹം വളരെ ധീരതയോടെ മരണത്തെ സ്വീകരിച്ചു. ഹദ്റത്ത് ഈസാ(അ)യോടുള്ള സ്നേഹവും അനുസരണവും നിരാകരിച്ചില്ല. എന്നാൽ, ഹദ്റത്ത് ഈസ(അ)യെ കുരിശിലേറ്റിയപ്പോൾ ആ സമയത്ത് അദ്ദേഹത്തിന്റെ വിശ്വാസം ഉറ

ച്ചതായിരുന്നില്ല. ആ സമയത്ത് മൂന്നു നാല് അടി പൊട്ടിയപ്പോൾ പേടിച്ചുപോയി. എന്നാൽ, പിന്നീട് അദ്ദേഹം വളരെ സന്തോഷത്തോടെ കുരിശുമരണം വരിക്കുകയും ചെയ്തിട്ടുണ്ട്. ഏതായിരുന്നാലും ഇതൊരു ദൃശ്യമായിരുന്നു. മസീഹ്(അ)നോടു അദ്ദേഹത്തിന്റെ ജനതയ്ക്കുണ്ടായ സ്നേഹം.

ഇനി അദ്ദേഹത്തിന്റെ സമുദായത്തിനെതിരിൽ, നമ്മൾ നബി(സ)തിരുമേനിയെ വിശ്വസിക്കുകയും പിന്നെ അവിടത്തേതായിത്തീരുകയും ചെയ്ത ആ ദാസന്മാരെ നോക്കാം. ബിലാൽ നീഗ്രോ അടിമയായിരുന്നു. നബി(സ)തിരുമേനിയ്ക്ക് അദ്ദേഹത്തോടുള്ള സ്നേഹം അദ്ദേഹത്തിൽ എത്രമാത്രം സ്വാധീനമാണ് ഉണ്ടാക്കിയതെന്ന് നോക്കുക. ചില ആളുകൾക്ക് തങ്ങളുടെ പ്രേമിയോട് സ്നേഹമായിരിക്കും. എന്നാൽ, അവരുടെ സ്നേഹം ഒരു വൃത്തത്തിനുള്ളിൽ പരിമിതമായിരിക്കും. ബിലാൽ നീഗ്രോ അടിമയായതിനാൽ, ഖുറയ്ശികൾ മാത്രമല്ല അറബികൾ മുഴുവനും അദ്ദേഹത്തോട് വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തോട് നബി(സ)തിരുമേനി കാണിച്ച സ്നേഹപ്രകടനം ഒരു പൊതുപെരുമാറ്റം എന്ന നിലയ്ക്കായിരുന്നുവോ? അദ്ദേഹത്തിന് മനഃസമാധാനം കൊടുക്കാൻ വേണ്ടിയുള്ള സ്നേഹമായിരുന്നുവോ ഈ പെരുമാറ്റം? അതല്ല യഥാർഥ സ്നേഹ പ്രകടനമായിരുന്നോ? കാണിക്കാൻ വേണ്ടിയുള്ള സ്നേഹമായിരുന്നോ അതോ യഥാർഥ സ്നേഹമായിരുന്നോ? ഇത് നമുക്ക് ബിലാലിൽ നിന്നുതന്നെ വിലയിരുത്താം. നമുക്ക് മാത്രമായി വിലയിരുത്താൻ കഴിയില്ല. അതുകൊണ്ട് നമുക്ക് ബിലാലിന്റെ അടുത്ത് പോകേണ്ടതായി വരും. കാരണം അദ്ദേഹത്തിന് മാത്രമേ അത് ശരിയായി വിലയിരുത്തുവാൻ കഴിയുകയുള്ളൂ. ഈ സംഭവത്തിന് 1300 ൽ അധികം വർഷം കഴിഞ്ഞിരിക്കുന്നു. നമ്മൾ അത് എന്ത് വിലയിരുത്താനാണ്? നോക്കേണ്ടത്, ബിലാൽ, നബി(സ)തിരുമേനിയുടെ സ്നേഹപ്രകടനം എങ്ങനെ മനസ്സിലാക്കി എന്നതാണ്. നബി(സ)തിരുമേനിയ്ക്ക് ബിലാലിനോട് യഥാർഥ സ്നേഹമാണ് ഉണ്ടായിരുന്നത്. അദ്ദേഹം അത് എങ്ങനെയാണ് മനസ്സിലാക്കിയിരുന്നത്? ഇവിടെ ഞാൻ എന്ത് മനസ്സിലാക്കുന്നു, നമ്മുടെ കഴിഞ്ഞ നൂറ്റാണ്ടിലെ ആളുകൾ അതേപറ്റി എന്തു മനസ്സിലാക്കി, ആദ്യ നൂറ്റാണ്ടിലെ ആളുകൾ എന്തു മനസ്സിലാക്കി, സ്വഹാബികൾ പോലും അതെങ്ങനെയാണ് മനസിലാക്കിയത് എന്ന പ്രശ്നം ഉദിക്കുന്നില്ല. അതായത് മറ്റുള്ളവർ എങ്ങനെ മനസ്സിലാക്കി, അതല്ല നബി(സ)തിരുമേനിയുടെ കാലത്തുള്ള ജനങ്ങൾ, സ്വഹാബാക്കൾ എന്ത് മനസ്സിലാക്കിയത് എന്നതല്ല. മറിച്ച് ബിലാൽ എ ന്താണ് മനസ്സിലാക്കിയതെന്നാണ് നമ്മൾ നോക്കേണ്ടത്. ഇത് നോക്കുന്നതിന് ഒരു ചെറിയ വാചകമുണ്ട്, അതായത് നബി(സ)തിരുമേനി പറയുന്നു, ഇത് നേരത്തേയും പറഞ്ഞതാണ്. അതായത്, നബി(സ)തിരുമേനി ജനങ്ങളോട് പറഞ്ഞു: 'അദ്ദേഹം അസ്ഹദു എന്നു പറയുമ്പോൾ നിങ്ങൾ ചിരിക്കുകയാണോ? യഥാർഥത്തിൽ അദ്ദേഹത്തിന്റെ ബാങ്ക് കേൾക്കുമ്പോൾ അല്ലാഹു തന്നെയും അർശിൽ സന്തോഷിക്കുന്നു. അവൻ നിങ്ങളുടെ അശ്ഹദുവിനെക്കാൾ അദ്ദേഹത്തിന്റെ അസ്ഹദുവിനെ കൂടുതലായി വിലമതിക്കുന്നു.'

ഇത് പറഞ്ഞത് കേവലം സന്തോഷിപ്പിക്കാനും വിഷയം മാറ്റുന്നതിനും മാത്രമായിരുന്നോ? അതല്ല ആഴത്തിലുള്ള സ്നേഹം കാരണമായിരുന്നോ? അതുമല്ല നബി(സ)തിരുമേനി സാന്ദർഭികമായി ആ സമയത്ത് വിഷയം മാറ്റാൻ വേണ്ടി പറഞ്ഞതായിരുന്നുവോ? ഇവിടെ ഈ വാചകം ബിലാൽ എങ്ങനെയാണ് മനസ്സിലാക്കിയത് എന്നാണ് നോക്കേണ്ടത്. ഞാൻ അന്യ സമുദായമാണെങ്കിലും, ഞാൻ അടിമകൾ ആക്കപ്പെടുന്ന സമുദായത്തിൽ നിന്നുള്ളവനാണെങ്കിലും എന്നെ നബി(സ)തിരുമേനി സ്നേഹിക്കുന്നു. എന്നോട് അനുരക്തി കാണിക്കുന്നു.'

നമുക്ക് ഈ സംഭവത്തിന് കുറച്ചു പിന്നിലേക്ക് പോകാം. നബി(സ)തിരുമേനിയെ കുറിച്ച് അല്ലാഹു പറയുന്നു, *മമാത്തീ ലില്ലാഹി റബ്ബിൽ ആലമീൻ* അതായത് എന്റെ മരണവും അല്ലാഹുവിനു വേണ്ടി ആകുന്നു. അത്തരം വ്യക്തി അതായത് നബി(സ)തിരുമേനി വഫാത്താകുന്നു. നബി(സ)തിരുമേനി വഫാത്തായതിനുശേഷം പുതിയ ഭരണങ്ങൾ ഉണ്ടാകുന്നു. ആളുകൾ മാറുന്നു. പുതിയ മാറ്റങ്ങൾ ഉണ്ടാകുന്നു. കാലം മാറി പുതിയ ഭരണങ്ങൾ നിലവിൽ വന്നു. ഒരുപാട് മാറ്റങ്ങളുണ്ടായി. ഹദ്റത്ത് ബിലാൽ, നബി(സ)തിരുമേനിയുടെ വഫാത്തിനെ തുടർന്ന് ശാമിലേക്ക് പോകുന്നു. അങ്ങനെ ദിമിശിഖിൽ (ഡമസ്കസിൽ)എത്തുന്നു. ഒരു ദിവസം കുറെ ആളുകൾ ദിമിശ്ഖിൽ ഒരുമിച്ചു കൂടി. അവിടെ ഹദ്റത്ത് ബിലാൽ ഉണ്ടായിരുന്നു. ജനങ്ങൾ ഒരുമിച്ചുകൂടി അദ്ദേഹത്തോട് പറഞ്ഞു: നബി(സ) തിരുമേനിയുടെ കാലത്ത് താങ്കൾ ബാങ്ക് കൊടുത്തിരുന്നു. ഞങ്ങളാഗ്രഹിക്കുന്നത് ബിലാൽ ഒരിക്കൽ കൂടി ബാങ്ക് കൊടുക്കണമെന്നാണ്.' വീണ്ടും ബാങ്ക് കൊടുക്കാൻ അവർ ബിലാലിനോട് പറഞ്ഞെങ്കിലും ബിലാൽ നിഷേധിച്ചുകൊണ്ട് പറഞ്ഞു: 'എനിക്ക് ബാങ്ക് കൊടുക്കാൻ സാധിക്കുകയില്ല.' ബിലാൽ പറഞ്ഞു:'നബി(സ)തിരുമേനിയ്ക്കു ശേഷം ഇനി ഞാൻ ബാങ്ക് കൊടുക്കുകയില്ല. കാരണം ഞാൻ ബാങ്ക് കൊടുക്കാൻ ആഗ്രഹിക്കുമ്പോഴെല്ലാം, നബി(സ)തിരുമേനിയുടെ പരിശുദ്ധ കാലം എന്റെ മുന്നിൽ വരുന്നു. ഞാൻ വികാരാതീതനായി പോകുന്നു. അതുകൊണ്ട് എനിക്ക് ബാങ്ക് കൊടുക്കാൻ സാധിക്കുകയില്ല. എനിക്ക് അത് സഹിക്കാൻ കഴിയുന്നില്ല.' യാദൃച്ഛികമായി ആ ദിവസങ്ങളിൽ ഹദ്റത്ത് ഉമറും(റ) പര്യടനത്തിന് വേണ്ടി ദമിശ്ഖിൽ വന്നിട്ടുണ്ടായിരുന്നു. ജനങ്ങൾ ഹദ്റത്ത് ഉമറിനോട് പറഞ്ഞു: 'താങ്കൾ ബിലാലിനോട് ബാങ്ക് കൊടുക്കുവാൻ പറഞ്ഞാലും. ഞങ്ങളിൽ നബി(സ)തിരുമേനിയെ കണ്ടവരുണ്ട്. ഞങ്ങളുടെ കാതുകൾ ബിലാലിന്റെ ബാങ്ക് കേൾക്കാൻ കൊതിക്കുന്നു. നബി(സ)തിരുമേനിയുടെ കാലഘട്ടം ഞങ്ങളുടെ മുന്നിൽവരുന്നു. ഞങ്ങളുടെ സങ്കൽപ്പത്തിൽ ബിലാലിന്റെ ബാങ്ക് വരുന്നു. അതുകൊണ്ട് നല്ലപോലെ ആ കാലഘട്ടത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ ഞങ്ങൾക്ക് ഒരിക്കൽകൂടി ബിലാലിന്റെ ബാങ്ക് കേൾക്കണമെന്ന് ആഗ്രഹമുണ്ട്. ഇനി ഞങ്ങളിൽ നബി(സ)തിരുമേനിയുടെ കാലം കണ്ടിട്ടില്ലാത്തവരുമുണ്ട്. അവർ വർത്തമാനങ്ങൾ മാത്രമേ കേട്ടിട്ടുള്ളൂ. നബി(സ)തിരുമേനി, കേൾക്കുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്ന ആ ബാങ്ക് കേൾക്കണമെന്ന് ആഗ്രഹമുള്ളവരും ഞങ്ങൾക്കിടയിലുണ്ട്. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ബിലാലിനെ വിളിച്ചിട്ട് പറഞ്ഞു: 'താങ്കൾ ബാങ്കുകൊടുക്കണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'താങ്കൾ കാലത്തിന്റെ ഖലീഫയാണ്. താങ്കൾ ആഗ്രഹിക്കുന്നുവെങ്കിൽ ഞാൻ ബാങ്കുകൊടുക്കാം. എന്നാൽ, ഇത് പറയാൻ എന്റെ മനസ്സ് അനുവദിക്കുന്നില്ല.' തുടർന്ന് ബിലാൽ എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ നബി(സ)തിരുമേനിയുടെ കാലത്ത് ബാങ്ക് കൊടുത്തിരുന്നതുപോലെ ബാങ്ക് കൊടുക്കുന്നു. ഈ ബാങ്ക് കേട്ടപ്പോൾ നബി(സ)തിരുമേനിയുടെ കാലഘട്ടത്തെ ഓർത്തുകൊണ്ട് അറേബ്യൻവാസികളായ സ്വഹാബാക്കളുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി. അവിടെ കൂട്ട നിലവിളി ഉയർന്നു.

ഹദ്റത്ത് ബിലാൽ ബാങ്ക് കൊടുത്തു കൊണ്ടിരിക്കുന്നു, കേൾക്കുന്നവരുടെ ഹൃദയങ്ങളിൽ നബി(സ)തിരുമേനിയുടെ കാലം ഓർമ വന്നപ്പോൾ അവർ ഖിന്നരായി. നീഗ്രോ ആയിരുന്ന ഹദ്റത്ത് ബിലാലിനെ കൊണ്ട് അറബികൾ പണിയെടുപ്പിച്ചിരുന്നു. അദ്ദേഹത്തിന് അറബികളുമായി ഒരുവിധ കുടുംബ ബന്ധവുമുണ്ടായിരുന്നില്ല. സാഹോദര്യ ബന്ധവുമുണ്ടായിരുന്നില്ല. ഇനി ബിലാലിന്റെ ഹൃദയത്തെ ഈ സംഭവം എങ്ങനെയാണ് സ്വാധീനിച്ചതെന്ന് നമുക്ക് നോക്കാം. നബി(സ)തിരുമേനിയുടെ കാലത്തു ഉണ്ടായിരുന്ന അറബികൾക്ക് ആ കാലം ഓർമ വന്നു. അക്കാലത്ത് ഇല്ലാത്തവർക്കും ആ കാലത്തുള്ള ഓർമകൾ വന്നു തുടങ്ങി. അവരെല്ലാം നിരുദ്ധകണ്ഠരായി. അല്ലെങ്കിൽ പരസ്പരം കണ്ടപ്പോൾ അവരുടെ ഉള്ളം തേങ്ങാൻ തുടങ്ങി. എന്നാൽ, ഹദ്റത്ത് ബിലാൽ അറേബ്യനല്ലായിരുന്നു. അടിമയായിരുന്നു. അദ്ദേഹത്തിൽ ആ ബാങ്ക് എന്ത് സ്വാധീനമാണ് ചെലുത്തിയത്. പറയുന്നു: 'അദ്ദേഹം ബാങ്ക് അവസാനിപ്പിച്ചതും ബോധരഹിതനായി വീണു. ഇതാണ് അദ്ദേഹത്തിൽ ഉണ്ടായ അവസ്ഥ. ഏതാനും മിനിറ്റുകൾക്കുള്ളിൽ ഹദ്റത്ത് ബിലാൽ മരണപ്പെടുകയും ചെയ്തു. ഇത് തന്റെ പക്കൽ അറബികൾക്കും അനറബികൾക്കും തമ്മിൽ ഒരുവിധ വ്യത്യാസവുമില്ലെന്ന നബി(സ)തിരുമേനിയുടെ പ്രഖ്യാപനത്തിനുള്ള അന്യസമുദായത്തിന്റെ സാക്ഷ്യമാകുന്നു. ഇത് വലിയൊരു സാക്ഷ്യമായിരുന്നു. ഈ സ്നേഹവും അനുരക്തിയുമാണ് അന്യസമുദായങ്ങൾ അദ്ദേഹത്തിലൂടെ (ബിലാലിലൂടെ)പ്രകടമാക്കിയത്. അറബിക്കും അനറബിക്കും ഒരുവിധ വിവേചനവുമില്ലെന്ന നബി(സ)തിരുമേനിയുടെ പ്രഖ്യാപനത്തിന് സത്യസന്ധമായ കർക രൂപത്തിലുള്ള സാക്ഷാത്കാരത്തിന്റെ പ്രകടനമാണിത്. അന്യസമൂഹങ്ങൾ അദ്ദേഹത്തിന്റെ സ്നേഹമസൃണമായ ശബ്ദം ശ്രവിച്ചപ്പോൾ കാണിച്ച സാക്ഷ്യമാണിത്. അതിന്റെ പ്രഭാവം അവർ കണ്ടു. അദ്ദേഹത്തിന്റെ സമുദായത്തിന്, നബി(സ)തിരുമേനി അദ്ദേഹത്തോട് കാണിച്ച സ്നേഹം കാണിക്കാൻ കഴിയുകയില്ലെന്ന് ഈ സംഭവത്തോടെ അദ്ദേഹം പ്രകടമാക്കുകയായിരുന്നു. ഇതാണ് നമ്മുടെ സയ്യിദുനാ ബിലാൽ! അദ്ദേഹം തന്റെ യജമാനരും നേതാവുമായ നബി(സ)തിരുമേനിയോടുള്ള അനുരക്തിയും കൂറും അല്ലാഹുവിന്റെ തൗഹീദ് അഥവാ ഏകത്വവും തന്റെ ഹൃദയത്തിൽ കുടിയിരുത്തി. പിന്നെ കർമപരമായ പ്രകടനത്തിലൂടെ അതിന്റെ മാതൃകകൾ സ്ഥാപിക്കുകയും ചെയ്തു. അത് നമുക്ക് ഉത്തമ മാതൃകയാകുന്നു. അത് നമുക്കുള്ള പരിശുദ്ധ മാതൃകയാണ്. മാത്രമല്ല, നബി(സ)തിരു

**തിരുനബിയുടെ തിരുമൊഴികൾ:**

**ഹദ്റത്ത് ഇബ്നു അബ്ബാസിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു, 'നബി(സ)തിരുമേനി ഞങ്ങളെ ഖുർആനിലെ ഒരു അധ്യായം പഠിപ്പിക്കുന്നതുപോലെ 'തശഹ്ഹുദ്' പഠിപ്പിക്കാറുണ്ടായിരുന്നു.'(മുസ്‌ലിം, ഹദീഥ് 305)**

**ത്വാലിബെ ദുആ:**
**P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

**തിരുനബിയുടെ തിരുമൊഴികൾ:**

**ആമിർ ബിൻ സഅ്ദ് തന്റെ പിതാവിൽനിന്ന്(റ)നിവേദനം. അദ്ദേഹം പറഞ്ഞു:'നബി(സ)തിരുമേനി അവിടത്തെ കവിളിന്റെ വെളുപ്പ് എനിക്കു കാണാൻ കഴിയുമാറ് വലഭാഗത്തേക്കും ഇടഭാഗത്തേക്കും സലാം വീട്ടുന്നത് ഞാൻ കണ്ടിരിക്കുന്നു.' (മുസ്‌ലിം, ഹദീഥ് 310)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family,Ahmadiyya Jama-ath Payangadi, Kerala**

മേനിയ്ക്കും ഈ പ്രിയശിഷ്യനോട് ഉണ്ടായിരുന്ന സ്നേഹ വാത്സല്യങ്ങളുടെ ചരിത്രത്തിന് സമാനമായത് ലോകത്ത് എവിടെയും കാണുകയില്ല. കാണാൻ സാധ്യവുമല്ല. ഇതിനു തന്നെയാണ് ഇന്നും സ്നേഹത്തിന്റേയും സൗഹാർദത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുവാനും സാഹോദര്യബന്ധം ഉണ്ടാക്കാനും അടിമത്വത്തിന്റെ ചങ്ങലകൾ പൊട്ടിക്കാനും കഴിയുക. ചുരുക്കത്തിൽ ഇന്നും, തൗഹീദിന്റെ സ്ഥാപനത്തിലും നബി(സ)തിരുമേനിയോടുള്ള ഈ സ്നേഹത്തിന്റെ മാതൃകകൾ സ്ഥാപിക്കുന്നതിലുമാണ് നമ്മുടെ മോക്ഷമുള്ളത്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഹദ്റത്ത് ബിലാലിന്റെ അനുസ്മരണം ഇന്ന് ഇവിടെ അവസാനിക്കുകയാണ്.

ഇനി ഞാൻ ചില ജനാസകൾ, അതായത് വഫാത്തായവരെ സ്മരിക്കുന്നതാണ്. അവരുടെ ജനാസയും നമസ്ക്കരിക്കുന്നതാണ്.

ഇതിൽ ആദ്യത്തേത് ജനാബ് ത്വയ്യിബ് യഅ്ഖൂബ് സാഹിബിന്റെ മകനും ട്രിനിഡാഡ് ആൻഡ് ടൻടുബാഗോയിലെ മുബല്ലിഗുമായ മൗലാന ത്വലിബ് യഅ്ഖൂബ് സാഹിബിന്റേതാണ്. അദ്ദേഹം സെപ്റ്റംബർ 8 ന് 63–ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

കുട്ടിക്കാലം മുതലേ അദ്ദേഹം ദീനിനോട് പ്രതിപത്തിയുള്ള ആളായിരുന്നു. ട്രിനിഡാഡ് നിവാസിയാണ്. ചെറുപ്പംമുതൽതന്നെ അഞ്ചുനേര നമസ്കാരം, വിശുദ്ധ ഖുർആൻ പാരായണം ഇസ്‌ലാമിക ഗ്രന്ഥങ്ങളുടെ പഠനം എന്നിവയിൽ ശുഷ്കാന്തി കാണിച്ചിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അദ്ദേഹത്തിന് ബ്രിട്ടീഷ് ഇൻഷൂറൻസിൽ ജോലി ലഭിച്ചു. എന്നാൽ, 'ഒ ലവൽ' പൂർത്തിയാക്കിയ ശേഷം അദ്ദേഹം 1979 ജനുവരി 13ന് ജീവിതം വഖ്ഫുചെയ്ത് റബ്‌വയിലെ ജാമിഅ അഹ്മദിയയിൽ ചേർന്നു. അവിടെനിന്ന് അദ്ദേഹം 1989 ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. 1987ൽ ഖാദിയാനിലെ മുൻ നാഇബ് നാളിർ അഅ്‌ലാ ആയിരുന്ന മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റെ മകൾ ശാഹിദ സാജിദ ശഹീൻ സാഹിബയെ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി, ഹദ്റത്ത് ഭായി മിർസാ ബർക്കത്ത് അലി സാഹിബിന്റെ പൗത്രിയാകുന്നു. ഇദ്ദേഹം ജാമിഅയിൽനിന്ന് പാസായ ഉടനെ ആഫ്രിക്കയിലെ ദ്വീപുകളിലാണ് നിയമിക്കപ്പെട്ടത്. അവിടെ 1989 മുതൽ 1992 വരെ ഏകദേശം 3 വർഷം സേവനമനുഷ്ഠിച്ചു. പിന്നെ ഗിയാന ജമാഅത്തിൽ 1993 മുതൽ 1997 വരെ മിഷണറിയായി സേവനം ചെയ്തു. അവിടെനിന്ന് ഘാനയിലെ റേഡ്‌വാ പ്രവിശ്യയിലും കുമാസിയിലും നിയമിതനായി. അതായത് രണ്ട് വ്യത്യസ്ത സ്ഥലങ്ങളിൽ. 1997 മുതൽ 2004 വരെ അവിടെ സേവനനിരതനായിരുന്നു. അവിടെവച്ച് അദ്ദേഹം രോഗാതുരനായി. ആരോഗ്യം വീണ്ടെടുത്തപ്പോൾ അദ്ദേഹത്തെ ട്രിനിഡാഡിലെ ഫ്രീ പോർട്ടിലുള്ള ജമാഅത്തിൽ നിയമിച്ചു. അവസാനശ്വാസംവരെയും അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ആത്മാർഥമായി സേവനം ചെയ്യുക മാത്രമല്ല, തന്റെ അറിവും അനുഭവവും മുഖേന ജനങ്ങൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങൾ നൽകുകയും ചെയ്തിരുന്നു. ജമാഅത്തിലെ ഓരോ വ്യക്തിയുമായും അദ്ദേഹത്തിന് വ്യക്തിഗത ബന്ധമുണ്ടായിരുന്നു. അദ്ദേഹം എവിടെപ്പോയാലും ജമാഅത്തംഗങ്ങൾക്ക് അദ്ദേഹത്തോട് പ്രത്യേക സ്നേഹബന്ധമായിരുന്നു. അദ്ദേഹം അവരോട് സ്നേഹബന്ധമുള്ള ആളുമായിരുന്നു.

കഴിഞ്ഞ കുറേ വർഷങ്ങളായി അദ്ദേഹത്തിന് വൃക്കയുടെ അസുഖം ഉണ്ടായിരുന്നു. ഡയാലിസിസ് കാരണം അദ്ദേഹത്തിന് ആഴ്ചയിൽ മൂന്നു തവണ ട്രീറ്റ്മെന്റിനുവേണ്ടി ആസ്പത്രിയിൽ പോകണമായിരുന്നു. പക്ഷേ, അദ്ദേഹം ജമാഅത്ത് പരിപാടികളിൽ ഒരു തടസ്സവും ഉണ്ടാക്കാൻ ഇടവരുത്തിയില്ല. വളരെ മുത്തഖിയും വിനയനും സൗഹൃദപ്രിയനും മിതഭാഷിയും സഹനശീലനും അനുസരണശീലനും സഹിഷ്ണുതയുള്ള പ്രകൃതത്തിന് ഉടമയുമായിരുന്നു. പുഞ്ചിരിച്ചുകൊണ്ടാണ് എല്ലാവരോടും പെരുമാറിയിരുന്നത്. നമസ്കാരങ്ങൾക്ക് പുറമേ കൃത്യനിഷ്ഠയോടെ തഹജ്ജുദ്, വിശുദ്ധ ഖുർആൻ പാരായണം, ഉറങ്ങുന്നതിനു മുമ്പേ 8 റക്അത്ത് നഫ്ൽ നമസ്കരിക്കുക എന്നതെല്ലാം അദ്ദേഹത്തിന്റെ പതിവ് ശീലമായിരുന്നു. ജമാഅത്ത് സമ്പ്രദായങ്ങളെ ശക്തമായി പാലിച്ചിരുന്നു. തന്റെ കുടുംബത്തേയും ഈ നന്മകളെ പറ്റി ഉപദേശിച്ചിരുന്നു. തന്റെ കുടുംബത്തിൽ അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയ്ക്ക് പുറമേ ഒരു മകൻ നാസിർ യഅ്ഖൂബ്, രണ്ടു പെൺമക്കൾ അമീന യഅ്ഖൂബ്, അദീല യഅ്ഖൂബ് എന്നിവരുണ്ട്. അദ്ദേഹത്തിന് രണ്ടു സഹോദരങ്ങളും മൂന്നു സഹോദരിമാരുമുണ്ട്. സഹോദരീ സഹോദരന്മാരിൽ ചിലർ അവിടെ ട്രിനിഡാഡിലും മറ്റു ചിലർ ആസ്ട്രേലിയയിലുമാണ്. അദ്ദേഹത്തിന്റെ ജ്യേഷ്ഠ സഹോദരന്റെ ഭാര്യ പറയുന്നു: 'ഞാൻ 30 വർഷം മുമ്പേയാണ് ബയ്അത്ത് ചെയ്തത്. മൗലാനാ സാഹിബ് ട്രിനിഡാഡിൽ വരുമ്പോഴെല്ലാം വളരെ സ്നേഹത്തോടെ ദീനി കാര്യങ്ങൾ പഠിപ്പിച്ചു തന്നിരുന്നു. അതുകാരണം ദീൻ പഠിക്കാൻ എനിക്ക് കൂടുതൽ ആവേശമായി. അതിൽ അദ്ദേഹം ഏറെ സന്തോഷിച്ചിരുന്നു. യഅ്ഖൂബ് സാഹിബിന്റെ ഈ പെരുമാറ്റം കാരണം മകൻ ത്വയ്യിബ് യഅ്ഖൂബ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുറബ്ബി ആകാൻ നിയ്യത്ത് ചെയ്തിരിക്കുന്നു. ഇപ്പോൾ കനഡ ജാമിയ അഹ്മദിയ്യായിൽ രണ്ടാം വർഷ വിദ്യാർഥിയാണ്.'

അവിടെയുള്ള അഹ്മദിയ്യ ഡോക്ടർ പറയുന്നു: 'അദ്ദേഹം രോഗിയായിരുന്നു. വളരെ ഉന്നത സ്വഭാവത്തിന് ഉടമയായിരുന്നു. അദ്ദേഹത്തെ ചികിത്സിച്ച എല്ലാ ഓരോ ഡോക്ടറും നഴ്സും അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഏറെ ആകൃഷ്ടരായിരുന്നു. ആസ്പത്രിയിൽ സ്ഥലം കുറവുള്ളപ്പോൾ പല രോഗികളും എവിടെയെങ്കിലും ഇരിക്കുന്നതു കണ്ടാൽ സ്വയം എഴുന്നേറ്റ് മറ്റുള്ളവർക്ക് സ്ഥലം കൊടുക്കുമായിരുന്നു. അദ്ദേഹം ഡോക്ടർമാർക്കും രോഗികൾക്കും മാതൃകയായിരുന്നു.'

ട്രിനിഡാഡ്, ട്യോഗോ ജമാഅത്തുകളുടെ ഇൻചാർജ് മിഷണറി സാഹിബ് എഴുതുന്നു: 'അദ്ദേഹം യഥാർഥത്തിൽ ഒരു മുറബ്ബിക്ക്, മുബല്ലിഗിനു വേണ്ട പ്രത്യേകതകളും സ്വഭാവങ്ങളും സ്വായത്തമാക്കിയിരുന്നു. ഖിലാഫത്തിനോടുള്ള അനുസരണത്തിലും എപ്പോഴും മുൻപന്തിയിലായിരുന്നു. മേലുദ്യോഗസ്ഥരുടെ എല്ലാ നിർദ്ദേശങ്ങളും അനുസരിച്ചിരുന്നു. അദ്ദേഹത്തെ ഏൽപ്പിക്കുന്ന ജോലികൾ പൂർത്തീകരിക്കാൻ പൂർണമായും ശ്രമിച്ചിരുന്നു. അദ്ദേഹം അല്ലാഹുവിനേയും അവന്റെ റസൂൽ(സ)നേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും നിസ്സീമമായി സ്നേഹിച്ചിരുന്നു. വിശുദ്ധ ഖുർആൻ പാരായണത്തിലും നമസ്കാരത്തിലും കൃത്യനിഷ്ഠയുള്ളയാളായിരുന്നു.

ട്രിനിഡാഡിലെ മുബല്ലിഗ് ഖാസിദ് വഡായിച്ച് സാഹിബ് എഴുതുന്നു: 'ഞാൻ നിയമിതനായ സമയത്ത് മൗലാന സാഹിബിന്റെ ആരോഗ്യം മോശമായിരുന്നു. പ്രായമുള്ള വ്യക്തിയുമായിരുന്നു. ഞാൻ യുവാവായിരുന്നു. കനഡ ജാമിഅയിൽ നിന്ന് മൂന്ന് വർഷം മുമ്പേയാണ് പാസായത്.' അദ്ദേഹം പറയുന്നു: കുറച്ചുദിവസമായിട്ടുണ്ടാകും, മൗലാന സാഹിബ് തന്റെ ഭാര്യയേയും മകനേയും കൂട്ടി 50 മിനിറ്റ് യാത്ര ചെയ്ത് എന്നെ കാണാൻ വന്നു. വളരെ വാത്സല്യത്തോടെയാണ് പെരുമാറിയത്. തുടർന്ന് എല്ലാ രണ്ടാം ദിവസം അല്ലെങ്കിൽ മൂന്നാം ദിവസം പുതുതായി വന്നതുകൊണ്ട് എന്തെങ്കിലും ആവശ്യമുണ്ടാകും എന്ന് കരുതി, വിവരങ്ങൾ മെസ്സേജ് ചെയ്തു അന്വേഷിക്കുകയും ഉപദേശങ്ങൾ നൽകുകയും കാര്യങ്ങൾ മനസ്സിലാക്കിതരികയും ചെയ്തിരുന്നു. വലിയവരോടും ചെറിയവരോടുമെല്ലാം വളരെ സ്നേഹപൂർവ്വമാണ് പെരുമാറിയിരുന്നത്. എപ്പോഴും ഖിലാഫത്തുമായി ബന്ധം തുടരാനും ദുആ ചെയ്യാൻ കാലത്തിന്റെ ഖലീഫക്ക് കത്തെഴുതാനും ഉപദേശിച്ചിരുന്നു.'

അദ്ദേഹത്തിന്റെ മകൾ എഴുതുന്നു: 'പരീക്ഷയ്ക്ക് മുമ്പേയും എപ്പോഴും ഏതു ജോലി ചെയ്യുമ്പോഴും കാലത്തിന്റെ ഖലീഫക്ക് കത്തെഴുതണമെന്ന് പറഞ്ഞിരുന്നു.' അവിടെയുള്ള മുനീർ ഇബ്റാഹിം എന്ന അഹ്മദി പറയുന്നു: 'ഞങ്ങൾ എവിടെയെങ്കിലും തബ്‌ലീഗിന് പോകുമ്പോൾ മൗലാന എപ്പോഴും ഉണ്ടാകുമായിരുന്നു. പിന്നെ തബ്‌ലീഗിന് വേണ്ടി, നിങ്ങൾ വടക്കു ഭാഗത്ത് പോകണം. ഞാൻ തെക്കു ഭാഗത്തേക്ക് പോകാമെന്ന് പറഞ്ഞ് ആളുകളെ തരംതിരിച്ചിരുന്നു. അങ്ങനെ പരമാവധി ആളുകൾക്ക് സന്ദേശം എത്തിക്കുകയായിരുന്നു ലക്ഷ്യം. എപ്പോഴും പുഞ്ചിരിക്കുമായിരുന്നു.'

അദ്ദേഹത്തോടൊപ്പം ജോലി ചെയ്യുന്നവരും മുറബ്ബിമാരും മറ്റുള്ളവരും പറയുന്നത്, എപ്പോഴും ജമാഅത്തീ പുരോഗതിക്കു വേണ്ടിയും തബ്‌ലീഗിനു വേണ്ടിയും ആരെങ്കിലും ചെറിയ ജോലി ചെയ്താൽ പോലും അദ്ദേഹം വളരെ സന്തോഷിച്ചിരുന്നു അതിനെ വളരെയേറെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം സുസ്മേരവദനനായിരുന്നു. വിദ്യാർഥിയായിരുന്നപ്പോഴും ഏതെങ്കിലും സുഹൃത്തുക്കൾക്കിടയിൽ അസ്വാരസ്യമുണ്ടാകുമ്പോൾ സുൽഹ് ചെയ്യിപ്പിച്ചിരുന്നു. അഹ്മദികളായത് കൊണ്ട് ഒരു സഹോദരനെ പറ്റിയും മനസിൽ നീരസം ഉണ്ടാകരുതെന്നും പറയുമായിരുന്നു.'

ഞാനും എപ്പോഴും അദ്ദേഹത്തെ പുഞ്ചിരിക്കുന്ന മുഖവുമായിട്ടാണ് കണ്ടിട്ടുള്ളത്. ഖിലാഫത്തിനോടും നിസ്സീമമായ കൂറുണ്ടായിരുന്നു. ഞാൻ പറഞ്ഞു വന്നതുപോലെ അദ്ദേഹത്തിന്റെ മകൾ പറയുന്നു: 'ഞങ്ങളോട് എപ്പോഴും ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കാനും കത്തയക്കാനും പറഞ്ഞിരുന്നു.' ഒരു പുതിയ അഹ്മദി നാരിശ് സാഹിബ് പറയുന്നു: 'ഞാൻ നിരവധി അനഹ്മദി മസ്ജിദുകളിൽ പോയി, യഥാർഥ ഇസ്‌ലാം അന്വേഷിക്കുകയായിരുന്നു. ഞാൻ മൗലാനാ ത്വാലിബ് സാഹിബുമായി കണ്ടുമുട്ടിയപ്പോൾ, ആ സമയത്ത് തെളിവുകൾ കേൾക്കുന്നതിനു മുമ്പേ തന്നെ എന്റെ മനസ്സിൽ വളരെ നല്ല പ്രഭാവമാണ് ഉണ്ടായത്. അതുകൊണ്ട് ബയ്അത്തും ചെയ്തു.'

ഏതായിരുന്നാലും ത്വാലിബ് യഅ്ഖൂബ് സാഹിബ് വഖ്ഫ് പൂർണ ഹൃദയസാന്നിധ്യത്തോടെ നിറവേറ്റുകയുണ്ടായി. ഒരിക്കലും ഒരു ഉപേക്ഷയും വരുത്തിയില്ല. കാലത്തിന്റെ ഖലീഫ എവിടെ നിയമിച്ചാലും സേവനം ചെയ്യുമെന്ന് എപ്പോഴും പറഞ്ഞിരുന്നു. പാകിസ്താനിൽ പോകണമെന്നും അവിടെ പോസ്റ്റിംഗ് ആയാൽപിന്നെ സ്വന്തം നാട്ടിലേക്ക് പോകരുതെന്നും പറഞ്ഞാൽ അതിനും ഞാൻ തയ്യാറാണ്. പിന്നെ പാകിസ്താനിൽ പോകേണ്ടി വന്നാൽ അവിടെ നിയമിച്ചാൽ പഞ്ചാബികളുമായി ഇടപെടേണ്ടിവരുമെന്ന് പറഞ്ഞ് പഞ്ചാബിയും പഠിച്ചുതുടങ്ങി. അങ്ങനെ കർമം കൊണ്ടും സ്വയം തയ്യാറാകുകയായിരുന്നു അദ്ദേഹം. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും കാരുണ്യം വർഷിക്കുകയും സ്ഥാനമാനങ്ങൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യാമക്കളെ സംരക്ഷിക്കുകയും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ അവർക്കും സൗഭാഗ്യം നൽകുകയും ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മുൻ വക്കീലുൽമാൽ ഥാലിഥും മജ്‌ലിസ് തഹ്‌രീക്കെ ജദീദ് നാഇബ് സ്വ

ദ്റുമായിരുന്ന ജനാബ് എഞ്ചിനീയർ ഇഫ്തിഖാർ ഖുറയ്ശി സാഹിബിന്റേതാണ്. അദ്ദേഹത്തിന് അല്ലാഹു ദീർഘായുസ്സ് നൽകിയിരുന്നു. ജൂൺ 31-ാം തീയതി 99-മത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജി ഊൻ

ഇഫ്തിഖാർ അലി സാഹിബിന്റെ പിതാവിന്റെ പേര് മുംതാസ് അലി ഖുറയ്ശി സാഹിബ് എന്നായിരുന്നു. അദ്ദേഹം വൈറ്റിനറി ഡോക്ടറായിരുന്നു. ഇഫ്തിഖാർ അലി സാഹിബ് ഇന്ത്യയിലെ മീററ്റിലാണ് ജനിച്ചത്. സെക്കൻഡറിയും ഉപരിപഠനവും മീററ്റിൽ നിന്നാണ് കരസ്ഥമാക്കിയത്. തുടർന്ന് തോംസൺ എഞ്ചിനീയറിങ് കോളേജ് റുഡ്ക്കിയിൽ, ഇപ്പോൾ യൂണിവേഴ്സിറ്റിയാണ്, പ്രവേശനം നേടി. ഇവിടെനിന്ന് 1944ൽ സിവിൽ എഞ്ചിനീയറിംഗ് ബിരുദം കരസ്ഥമാക്കി. വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ അഹ്മദിയ്യത്തിൽ പ്രവേശിക്കുവാൻ സൗഭാഗ്യം ലഭിച്ചിരുന്നു.

അന്ന് അദ്ദേഹത്തിന്റെ പിതാവ് അഹ്മദി ആയിരുന്നില്ല. ഇഫ്തിഖാർ ഖുറയ്ശി സാഹിബ് സ്വയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്തു, പഠനത്തിന് ശേഷമാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ പിതൃസഹോദിരുയുടെ ഭർത്താവ് മുഖ്താർ ഖുറയ്ശി സാഹിബ് മുഖേനയാണ് അദ്ദേഹത്തിന് അഹ്മദിയ്യാ സന്ദേശം ലഭിച്ചത്. അദ്ദേഹത്തിന്റെ പിതൃസഹോദരി ഭർത്താവിന് മുൻശി ഫയാസ് അലി സാഹിബ് മുഖേനയാണ് അഹ്മദിയ്യാ സന്ദേശം കിട്ടിയത്. പിതാവിന്റെ ജ്യേഷ്ഠനായ തുറാബ് അലി സാഹിബിന്റെ കൂടെയാണ് വിദ്യാഭ്യാസ കാലത്ത് ഇഫ്തിഖാർ അലി സാഹിബ് താമസിച്ചിരുന്നത്. ഖുറയ്ശി ഇഫ്തിഖാർ അലി സാഹിബിന് ഈ മഹദ് വ്യക്തികൾ മുഖേന അഹ്മദിയ്യാ സാഹിത്യങ്ങൾ ലഭിച്ചിരുന്നു. അദ്ദേഹം ഈ സാഹിത്യങ്ങൾ എല്ലാം യാത്രാവേളയിൽ ആണ് വായിച്ചിട്ടുണ്ടായിരുന്നത്. പിന്നെ തന്റെ പിതാവിന് കൊണ്ടുപോയി കൊടുത്തിരുന്നു. ഇഫ്തിഖാർ സാഹിബ് തോംസൺ കോളേജിൽ ചേർന്നപ്പോൾ അദ്ദേഹത്തിന്റെ പിതൃസഹോദിരുയുടെ ഭർത്താവ് മുഖ്താർ ഖുറയ്ശി സാഹിബ്, കൃത്യമായി വിശദമായ കത്തുകളിലൂടെ അഹ്മദിയ്യാ സന്ദേശം നൽകി തുടങ്ങി. ഇഫ്തിഖാർ അലി സാഹിബും അതിന് വിശദീകരിച്ചു മറുപടിയും നൽകിയിരുന്നു. അക്കാലത്തുതന്നെ അദ്ദേഹത്തിന് തഹജ്ജുദ് അനുഷ്ഠിക്കാനും നല്ലതുപോലെ ദുആ ചെയ്യാനും അവസരം കിട്ടിയിരുന്നു. എങ്കിലും ഹൃദയത്തിൽ അസ്വസ്ഥതയും പരിഭ്രമവും ഉണ്ടായിരുന്നു. അതേപ്പറ്റി ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീയോട് പറഞ്ഞു. കുറച്ചു കാര്യങ്ങൾ അദ്ദേഹം ചോദിച്ചു. ഹുദൂർ മറുപടിയിൽ എഴുതി; 'താങ്കളുടെ ചോദ്യം ഹ്രസ്വവും സമ്പൂർണവുമാണ്. അതിന് കത്തിലൂടെ മറുപടി നൽകാൻ പ്രയാസമാണ്. താങ്കൾ എന്റെ ഇന്ന ഗ്രന്ഥം വായിക്കുക.' ഇഫ്തിഖാർ അലി സാഹിബ്, തന്റെ പിതൃസഹോദിരുയുടെ ഭർത്താവ് മുഖ്താർ സാഹിബിൽനിന്ന് പുസ്തകം വാങ്ങി വായന തുടങ്ങി. പുസ്തകം വായിക്കുന്തോറും അദ്ദേഹത്തിന് മറുപടി ലഭിച്ചുകൊണ്ടിരുന്നു. അങ്ങനെ 1941 നവംബറിൽ അദ്ദേഹം കത്ത് മുഖേന ബയ്അത്ത് ചെയ്തു. 1942 ൽ ഖാദിയാൻ ജൽസയിൽ പങ്കെടുത്തു. ഖാദിയാന്റെ അന്തരീക്ഷം കണ്ടപ്പോൾ അദ്ദേഹം അതിൽ ഏറെ ആകൃഷ്ടനായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീയുടെ പ്രഭാഷണങ്ങളും അദ്ദേഹം ശ്രദ്ധാപൂർവ്വം ശ്രവിച്ചു. അവിടെ അദ്ദേഹം വീണ്ടും ബയ്അത്ത് ചെയ്തു. അങ്ങനെ അദ്ദേഹത്തിന് (ഹുദൂറിന്റെ) കൈകളിൽ നേരിട്ട് ബയ്അത്ത് ചെയ്യാനും തൗഫീഖ് ലഭിച്ചു. എല്ലാ വർഷവും ഖാദിയാൻ ജൽസയിൽ പങ്കെടുത്തിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീയെ സന്ദർശിക്കാനും അവസരം കിട്ടിയിരുന്നു. മനസിൽ ഉയരുന്ന എല്ലാ ചോദ്യങ്ങളും ഹുദൂറിന്റെ സവിധത്തിൽ വയ്ക്കുകയും മറുപടി കരസ്ഥമാക്കുകയും ചെയ്തിരുന്നു. അങ്ങനെ വിശ്വാസത്തിന്റേയും ദൃഢജ്ഞാനത്തിന്റേയും ഭാണ്ഡങ്ങൾ നിറച്ചു കൊണ്ടാണ് തിരിച്ചു പോയിരുന്നത്.

അദ്ദേഹം ഇന്ത്യയിൽത്തന്നെ, സർക്കാർ ജോലി ആരംഭിച്ചിരുന്നു. പിന്നെ പാക്കിസ്താൻ സ്ഥാപിതമായപ്പോൾ അങ്ങോട്ടുപോയി. സർക്കാർ ജോലിക്കിടയിൽ പല നഗരങ്ങളിലും ട്രാൻസ്ഫർ ആയിട്ടുണ്ട്. വളരെ വിശ്വസ്തതയോടെ അദ്ദേഹം ജോലികൾ നിർവഹിച്ചിരുന്നു. ജൂനിയർ എഞ്ചിനീയർ ആയിരുന്നു. പിന്നീട് ഉയർന്ന് ചീഫ് എഞ്ചിനീയർ വരെയായി. ഒരിക്കൽ കുറച്ചു കാലത്തേക്ക് പഞ്ചാബ് സർക്കാറിന്റെ ജലസേചന ഊർജ വകുപ്പ് സെക്രട്ടറിയായിരുന്നു. അതായത് സെക്രട്ടറി വരെയായി.

വളരെ അന്തസ്സും ആദരണീയവുമായ സ്ഥാനങ്ങളിൽ അദ്ദേഹം തന്റെ രാജ്യമായ പാക്കിസ്ഥാന് വേണ്ടി സേവനങ്ങൾ ചെയ്തിട്ടുണ്ട്. 1983 ൽ റിട്ടയേർഡായി. അതിനുശേഷം ജീവിതം വഖ്ഫ് ചെയ്തു. എന്നാൽ, 1980 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് സ്പെയിൻ പര്യടനത്തിനുശേഷം തിരിച്ചെത്തി, ഇൻറർനാഷണൽ അസോസിയേഷൻ ഓഫ് ആർക്കിടെക്ട് ആൻഡ് എഞ്ചിനീയറിംഗ് സ്ഥാപിച്ചപ്പോൾ ഇഫ്തിഖാർ അലി ഖുറയ്ശി സാഹിബിനെ അതിന്റെ ഒന്നാമത്തെ ചെയർമാനായി നിയമിച്ചു. ആ സമയത്ത് അദ്ദേഹം ചീഫ് എഞ്ചിനീയർ തസ്തികയിലായിരുന്നു. പിന്നീട് റിട്ടയേർഡ്മെന്റിനുശേഷം അദ്ദേഹം തന്റെ ജീവിതം വഖ്ഫ് ചെയ്യാൻ സമർപ്പിച്ചു. ഖലീഫത്തുൽ മസീഹ് ഥാലിഥ് അത് സ്വീകരിച്ചു. 1983 ൽ തഹ്‌രീക്കെ ജദീദ് വക്കീലുൽ മാൽ ഥാലിഥ് എന്ന ഉത്തരവാദിത്വവും ഏൽപ്പിച്ചു. 1980 ൽ അദ്ദേഹത്തെ നോമിനേറ്റ് ചെയ്തതാണ്. പിന്നീട് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. അതിനുശേഷം ഏറെക്കുറെ 25 വർഷത്തോളം തുടർച്ചയായി ഈ അസോസിയേഷന്റെ കേന്ദ്ര ചെയർമാൻ ആയിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ കാലത്തും അദ്ദേഹത്തിന് ധാരാളം സേവനത്തിന് തൗഫീഖ് ലഭിച്ചിരുന്നു. ബുയൂത്തുൽ ഹംദ് ക്വാട്ടേഴ്സ് ഉണ്ടാക്കാനും റബ്‌വയിലെ ജമാഅത്തീ ബിൽഡിംഗുകൾ ഉണ്ടാക്കാനും അവസരമുണ്ടായി. തഅ്മീറാത്ത് (കൺസ്ട്രക്ഷൻ) വകുപ്പിന്റെ കാര്യദർശി ആയിരുന്നു. ഫള്‌ലെ ഉമർ ആസ്പത്രി, ജാമിഅ അഹ്മദിയ്യ, ഖിലാഫത്ത് ലൈബ്രറി തുടങ്ങിയ വിവിധ പ്രോജറ്റുകളുടെ ചെയർമാനായി നിയമിക്കപ്പെട്ടു. ഫള്‌ലെ ഉമർ ഫൗണ്ടേഷൻ ഡയറക്ടറായും സേവനത്തിന് തൗഫീഖ് ലഭിച്ചിട്ടുണ്ട്. 2007 ൽ ഞാൻ അദ്ദേഹത്തെ മജ്‌ലിസ് തഹ്‌രീക്കെജദീദിന്റെ നാഇബ് സ്വദ്ർ ആയി നിയമിച്ചു.

വളരെ വിശ്വസ്തതയോടേയും ശുഷ്കാന്തിയോടേയും സേവനങ്ങൾ ചെയ്യുന്ന ആളായിരുന്നു.

നാല് ഖലീഫമാരുടെ കാലം അദ്ദേഹം കണ്ടിരുന്നു. എപ്പോഴും എല്ലാ സ്ഥലത്തും അദ്ദേഹം അനുസരണവും സ്നേഹവുമുള്ള ആളായിട്ടാണ് കാണപ്പെട്ടത്. നിശബ്ദനും ജോലിയിൽ ബന്ധശ്രദ്ധനുമായിരുന്നു. വഖ്ഫെ സിന്ദഗി എന്ന നിലയ്ക്കും അദ്ദേഹത്തിന് 37 വർഷം സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. നിസ്വാർഥമായി സേവനം ചെയ്തിരുന്നു. ഞാനും അദ്ദേഹത്തോടൊപ്പം ജോലി ചെയ്തിട്ടുണ്ട്.

അല്ലാഹു അദ്ദേഹത്തിന് രണ്ട് ആൺമക്കളെയും മൂന്നു പെൺമക്കളെയും നൽകി അനുഗ്രഹിച്ചിരിക്കുന്നു. ഒരു മകൻ ആർക്കിടെക്റ്റും ഒരു മകൻ ഡോക്ടറുമാണ്. അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും കരുണ ചൊരിയുകയും അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടരാൻ തൗഫീഖ് നൽകുകയും ചെയ്യുമാറാകട്ടെ.

മൂന്നാമത്തെ ജനാസ റളിയ സുൽത്ത്വാന സാഹിബയുടേതാണ്. അവർ മൗലവി ഹക്കീം ഖുർശിദ് അഹ്മദ് സാഹിബിന്റെ ഭാര്യയാണ്. 81 വയസിലാണ് വഫാത്തായത്. പരേത, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വഹാബി, ശേഖ് അല്ലാഹ് ബഖ്ശ് സാഹിബിന്റെ മകളായിരുന്നു. യുവത്വകാലം മുതലേ നമസ്കാരത്തിലും നോമ്പിലും വലിയ ശുഷ്കാന്തിയായിരുന്നു. മുഴുവൻ ജീവിതവും ലളിതമായും വിനമായും കഴിച്ചു കൂട്ടി. വളരെയേറെ ആതിഥ്യമര്യാദ ഉണ്ടായിരുന്നു. അവരുടെ ഭർത്താവ് ജനാബ് ഹക്കീം മൗലവി ഖുർശിദ് അഹ്മദ് സാഹിബ്, സ്വദ്ർ ഉമൂമിയായി സേവനം ചെയ്തു കൊണ്ടിരുന്ന കാലത്ത് വീട്ടിൽ മീറ്റിംഗുകളും മറ്റും നടത്തിയിരുന്നു. അപ്പോൾ അവിടെ വരുന്നവരെ സൽകരിക്കുമായിരുന്നു. മൗലവി സാഹിബിന് 1984 ൽ രണ്ടര വർഷംവരെ അസീറാനെ റാഹെ മൗലാ (ദൈവമാർഗത്തിലെ തടവുകാരൻ) ആകാൻ സൗഭാഗ്യം ലഭിച്ചിരുന്നു. അപ്പോൾ ഭർത്താവിന്റെ അഭാവത്തിൽ വളരെ സഹനത്തോടും ധൈര്യത്തോടുംകൂടിയാണ് കഴിച്ചുകൂട്ടിയത്. എല്ലാ ദിവസവും നിരവധി ആളുകൾക്ക് ഭക്ഷണം തയ്യാറാക്കി ജയിലിലേക്ക് കൊടുത്തയച്ചിരുന്നു. വളരെ നിശബ്ദമായി നന്മകൾ ചെയ്തിരുന്നു. നിരവധി ദരിദ്രരായ കുട്ടികളുടെ വിവാഹം നടത്തുകയും നിരവധി ദരിദ്രരായ കുട്ടികളെ പോറ്റുകയും ചെയ്തിരുന്നു. സ്വന്തക്കാരും അന്യരുമെല്ലാം, അവർ വളരെ സ്നേഹ സമ്പന്നനായ വ്യക്തിത്വം ആണെന്ന് പറയുന്നു. പരേത മൂസ്വിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ അവർക്ക് ഒരു മകളുണ്ട്. അല്ലാഹു അവർക്ക് പൊറുത്തു കൊടുക്കുകയും കാരുണ്യം വർഷിക്കുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ, ഖാദിയാൻ ബയ്ത്തുൽ മാൽ നായിബ് നാളിറും, മുഹമ്മദ് മൻസൂർ അഹ്മദ് സാഹിബിന്റെ മകനുമായ ജനാബ് മുഹമ്മദ് ത്വാഹിർ സാഹിബിന്റേതാണ്. ഇദ്ദേഹം മെയ് 28ന് കരളിനെ ബാധിച്ച ക്യാൻസറിനെ തുടർന്ന് 57 മത്തെ വയസിൽ ഖാദിയാനിലെ നൂർ ഹോസ്പിറ്റലിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

പരേതൻ ഹൈദ്രാബാദ് സ്വദേശിയായിരുന്നു. ഖാദിയാൻ ജാമിഅ അഹ്മദിയ്യയിൽ നിന്ന് പാസായശേഷം 1989 മുതൽ 2020 മെയ് അവസാനം വരെ, 31 വർഷം വിവിധ വകുപ്പുകളിൽ സേവനം ചെയ്തു കൊണ്ടിരുന്നു. മുഴുവൻ കാലവും സാമ്പത്തിക വകുപ്പിലാണ് സേവനത്തിന് അവസരം ലഭിച്ചത്. ഏഴുവർഷം നളാമത്തെ മാൽ വഖ്ഫെ ജദീദിലും 9 വർഷം ബയ്ത്തുൽ മാലിലും ഇൻസ്പെക്ടറായിരുന്നു. പിന്നെ 3 വർഷം നാഇബ് നാള്ിം മാൽ വഖ്ഫെ ജദീദ്, 8 വർഷം നാളിം മാൽ വഖ്ഫെ ജദീദ്, രണ്ടുവർഷം നായിബ് നാളിർ ബയ്തുൽമാൽ എന്നീ നിലകളിലും സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചു.

വളരെ ആത്മാർഥതയുള്ള ആളും ലളിതസ്വഭാവിയും സൗഹാർദ്ദനും സഹാനുഭൂതിയുള്ള ജമാഅത്തീ സേവകനുമായിരുന്നു. ഇന്ത്യയിലുടനീളം പര്യടനം നടത്തി, സാമ്പത്തിക വ്യവസ്ഥിതിയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും അവരെ അതിൽ ഭാഗഭാക്കാകുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പര്യടനങ്ങൾ കാരണവും അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ കൊണ്ടും വഖ്ഫെ ജദീദിന്റെ ബജറ്റിൽ വലിയ വർധനയാണ് ഉണ്ടായത്. അദ്ദേഹം മൂസ്വിയായിരുന്നു. സന്തപ്ത കുടുംബത്തിൽ പ്രായാധിക്യമുള്ള മാതാപിതാക്കളെ കൂടാതെ ഭാര്യയും രണ്ട് ആൺമക്കളുണ്ട്. പരേതൻ, ഖാദിയാനിലെ ഖളാ ബോർഡ് സ്വദ്ർ മൗലാനാ മുഹമ്മദ് കരീമുദ്ദീൻ ശാഹിദ് സാഹിബിന്റെ മൂത്ത ജാമാതാ

വും ഖാദിയാൻ നാളിർ അഞ്ജ്‌ലാ ഇൻആം ഗോറി സാഹിബിന്റെ മാതുല പുത്രനുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു സഹോദരൻ ഖാദിയാനിൽ മുബല്ലിഗാണ്. അല്ലാഹു പരേതന് പൊറുത്തു കൊടുക്കുകയും കാരുണ്യം വർഷിക്കുകയും മക്കളെ സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ ഘാനയിലെ ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യ അധ്യാപകനായ മിർസാ ഖലീൽ അഹ്മദ് സാഹിബിന്റെ മകൻ അഖീൽ അഹ്മദിന്റേയാണ്. അഖീൽ അഹ്മദ് പാകിസ്താനിൽ പോയതായിരുന്നു. അവിടെ നിന്നാണ് Yok Sac Tumor(അണ്ഡാശയ ക്യാൻസർ) ആണെന്ന് സ്ഥിരീകരിക്കുന്നത്. കുറഞ്ഞ കാലം രോഗിയായി തുടർന്നു. 13-ാമത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ

ചെറുപ്പം മുതൽതന്നെ നമസ്കാരത്തിൽ ശുഷ്കാന്തിയുള്ളവനും തന്നേക്കാൾ ചെറിയ കുട്ടികളെ ശ്രദ്ധിക്കുന്നവനും നല്ല പ്രകൃതനും അനുസരണമുള്ള കുട്ടിയുമായിരുന്നു. ഘാനയിലെ മദ്രസത്തുൽ ഹിഫ്ളിൽ നിന്ന് 6 ജുസുഅ് മനഃപാഠമാക്കാൻ തൗഫീഖ് ലഭിച്ചു. സന്തപ്ത കുടുംബാംഗങ്ങളിൽ മാതാപിതാക്കൾക്ക് പുറമെ രണ്ടു സഹോദരിമാർ അദീല, ശക്കീല എന്നിവരുമുണ്ട്. രണ്ടു കുട്ടികളും വഖ്ഫെ നൗഇൽ പെട്ടവരാണ്.

ഈ കുട്ടിയുടെ പിതാവ് മിർസാ ഖലീൽ ബേഗ്, ഘാന ഇൻറർനാഷണൽ ജാമിഅയിൽ സേവനം ചെയ്യുന്നു. മറ്റൊരു അധ്യാപകനായ നസീർ അഹ്മദ് എഴുതുന്നു, 'അഖീൽ അഹ്മദ് വളരെ പ്രിയപ്പെട്ടവനും എല്ലാവർക്കും പ്രിയങ്കരനുമായിരുന്നു. അവന്റെ ചിരിക്കുന്ന മുഖം എപ്പോഴും ഓർമയിൽ ഉണ്ടാകും. വളരെ നിഷ്കളങ്കനും അനുസരണമുള്ള കുട്ടിയുമായിരുന്നു. ജമാഅത്തായ നമസ്കാരം ശീലമാക്കിയിരുന്നു. വിശുദ്ധ ഖുർആനോട് നിസ്സീമമായ അടുപ്പമായിരുന്നു. തന്റെ നിശ്ചിത പാഠത്തിനു പുറമേ കഴിഞ്ഞ വർഷങ്ങളിൽ വിശുദ്ധ ഖുർആൻ മനഃപാഠമാക്കിയിരുന്നു. എല്ലാ ദിവസവും മഗ്‌രിബിന് ശേഷം ഭക്ഷണം കഴിച്ച് മസ്ജിദിൽ പോയി തന്റെ പാഠം റിവിഷൻ ചെയ്തിരുന്നു. സ്കൂളിലെ പഠനങ്ങൾക്ക് ശേഷം വിശുദ്ധ ഖുർആനിലെ കുറച്ചു ഭാഗം മനഃപാഠമാക്കിയ ശേഷമാണ് ഉറങ്ങിയിരുന്നത്. താൻ വലുതായാൽ മുറബ്ബിയായി ജമാഅത്തിനു സേവനം ചെയ്യുമെന്ന് പറഞ്ഞിരുന്നു. അല്ലാഹു അവന്റെ സ്ഥാനങ്ങൾ ഉയർത്തുകയും മാതാപിതാക്കൾക്കും സഹോദരിമാർക്കും ഈ സങ്കടം സഹിക്കാൻ കഴിവ് നൽകുകയും ചെയ്യുമാറാകട്ടെ.

ഇപ്പോൾ ഇവിടെ ജനാസകൾ വരാറില്ല. നിരവധി ആളുകൾ ജനാസ നമസ്കാരം നിർവഹിക്കാൻ അപേക്ഷ നൽകാറുണ്ട്. അവരുടെ ജനാസകൾ ജുമുഅയ്ക്ക് നിർവഹിക്കാൻ സാധ്യമല്ല. കാരണം അവരുടെ പേരുകൾതന്നെ പറഞ്ഞാൽ പോലും വളരെയേറെ സമയം വേണ്ടി വരും. അതുകൊണ്ട് ചില ആളുകളുടെ ജനാസ ഞാൻ നമസ്കരിക്കുന്നതാണ്. അതിൽ പൊതുവിൽ മറ്റെല്ലാ അപേക്ഷകളും ഉൾപ്പെടുന്നതായിരിക്കും. അതുകൊണ്ട് അവരുടെ പേരെടുത്ത് പറയാതെ തന്നെ, ഞാനിവിടെ നമസ്കരിപ്പിക്കുന്ന ജനാസയിൽ അവരും ഉൾപ്പെടുന്നതാണ് .

അല്ലാഹു എല്ലാവർക്കും പൊറുത്തു കൊടുക്കുമാറാകട്ടെ. കാരുണ്യം വർഷിക്കുമാറാകട്ടെ. ജനാസ നമസ്കരിപ്പിക്കാൻ അപേക്ഷ തന്നവരുടെ ബന്ധുക്കൾക്ക് സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ. അവരുടെ നന്മകൾ തുടർന്നു കൊണ്ടു പോകുവാൻ തൗഫീഖ് നൽകുമാറാകട്ടെ

ഏതായിരുന്നാലും ജുമുഅക്ക് ശേഷം ഞാൻ എല്ലാവരുടെയും ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്.(വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശേരി. ടൈപ്പ്സെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

(പേജ് 1ൽനിന്ന്)

ഞാൻ അവയെ കൂട്ടിയിണക്കുന്നതായിരിക്കും.' (അൽഹഖ് മുബാഹഥ ലുധിയാന, റൂഹാനീഖസാഇൻ, വാള്യം 4, പേജ് 54)

ഇതിലാണ് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിനോട് ഈ ഗംഭീരമായ വെല്ലുവിളി നടത്തിയത്. താൻ അവതരിപ്പിച്ചിട്ടുള്ള കുറച്ച് വൈരുദ്ധ്യമുള്ള ഹദീഥുകളെ തമ്മിൽ കൂട്ടിയോജിപ്പിച്ചു കാണിക്കുകയാണെങ്കിൽ 25 രൂപ സമ്മാനത്തിനർഹനാകുന്നതായിരിക്കുമെന്ന്! അവിടന്ന് പറഞ്ഞു:

'ഇമാം ഇബ്നു ഖുസയ്മ വഫാത്തായിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ വാദത്തെ സംബന്ധിച്ച് എന്തെങ്കിലും പറയുന്നത് നിരർഥമാണ്. പക്ഷേ, താങ്കൾ താങ്കളുടെ വിഷയം കേൾപ്പിക്കുന്ന നേരത്ത് 'ഇബ്നു ഖുസയ്മ കാലത്തിന്റെ ഇമാമായിരുന്നു'വെന്ന് വലിയ വികാരത്തോടെ പറഞ്ഞത് എനിക്കോർമയുണ്ട്. സ്വഹീഹായ സനദോടുകൂടിയ വൈരുദ്ധ്യമുള്ള രണ്ടു ഹദീഥുകളെ കൂട്ടിയോജിപ്പിക്കാൻ കഴിയുമെന്ന് താങ്കൾ വാദിച്ചിരുന്നു. ഇപ്പോഴും അതിന് താങ്കൾക്ക് കഴിയുമോ? താങ്കളുടെ ഈ വാദം അപ്പോൾത്തന്നെ നിരർഥമെന്ന് മനസ്സിലായിരുന്നു. പക്ഷേ, നിബന്ധനകൾ പാലിച്ച് സംവാദം നടക്കുന്ന നേരത്ത് താങ്കളുടെ സംസാരത്തിന്നിടയിൽ പറയുന്നത് അനുവദനീയമല്ലാത്തതും നിരോധിതവുമായിരുന്നതുകൊണ്ട് അപ്പോൾ പറഞ്ഞില്ല. കാരണം താങ്കളുടെ ആത്മപ്രശംസ അതിർകടന്നിരുന്നു. വിനയത്തിന്റേയും സൗമ്യതയുടേയും ദാസ്യത്തിന്റേയും ഒരു കോളവും കാണാൻ കഴിഞ്ഞില്ല. എല്ലാ നേരവും അന അഅലമു (ഞാൻ എല്ലാം അറിയുന്നവൻ) എന്ന ആവേശം താങ്കളിൽ കാണാമായിരുന്നു. അതുകൊണ്ടാണ് ഇതേ വാദത്തിന്റെ അടിസ്ഥാനത്തിൽ താങ്കളുടെ ശ്രേഷ്ഠതകൾ പരീക്ഷിക്കാമെന്ന് ഞാൻ മനസ്സിലാക്കിയത്. ആ പരീക്ഷണത്തിന്റെ അനുബന്ധത്തിൽ എന്റെ യഥാർഥ ചർച്ചയും ജനങ്ങളിൽ പ്രകടമാകണം. ആരോടെങ്കിലും അനാവശ്യമായി തർക്കിക്കുന്നത് സ്വാഭാവികമായും ഞാൻ വെറുക്കുന്നയാളാണ്. പക്ഷേ, താങ്കൾ വാദിച്ചിരിക്കുകയാണ്, മറ്റുള്ളവരെ നിന്ദ്യതയോടും അവഹേളനത്തോടുംകൂടി കാണുകയാണ്. എത്രത്തോളമെന്നാൽ ഇമാം അൽബുമിനുപോലും ഹദീഥ് പാണ്ഡിത്യത്തിൽ താങ്കളുടെ അത്ര ബന്ധമില്ലെന്നാണ് താങ്കൾ ധരിക്കുന്നത്. അതുകൊണ്ട് എന്റെ ദൃഷ്ടിയിൽ വൈരുദ്ധ്യമെന്ന് തോന്നുന്ന ബുഖാരിയിൽനിന്നും മുസ്‌ലിമിൽനിന്നുമുള്ള ആറേഴു ഹദീഥുകൾ താങ്കളുടെ മുമ്പിൽ അവതരിപ്പിക്കാമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. താങ്കൾ ഇമാം ഇബ്നുഖുസയ്മയെപ്പോലെ അവ കൂട്ടി ഇണക്കിക്കാണിക്കുകയാണെങ്കിൽ ഞാൻ പിഴയെന്ന നിലയിൽ 25 രൂപ റൊക്കം താങ്കൾക്ക് നല്കുന്നതായിരിക്കും. അതുപോലെ അവസാനം കാലംവരെ താങ്കളുടെ ശ്രേഷ്ഠതകൾ അംഗീകരിക്കുന്നതായിരിക്കും. ഞാൻ തോറ്റവനും പരാജിതനുമായി സമ്മതിക്കുകയും ചെയ്യും. ഇക്കാരണത്താൽ എന്നിൽനിന്ന് പിഴയെന്ന നിലയിൽ 25 രൂപ താങ്കൾ വാങ്ങുന്നതായിരിക്കും. താങ്കളുടെ ഹദീഥു പാണ്ഡിത്യം നല്ലവണ്ണം ജനഹൃദയങ്ങളിൽ പതിയുന്നതായിരിക്കും. എപ്പോഴും ആദരവോടെ സ്മരിക്കപ്പെടുന്നതായിരിക്കും. പക്ഷേ, ഇതിന് ഏർപാടുണ്ടാക്കേണ്ടതാണ്. ഇരുകക്ഷികൾക്കും സുസമ്മതരായ മൂന്നു നീതിമാന്മാർ നിശ്ചയിക്കപ്പെടണം. അവർ പ്രഭാഷണത്തിലും തെളിവുകൾ വിലയിരുത്തുന്നതിലും കഴിവുളളവരായിരിക്കണം. ഇരുകക്ഷികളുമായും അവർക്ക് ഒരു ബന്ധവും ഉണ്ടാകാൻ പാടില്ല; കുടുംബബന്ധമോ മതബന്ധമോ സുഹൃത്ബന്ധമോ ഒന്നും! അങ്ങനെ എന്തെങ്കിലും സ്ഥാപിതമായാൽ വിധി കാലഹരണപ്പെടുന്നതായിരിക്കും. ഇല്ലെങ്കിൽ വിധി അംഗീകരിച്ച് വിജയിക്കുന്ന സ്ഥിതിയിൽ 25 രൂപ താങ്കൾക്ക് റൊക്കം നല്കുന്നതായിരിക്കും....... ഇനി താങ്കൾ എന്റെ അഭ്യർഥന സ്വീകരിക്കുന്നതിൽനിന്ന് പിന്മാറുകയാണെങ്കിൽ നിസംശയം താങ്കളുടെ എല്ലാ വാദവും നിരർഥമാകുന്നതായിരിക്കും. താങ്കൾ എന്നെ സംബന്ധിച്ച് പൊങ്ങച്ചത്തോടെ പറഞ്ഞ അപമാനകരവും നിന്ദാപരവും വ്യക്തഹത്യാപരവുമായ എല്ലാ കാര്യങ്ങൾക്കും താങ്കൾ പാത്രമായതായി മനസ്സിലാക്കപ്പെടുന്നതായിരിക്കും. എഴുത്തുമുഖേന ഒരാഴ്ചയ്ക്കുള്ളിൽ താങ്കൾ ഇതിന് മറുപടി നല്കുക.(അൽഹഖ് മുബാഹഥ ലുധിയാന, റൂഹാനീ ഖസാഇൻ വാള്യം 4, പേജ് 102)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വെല്ലുവിളിയെ കുറിച്ച് തന്റെ ഗ്രന്ഥമായ ഇസാലയെ ഔഹാമിലും പറഞ്ഞിട്ടുണ്ട്. ഹുദൂർ(അ) പറയുന്നു:'താങ്കൾക്ക് സ്വഹീഹയ്നിൽ വന്നിട്ടുള്ള വൈരുദ്ധ്യങ്ങൾ അകറ്റാൻ കഴിയുമെന്ന് താങ്കൾ വാദിച്ചിരുന്നു. അതിനുള്ള മറുപടിയിൽ താങ്കളോടു പറഞ്ഞത് താങ്കൾ സ്വീകരിക്കുകയാണെങ്കിൽ കുറച്ചു നീതിമാന്മാരെ നിശ്ചയിച്ച് വൈരുദ്ധ്യമുള്ള കുറച്ചു ഹദീഥുകൾ കൂട്ടി ഇണക്കുന്നതിനുവേണ്ടി താങ്കളുടെ മുമ്പിൽ സമർപ്പിക്കുന്നതായിരിക്കുമെന്നാണ്. താങ്കൾ താങ്കളുടെ വൈജ്ഞാനികമായ കഴിവുകൊണ്ട് ആ വൈരുദ്ധ്യം അകറ്റിക്കാണിക്കുകയാണെങ്കിൽ 25 രൂപ താങ്കൾക്ക് ഉപഹാരം ലഭിക്കുന്നതായിരിക്കും. താങ്കളുടെ ജ്ഞാനം അംഗീകരിക്കപ്പെടുകയും ചെയ്യും. ഇനി താങ്കൾ മൗനം പാലിക്കുകയാണെങ്കിൽ താങ്കളുടെ വിവരമില്ലായ്മ സ്ഥാപിതമാകുന്നതായിരിക്കും.പക്ഷേ, താങ്കൾ മൗനം പാലിച്ചു.'(ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ വാള്യം 3, പേജ് 574)(മൻസൂർ അഹ്മദ് മസ്റൂർ)

## ഇസ്‌ലാം

ഹദ്റത്ത് അഹ്മദ്(അ)

*ഇസ്‌ലാം സെ ന ഭാഗോ*
*രാഹെ ഖുദാ യഹീ ഹെ*
*ഏ സോനെ വാലോ ജാഗോ*
*ശംസുസ്സുഹാ യഹീ ഹെ*

*ഇസ്‌ലാമിൽനിന്ന് വിരണ്ടോടേണ്ട*
*സന്മാർഗ ദീനിതുതന്നെയല്ലോ*
*ഉണരുവിൻ കൂർക്കം വലിക്കുന്നോരെ*
*ഉജ്ജ്വല രവിയിതു തന്നെയല്ലോ!*

**(ദുർറെഥമീൻ)**

*വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:*
*'ഇസ്‌ലാമല്ലാത്ത എല്ലാ മതങ്ങളും അപ്രത്യക്ഷമാകും. എല്ലാ ആയുധങ്ങളും തകർന്നുപോകുകയും ചെയ്യും. എന്നാൽ, ഇസ്‌ലാമിന്റെ സ്വർഗീയമായ ആയുധം തകരുകയോ തുരുമ്പ് പിടിക്കുകയോ ചെയ്യുകയില്ല. അത് ദജ്ജാലിനെ തുണ്ടുതുണ്ടാക്കി ചിന്നിച്ചിതറിക്കുന്നതാണ്.'*
*(തബ്‌ലീഗെ രിസാല)*

## യു.കെ ജൽസാസാലാനയിൽ അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് 2020 ആഗസ്റ്റ് 9/ഹി:ശംസി 1399 ളുഹൂർ 9ന് ഐവാനെ മസ്റൂർ, ഇസ്ലാമാബാദ്, ടിൽഫോർഡ്(സർറെ)യു.കെയിൽ ചെയ്ത പ്രഭാഷണം.

(തുടർച്ച..)

**ജീവിത മാതൃകകണ്ട് ബയ്അത്തു ചെയ്യുന്നവർ:** ജീവിതമാതൃക കണ്ട് ബയ്അത്തു ചെയ്ത സംഭവം ഇങ്ങനെയാണ്, കോംഗോ കിൻഷാസ (Congo Kinshasa)യിലെ ഒരു സ്നേഹിതൻ ദാവൂദ് ഇലോങ്ക സാഹിബിന് നമ്മുടെ മിഷനിൽ കുറച്ചു ജോലി കൊടുത്തു. ജോലി തീർന്നപ്പോൾ അദ്ദേഹത്തിന് വേതനം നല്കി. മുഅല്ലിം പറയുന്നു: അദ്ദേഹം തന്നിൽനിന്ന് കുറച്ചുഭാഗമെടുത്ത് കമ്മീഷൻ എന്ന നിലയിൽ എനിക്കു തന്നു. ഞാൻ അതു വാങ്ങിയില്ല. ഇത് താങ്കളുടെ അവകാശമാണെന്ന് പറഞ്ഞ് മടക്കി. എനിക്കത് വാങ്ങാൻ കഴിയുകയില്ല. അപ്പോൾ ദാവൂദ് പറഞ്ഞു, ആർക്കെങ്കിലും ഞാൻ കമ്മീഷൻ കൊടുത്തിട്ട് അതെനിക്ക് മടക്കിത്തരുന്നത് ആദ്യത്തെ സംഭവമാണിത്. പിന്നീട് മൂന്നാഴ്ച കഴിഞ്ഞ് അദ്ദേഹം വന്നു. ഇതിന്നിടയിൽ ഞാൻ ഒരുപാട് ചിന്തിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾ ജോലി ചെയ്യുന്നതും നിങ്ങളുടെ സ്വഭാവവുമെല്ലാം ചിന്തിച്ചു. നിങ്ങൾ ഒരിക്കലും തെറ്റിലാകുകയില്ല. അതിനാൽ ഞാൻ ബയ്അത്തു ചെയ്യുകയാണ്. ബയ്അത്തു ചെയ്തതിനുശേഷം ദാവൂദിൽ വമ്പിച്ച മാറ്റമാണുണ്ടായത്. വലിയ ആക്ടീവ് അംഗമാണ്. ചന്ദകളിൽ വലിയ കൃത്യനിഷ്ഠ പാലിക്കുന്നു.

ബെശ്ക്കേക്ക് ഖിർഗിസ്താനിൽനിന്ന് മുക്കാശോവ സാഹിബ(Mukashova) എഴുതുന്നു: എനിക്ക് 37 വയസ്സുണ്ട്. ഞാൻ വിവാഹിതയാണ്. എനിക്ക് രണ്ടു മക്കളുണ്ട്. അഹ്മദിയ്യത്തിനെ പരിചയപ്പെട്ടത് 9 വർഷം മുമ്പേയാണ്; എന്റെ ഭർത്താവ് അർസലാൻ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ ചേർന്നപ്പോൾ. ഞങ്ങളൊരു സാധാരണ കുടുംബമായിരുന്നു. അദ്ദേഹം ബയ്അത്തു ചെയ്തപ്പോൾ ഞാൻ എതിർത്തതൊന്നുമില്ല. സന്തോഷം പ്രകടിപ്പിച്ചതുമില്ല. അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് എനിക്ക് അറിയുകയേ ഇല്ലായിരുന്നു. എന്റെ ഭർത്താവിനെ നോക്കാറുണ്ടായിരുന്നു. എല്ലാ ജുമുഅയ്ക്കും അദ്ദേഹം പോകാറുണ്ടായിരുന്നു. അദ്ദേഹത്തിലെ മാറ്റം കണ്ടപ്പോൾ ഇനി എന്നോടു പർദ ധരിക്കാൻ പറയുമോ എന്ന ഭയം എനിക്കുണ്ടായി; മതതീവ്രവാദിയാകുമോ? പക്ഷേ, അതിനുപകരം അദ്ദേഹത്തിൽ നല്ല മാറ്റം ഉണ്ടാകുന്നതായി എനിക്ക് ബോധ്യമായി. അദ്ദേഹം കൂടുതൽ സ്നേഹിക്കുന്നയാളും കൂടുതൽ സഹതാപിയുമായി. കൂടുതൽ എന്നെ നോക്കാൻ തുടങ്ങി. വിശ്വാസപരവും ആത്മീയപരവുമായ നിലയിൽ കരുത്തനായി. അവർ പറയുന്നു: പിന്നീട് സാമ്പത്തിക പ്രശ്നം കാരണത്താൽ അദ്ദേഹം അമേരിക്കയിലെ ചിക്കാഗോയിലേക്ക് പോയി, ഞാനെന്റെ കൊച്ചു മക്കളോടൊപ്പം വീട്ടിൽ താമസിച്ചു. ഞാൻ ബയ്അത്ത് ചെയ്തിരുന്നില്ല. അമേരിക്കയിലെ വിസയ്ക്കുവേണ്ടി അഞ്ചു പ്രാവശ്യം ഡോക്കുമെന്റുകൾ സമർപിച്ചുവെങ്കിലും ഓരോ തവണയും നിഷേധിക്കപ്പെട്ടു. ഇതിനുവേണ്ടി ഞാൻ ജപ്പാനിലും ഫ്രാൻസിലും മെക്സിക്കോയിലും പോയി. പക്ഷേ, ഒരു പ്രതീക്ഷയുമുണ്ടായില്ല. അവർ പറയുന്നു: നിത്യവും ഞങ്ങളുടെ വഴക്കു തുടർന്നു. എന്തുകൊണ്ട് അല്ലാഹു ഞങ്ങളെ സഹായിക്കുന്നില്ല എന്നും ചിന്തിച്ചു. ഞാനാണെങ്കിൽ ഒരുപാട് ദുആ ചെയ്യുന്നുമുണ്ട്. പക്ഷേ, ബയ്അത്തു ചെയ്തിരുന്നില്ല. അവർ പറയുന്നു: ഒരു ദിവസം എന്റെ ഭർത്താവ് എന്നോടു പറഞ്ഞു:'അഹ്മദിയ്യത്തിനെ പരിചയപ്പെടുകയും അത് യഥാർഥ വഴിയാണെന്നറിയുകയും സ്വിറാത്തെ മുസ്തഖീമാണെന്ന് മനസ്സിലാകുകയും ചെയ്തിട്ട് ബയ്അത്ത് ചെയ്യാതിരിക്കുകയാണെങ്കിൽ അല്ലാഹു അവരെ കഠിനമായ പരീക്ഷണങ്ങളിൽ അകപ്പെടുത്തുന്നതാണ്.' പിന്നീട് പറയുന്നു: അപ്പോൾ ഞാനെന്നെ പരിശോധിച്ചു. അടുത്ത ദിവസം ഞാൻ ബയ്അത്തു ചെയ്തു. അഞ്ചുനേര നമസ്കാരവും കൃത്യമായി അനുഷ്ഠിക്കാൻ തുടങ്ങി. മുമ്പേ ഒരിക്കലും നമസ്കരിക്കാറില്ലെന്നാണ് തോന്നുന്നത്. സ്വയമേവ ദുആ ചെയ്തു. വിശുദ്ധ ഖുർആൻ പാരായണവും തുടങ്ങി. തഹജ്ജുദ് നമസ്കാരവും തുടർന്നു. കുട്ടികളേയും നമസ്കാരം പഠിപ്പിക്കാനാരംഭിച്ചു. എല്ലാ ജുമുഅയ്ക്കും പങ്കെടുക്കാൻ ശ്രമിച്ചു. പിന്നീട് പറയുന്നു: കുറച്ചുകാലത്തിനുശേഷം അല്ലാഹു ഞങ്ങളെ സഹായിച്ചു. ഇപ്പോൾ അമേരിക്കയിൽ പോകാൻ അനുവാദം ലഭിച്ചു. എന്റെ ഭർത്താവിന്റെ പെരുമാറ്റവും അല്ലാഹുവിന്റെ ഈ പെരുമാറ്റവുംകൊണ്ട് ജമാഅത്ത് സത്യമാണെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായി.

**റേഡിയോ മുഖേന അഹ്മദിയ്യത്ത് സ്വീകരിച്ചു:** അല്ലാഹു എങ്ങനെയൊക്കെയാണ് സഹായിക്കുന്നത്? മുത്താദി റീജ്യണിലെ മുബല്ലിഗ് എഴുതന്നു: വിദഗ്ദരുടെ അഭിപ്രായമനുസിരച്ച് നമ്മുടെ റേഡിയോ അഹ്മദിയ്യായുടെ സിഗ്നൽ 80 കിലോമീറ്റർവരെയാണ് പോകേണ്ടത്. അതിൽ കൂടുതൽ സിഗ്നൽ പോകുകയില്ല. പക്ഷേ, അല്ലാഹു കാറ്റുകളെ എങ്ങനെ നിയന്ത്രിച്ചുവെന്നാൽ മൊആന്ദ (Moanda)നഗരം  നമ്മുടെ റേഡിയോ നിലയത്തിൽനിന്ന് 180 കിലോമീറ്റർ ദൂരെയാണ്. റേഡിയോ അഹ്മദിയ്യായുടെ സിഗനൽ അദ്ദേഹം വരെ നല്ലവണ്ണം എത്തുന്നുണ്ടെന്ന് അവിടുത്തെ അഹ്ലുസുന്നത്തിന്റെ ഇമാം പറഞ്ഞു. അഹ്മദിയ്യാ റേഡിയോ ആരംഭിച്ചതുമുതൽ അതു കൃത്യമായി അദ്ദേഹം കേൾക്കുന്നുണ്ട്. അതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തിന് വിശാലമനസ്കത നല്കി. അദ്ദേഹം നേരിട്ട് റേഡിയോ സ്റ്റേഷനിലെത്തുകയും തന്റെ ഭാര്യയോടും മക്കളോടുമൊപ്പം ബയ്അത്തു ചെയ്യുകയും ചെയ്തു.

ഖലീൽ അഹ്മദ് സാഹിബ് ചാഡ് അടിയുറച്ചു നില്ക്കലിന്റെ സംഭവം എഴുതുന്നു: ബേരെ സേത്ത് എന്നൊരു പ്രദേശത്ത് കുറച്ചു കാലമായി നമ്മൾ തബ്ലീഗ് ചെയ്തുവരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞവർഷം ഈ പ്രദേശത്തെ സുൽത്വാനും അദ്ദേഹത്തിന്റെ കീഴിലുള്ള 22 ഗ്രാമത്തിലെ ഇമാമും ചീഫും ഉൾപ്പെടെ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നു. പാക്കിസ്താനിൽനിന്ന് സംഘമായെത്തിയ തബ്ലീഗു ജമാഅത്തുകാർ ഈ പ്രദേശത്തെത്തി. ഒരിക്കൽ നമ്മുടെ മുഅല്ലിം സാഹിബിന്റെ സാന്നിധ്യത്തിൽ ഇവർ വന്നിരുന്നു. പരിചയപ്പെടുത്തിയപ്പോൾ തബ്ലീഗു ജമാഅത്തുകാർ അത്ഭുതപ്പെട്ടുകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഇവിടേയുമുണ്ടോ എന്നു ചോദിച്ചു. നമ്മുടെ മുഅല്ലിം സാഹിബ് അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥമായ 'മസീഹ് ഹിന്ദുസ്താൻ മെ'ഉപഹാരമായി നല്കി. പിന്നീട് അവർ ഈ പ്രദേശത്തുനിന്ന് പോയി. കുറച്ചു ദിവസത്തിനുശേഷം അവർ വീണ്ടും ഈ പ്രദേശത്തെത്തി. പ്രദേശത്തെ സുൽത്വാനോടു പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് ഒരു വ്യാജ ജമാഅത്താണ്. ഇവർ നബി(സ)തിരുമേനിയെ നിഷേധിക്കുന്നവരും കാഫിറുമാണ്. പാക്കിസ്താനീ സർക്കാർ ഇവരെ കാഫിറായി പ്രഖ്യാപിച്ചിരിക്കുന്നു. നിങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽച്ചേർന്ന് വലിയ തെറ്റാണ് ചെയ്തിരിക്കുന്നത്.' സുൽത്വാൻ അവർക്കു മറുപടി നല്കി: അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് നിങ്ങൾ പറയുന്ന കാര്യങ്ങൾ ഞങ്ങൾ കണ്ടിട്ടേയില്ല. അവർ നബി(സ)തിരുമേനിയെ വിശ്വസിക്കുന്നവരാണ്. മാനവകുലത്തിന് ശരിയായ നിലയിൽ സേവനം ചെയ്യുന്നവരാണ്. പിന്നീടുള്ളത് പാക്കിസ്താനീ സർക്കാർ എന്തു പറഞ്ഞുവെന്നതാണ്. കാഫിറെന്ന് പറഞ്ഞിട്ടുണ്ടോ ഇല്ലേ? അതിനു നിങ്ങൾ ചാഡിന്റെ തലസ്ഥാനത്തുപോകുക. അവിടെ അഹ്മദിയ്യാ ജമാഅത്തിന്റെ ഹെഡ്കോർട്ടറുണ്ട്. അവിടെ സർക്കാർ ഓഫീസുകളുണ്ട്. അല്ലെങ്കിൽ ഹെഡ്കോർട്ടറുണ്ട്. അവിടെ പോയി സർക്കാറിനോടു അഹ്മദിയ്യാ ജമാഅത്തിനെ മുസ്ലിമെന്ന നിലയിൽ രജിസ്റ്റർ ചെയ്തതെന്തിനാണെന്ന് ചോദിക്കുക. അതുകേട്ടപ്പോൾ ഒന്നും മിണ്ടാതെ അവർ അവിടെനിന്ന് പൊയ്ക്കളഞ്ഞു.

അഹ്മദ് മുസ്തഫാ ശീബ സാഹിബ് പറയുന്നു: ബയ്അത്തു ചെയ്യുന്നതിന് 7 വർഷം മുമ്പേ സ്വപ്നത്തിൽ ഒരു യുവാവിനെ ഇന്ത്യൻ വസ്ത്രധാരണ രീതിയിൽ കണ്ട് ഇതാരാണെന്ന് ചോദിച്ചു. ഇതു ഇമാം മഹ്ദിയാണെന്ന് ഉത്തരം കിട്ടി. ഞാൻ മനസ്സിൽ പറഞ്ഞു, ഇമാം മഹ്ദി 'ആലെ ബയ്ത്തി'ൽ നിന്നാണ് വരേണ്ടത്. ഇദ്ദേഹം ഇന്ത്യൻ എങ്ങനെയായി? പിന്നീട് ക്ഷണത്തിൽ ഞാൻ അദ്ദേഹത്തെ ആലിംഗനം ചെയ്തു. കരയാനും തുടങ്ങി. അതിനു 7 ദിവസത്തിനുശേഷം എനിക്ക് എം.ടി.എ അൽ അറബിയ്യ ചാനൽ ലഭിച്ചു. ഞാനും എന്റെ ഭാര്യയും 6 വർഷം എം.ടി.എ കണ്ടുകൊണ്ടിരുന്നു. അവസാനം ബയ്അത്തു ചെയ്ത് മുഅ്മിനീങ്ങളുടെ ജമാഅത്തിൽ ചേർന്നു. അദ്ദേഹം പറയുന്നു: ഞാൻ പറയാനാഗ്രഹിക്കുകയാണ്. ബയ്അത്തിനുശേഷം ഞാൻ എന്നിൽ വ്യക്തമായ മാറ്റം അനുഭവിക്കാൻ തുടങ്ങി. ഞാനിപ്പോൾ ബയ്അത്ത് ചെയ്യുന്നതിനു മുമ്പേയുള്ള ആളല്ല. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നു. ധ്യാനം മുഖേന ഞാൻ ആളുകളോടു വളരെ സൗമ്യതയോടും സഹിഷ്ണുതയോടും മൃദുഭാവത്തോടുംകൂടി പെരുമാറുന്നു. ഇക്കാരണത്താൽ ജനങ്ങളും എന്നിൽ സന്തുഷ്ടരാണ്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നില്ല. എന്റെ പിതാവും എന്നിലെ സ്വഭാവമാറ്റം കണ്ട് പറഞ്ഞു: നീ എപ്പോഴും ആ ജമാഅത്തിൽ നില്കണമെന്നാണ് എന്റെ ആഗ്രഹം. എങ്കിലും ഞങ്ങളെ അതിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കരുത്. അവർ വിശ്വസിക്കാത്ത ആ ഇമാമിനെ വിശ്വസിച്ചതുകൊണ്ടാണ് എന്നിൽ ഈ മാറ്റമുണ്ടായതെന്ന് അവർ അറിയുന്നില്ല.

മൊറോക്കോയിൽനിന്ന് അൽഹുസ്നീ സാഹിബ് എഴുതുന്നു. ഞാൻ 2002 മുതൽ 2019 വരെ പാശ്ചാത്യരാജ്യങ്ങളിൽ താമസിച്ചയാളാണ്. പേരിൽ മുസ്ലിം ആയിരുന്നുവെന്നു മാത്രം. ഞാൻ ദൈവത്തിനിഷ്ടപ്പെടാത്ത ഒരു കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പല പ്രാവശ്യവും ജയിലിൽ പോയി. 2016–ൽ ആസ്ട്രിയായിലെ ഒരു ജയിലിൽ തടവിലായി. അവിടെ ആദ്യമായി എം.ടി.എ. ചാനൽ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസ്വീദകൾ കേട്ട് ആകൃഷ്ടനായി. മുമ്പേ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു ബോധമുണ്ടായി. മനസ്സ് ശാന്തിയും സമാധാനവും കൊണ്ടുനിറഞ്ഞു. ഞാൻ ജയിലിൽ എല്ലാ ദിവസം എം.ടി.എ. ചാനൽ കാണാൻ തുടങ്ങി. നമ്മുടെ മുറികളിൽ ഒരേയൊരു ടിവിയെ ഉണ്ടായിരുന്നുള്ളൂവെന്നതാണ്.  അത്ഭുതകരമായ കാര്യം. പക്ഷേ, അല്ലാഹു എനിക്ക് മാത്രമായി വേറൊരു ടിവി ലഭ്യമാക്കി. അപ്രകാരംതന്നെ മൊബൈൽ ഫോണും കിട്ടി. ഞാൻ ഈ അനുഗൃഹീത ജമാഅത്തിന്റെ എതിരിലുള്ള മൗലവിമാരുടെ കറ്റുകെട്ടും പരിശോധിച്ചു. ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖസ്വീദകൾ കേട്ട് മനസ്സിൽ പറഞ്ഞു, ഇത് ഒരു സാധാരണ മൗലവിയുടേതാകാൻ ഒരുതരവുമില്ല. ഈ കലാം മനസ്സിൽ ആഴ്ന്നിറങ്ങുന്നതാണ്. അങ്ങനെ ഞാൻ വിശ്വസിച്ചു. യൂറോപ്പിൽനിന്ന് സ്വന്തം നാട്ടിൽപോയി ആദ്യം മുതൽ നല്ലരീതിയിൽ ജീവിക്കാൻ തുടങ്ങാമെന്ന് തീരുമാനിച്ചു. ജമാഅത്തിനെ പരിചയപ്പെടുന്നതിനു മുമ്പേ എനിക്ക് ഭൗതികലോകം തേടൽ മാത്രമായിരുന്നു. ഒന്നിനേയും വകവെച്ചിരുന്നില്ല. പക്ഷേ, ഇപ്പോൾ എന്റെ ജീവിതം അടിമുടി മാറിപ്പോയി. ഞാൻ ഇപ്പോൾ ഒരു ചീത്തമനുഷ്യനിൽനിന്ന് നല്ല മനുഷ്യനായിത്തീർന്നു. മു

മ്പേയൊരിക്കലും ഉണ്ടാകാത്ത ശാന്തിയുടേയും സമാധാനത്തിന്റേയും ബോധം എനിക്കുണ്ടായി.

ഈജിപ്തിലെ ഉസാമ സാഹിബ് പറയുന്നു. 2015ൽ ഒരു ദിവസം ചാനൽ മാറ്റിക്കൊണ്ടിരിക്കുമ്പോൾ യാദൃച്ഛികമായി എം.ടി.എ അൽഅറബിയ കാണാൻ കഴിഞ്ഞു. അതിൽ 'ലിഖാ മഅൽ അറബ്' എന്ന പരിപാടി നടക്കുകയായിരുന്നു. അതുമുഖേനയാണ് ജമാഅത്തിനെക്കുറിച്ച് ഞാൻ അറിയുന്നത്. പിന്നീട് ഞാൻ ഒരു ദിവസം ഏഴേഴു മണിക്കൂർ എം.ടിഎ. കണ്ടു. ഈ പരമ്പര 2015 മുതൽ 2019 വരെ തുടർന്നു. എല്ലാ ജുമുഅ ഖുത്ബകളും കേൾക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്റെ അനുകൂലിയാകുകയും ചെയ്തു. പക്ഷേ, അതുവരെ ഞാൻ ബയ്അത്ത് ചെയ്തിരുന്നില്ല. അതിന്നിടയിൽ സ്വപ്നത്തിൽ കണ്ടു. ഏതോ അജ്ഞാതമായ മരുഭൂമിയിലെ ഒരു സ്ഥലത്ത് ജൽസ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. കൂടാരങ്ങൾ നാട്ടിയിരിക്കുന്നു. രാത്രി നേരമാണ്. അവിടെ അദ്ദേഹം എന്നെ കണ്ടു. (ഇതിൽനിന്ന് തോന്നുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടുവെന്നാണ്. എന്തായാലും വ്യക്തമല്ല) അവിടെ വന്നിരിക്കുന്നു. ഞാൻ ഹുദൂറിന്റെ പിന്നാലെ നടക്കുകയാണ്. വുളു ചെയ്തതിനുശേഷം അദ്ദേഹം വലിയ കൂടാരത്തിലേക്കു പോയി. ഞാൻ അദ്ദേഹത്തിന്റെ പിന്നാലെ പോയി. അവിടെ എന്റെ കണ്ണു തുറന്നു. സ്വപ്നം അവസാനിച്ചു. ആ സ്വപ്നം കണ്ടതിൽ എനിക്ക് ഏറെ സന്തോഷമുണ്ടായി. പിന്നീട് പറയുന്നു. അങ്ങയെ കൂടുതൽ സ്നേഹിക്കാൻ തുടങ്ങി. രാവും പകലും ഉണരുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം അങ്ങയോടുള്ള സ്നേഹം അനുഭവിക്കുന്നു. അങ്ങയുടെ എല്ലാ ഖുത്ബകളും കേൾക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു. അദ്ദേഹം എന്നെത്തന്നെ കണ്ടുവെന്നാണ് തോന്നുന്നത്. ഇതിൽ നിന്ന് അതാണ് വ്യക്തമാകുന്നത്. മുബല്ലിഗ് ഇൻചാർജ് ഗിനീ കൊണാക്രി പറയുന്നു. ഇവിടെ ജൽസാ സാലാന നടത്തുന്നതിന് നിയന്ത്രണമുണ്ട്. അതുകൊണ്ട് ആളുകൾ വർഷം മുഴുവൻ പൈസ സ്വരൂക്കൂട്ടി സിയറ ലിയോൺ ജൽസയിൽ പോകുന്നു. ഈ വർഷം ഒരു വലിയ വിഭാഗം ആളുകൾ സ്വന്തം ചെലവിൽ സിയറ ലിയോൺ ജൽസയിൽ പോയി. അങ്ങേയറ്റം നിർധനനായ ഒരു യുവ മുഅല്ലിം സാഹിബ് ജമാഅത്ത് കൊടുക്കുന്ന നിസാര അലവൻസിലാണ് അദ്ദേഹത്തിന്റെ ജീവിതം കഴിഞ്ഞുപോകുന്നത്. ഒരു വർഷമായി ഓരോ മാസവും കുറച്ചു തുക ജൽസയിൽ പങ്കെടുക്കുന്നതിന് സ്വരുക്കൂട്ടുകയായിരുന്നു. ജൽസ ദിനങ്ങൾ അടുത്തുവന്നപ്പോൾ തന്റെ പ്രദേശത്തെ താൻ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഇമാമിനെ ജൽസയിൽ പോകാൻ തൽപരനാക്കി. താൻ സ്വരുക്കൂട്ടിയ പണമെല്ലാം അദ്ദേഹത്തിനു കൊടുത്തു. താങ്കൾ പണം കൂട്ടി വെച്ചതാണല്ലോ. പിന്നെന്തുകൊണ്ടു പോയില്ല എന്നു ചോദിച്ചപ്പോൾ പറഞ്ഞു, ഞാൻ ആദ്യമേ തന്നെ ഉറച്ച അഹ്മദിയാണ്. പക്ഷേ, ഈ ഇമാമ് പോകേണ്ടത് അനിവാര്യമായിരുന്നു; അദ്ദേഹം അഹ്മദിയ്യത്തിന്റെ സത്യം തന്റെ കണ്ണുകൊണ്ട് കാണേണ്ടതിനും അയാളുടെ മനസ്സിൽ അഹ്മദിയ്യത്ത് കടക്കുന്നതിനും. അതുകൊണ്ട് ഞാൻ എന്റെ പണം അതിനുവേണ്ടി അയാൾക്ക് കൊടുത്തു. അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യം നേരിൽ കണ്ട് ദൈവികജമാഅത്തിൽ പ്രവേശിക്കുന്നതിന്. ഈ വിപ്ലവമാണ് അല്ലാഹു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മനസ്സുകളിൽ ഒരു പ്രത്യേക ആവേശവും വികാരവും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കുന്നവർക്കുവേണ്ടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് മൈലുകൾക്കപ്പുറം ഇരിക്കുന്ന ഒരു വ്യക്തിയാണ്. അദ്ദേഹം ജീവിതത്തിലൊരിക്കൽപോലും ഖലീഫയെ കണ്ടിട്ടുണ്ടാകുകയില്ല. പക്ഷേ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ജനങ്ങൾക്കെത്തിച്ചുകൊടുക്കുന്നതിനും ജനങ്ങൾ അതിൽ ചേരുന്നതിനുമുള്ള ഒരു വികാരത്തള്ളിച്ചയാണത്.

ബൾഗേറിയായിൽനിന്ന് മുറബ്ബി സാഹിബ് എഴുതുന്നു. ഡോക്ടർ മണിക്കാത്തോഫ്(Manikatof) ജമാഅത്തിന്റെ ആത്മാർഥ സുഹൃത്താണ്. ക്രിസ്ത്യാനിയാണ്. മൂന്നു പ്രാവശ്യം ജർമനി ജൽസയിൽ പങ്കെടുത്തുകഴിഞ്ഞു. ബൽഗേറിയായിൽ വന്നതിനുശേഷം അദ്ദേഹം ഈ ഫോട്ടോ തന്റെ ക്ലീനിക്കുകളിൽ– വിവിധ നഗരങ്ങളിൽ അദ്ദേഹത്തിന് ക്ലിനിക്കുകളുണ്ട്, തൂക്കിയിടുകയും ചെയ്തു. രോഗികൾക്ക് അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തുകയും ഖിലാഫത്തിനെ നല്ലവാക്കുകളിൽ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ഇപ്രകാരം അദ്ദേഹം മുഖേന ഒരുപാടാളുകൾക്ക് ജമാഅത്തിന്റെ സന്ദേശമെത്തിക്കൊണ്ടിരിക്കുന്നു. പുതിയ വഴികൾ തുറന്നുകൊണ്ടിരിക്കുന്നു.

ജൽസയിൽ വരുന്ന ആളുകളും ചില കാരണങ്ങൾകൊണ്ട് സ്വീകരിച്ചാലും ഇല്ലെങ്കിലും തബ്ലീഗിന്റെ മാർഗമായിക്കൊണ്ടിരിക്കുന്നു. അവർ മുഖേന പിന്നീട് ബയ്അത്തും നടന്നുകൊണ്ടിരുന്നു. അമീർ സാഹിബ് ഇന്തൊനേഷ്യാ തന്റെ റിപ്പോർട്ടിൽ എഴുതുന്നു: ബോഗോർ എന്ന പ്രദേശത്തെ ഒരു ഗ്രാമത്തിൽ ഒരു മൗലവി തന്റെ പ്രസംഗത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർക്കെതിരിൽ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങി. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചവർക്കെതിരേയും എതിർപ്പ് തുടങ്ങി. പക്ഷേ, നമ്മുടെ നവഅഹ്മദികൾ ദൃഢചിത്തരായിനിന്നു. മൗലവിയുടെ എതിർപ്പുകൾക്ക് ഒരു ഫലവും ചെയ്യാൻ കഴിഞ്ഞില്ല. മറുഭാഗത്ത് എതിരാളി മൗലവി പെരുന്നാൾ ദിവസത്തിനു മുമ്പേ ഇഹലോകം വെടിയുകയും ചെയ്തു. അയാൾക്കുശേഷം അബൂ ഹാശിം എന്നു പേരുള്ള മജ്‌ലിസെ ഉലമായുടെ പ്രസിഡണ്ടായ മറ്റൊരു മൗലവി എതിർപ്പു തുടങ്ങി. നമ്മുടെ നവഅഹ്മദികളോടു ഇവർ മുസ്‌ലിംകളല്ലെന്ന് പറഞ്ഞുകൊണ്ടിരുന്നു. അഹ്മദിയ്യാ ജമാഅത്തിന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. പക്ഷേ, അല്ലാഹു എന്താണ് ചെയ്തതെന്നാൽ കുറച്ചുകാലത്തിനുശേഷം അയാളെയും സ്ഥാനത്തുനിന്ന് നീക്കി. പിന്നീടൊരു ദേദി(Dedi) എന്നു പേരുള്ള മൗലവി ജമാഅത്തിനെ കഠിനമായി എതിർക്കാൻ തുടങ്ങി. നവഅഹ്മദികളെ പരസ്യമായി ഭീഷണിപ്പെടുത്തുകയും, അഹ്മദികളെ കഷണം കഷണമാക്കി മത്സ്യത്തിനു മുമ്പിൽ എറിഞ്ഞുകൊടുക്കുമെന്നും പറഞ്ഞു. പക്ഷേ, അല്ലാഹുവിന്റെ വിധി എങ്ങനെ വെളിപ്പെടുമെന്നാൽ, അയാൾക്ക് തളർവാതം പിടിപെട്ടു. മാസങ്ങളോളം ആ അവസ്ഥയിൽ കിടന്ന് വഫാത്തായി. കുടുംബക്കാരല്ലാതെ മറ്റാരും മരണാനന്തരക്രിയകൾക്കു പോയതുമില്ല.

എന്തായാലും നമ്മൾ എല്ലായിടത്തും ക്ഷമയോടും പ്രാർഥനയോടുംകൂടി പ്രവർത്തിക്കേണ്ടതാണ്. ഇതാണ് നമ്മുടെ ജോലി. അല്ലാഹു ഒന്നുകിൽ അവർക്ക് ഹിദായത്ത് നല്കാനും അല്ലെങ്കിൽ അവരിൽനിന്ന് നമ്മെ രക്ഷിക്കാനും അവരെ അവരുടെ അവസാനംവരെ എത്തിക്കാനും ദുആ ചെയ്യേണ്ടതാണ്.

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ചു ഉദ്ധരണികൾ കേൾപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: 'ഒരിക്കലും ഒരു കളവും ഇത്രത്തോളം മുന്നോട്ടു പോകുകയില്ല. അവസാനം നമ്മൾ കാണുന്നത് തിന്മ ചെയ്യുന്നവരായ അസത്യവാന്മാരും വഞ്ചകന്മാരും തങ്ങളുടെ കളവിൽ ക്ഷീണിച്ചിരുന്നുപോകുന്നതാണ്. അപ്പോൾപിന്നെ 25 വർഷമായി അല്ലാഹുവിൽ കെട്ടിച്ചമച്ചു പറഞ്ഞുകൊണ്ടിരുന്ന കറ്റുകെട്ടുകാരൻ ഉണ്ടാകാവുന്നതാണോ?' അദ്ദേഹം പറഞ്ഞ അക്കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ വാദത്തിന് 25 വർഷം കഴിഞ്ഞിരുന്നു.

അയാൾ ക്ഷീണിക്കാതിരിക്കുകയും അല്ലാഹുവിനും അയാളുടെ പ്രവൃത്തിയിൽ ആത്മീയരോഷം ഉണ്ടാകാതിരിക്കുകയും ചെയ്യുക! എന്നല്ല അയാളെ പിന്തുണച്ചുകൊണ്ട് ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുക! ഇത് അത്ഭുതകരമായ കാര്യമാണ്. അങ്ങനെ ഒരിക്കലും ഉണ്ടാകുകയില്ല. അല്ലാഹു എപ്പോഴും സത്യവാന്മാരെയാണ് സഹായിക്കുകയും പിന്തുണയ്ക്കുയും ചെയ്യുന്നത്. ഇന്ന് 130 വർഷത്തിനുശേഷവും അല്ലാഹുവിന്റെ സഹായങ്ങൾ നമ്മളോടൊപ്പമുള്ളതായാണ് നമ്മൾ കാണുന്നത്.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ആ കാലത്ത് ആർക്കും എന്നെ അറിയുകയില്ലായിരുന്നു. ആരും ഇവിടെ വരികയുമില്ലായിരുന്നു. അന്ന് അല്ലാഹു പറഞ്ഞു, *'യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ് വ യഅ്ത്തീക്ക മിൻകുല്ലി ഫജ്ജിൻ അമീഖ്.'* ഇങ്ങനെ ഉണ്ടാക്കി പറയാൻ ഒരു കറ്റുകെട്ടുകാരന് സാധിക്കുമോ? എന്നിട്ട് അല്ലാഹുവാണെങ്കിലോ അത്തരം കറ്റുകെട്ടുകാരനെ ഗൗനിക്കാതിരിക്കുക! എന്നല്ല അയാളുടെ പ്രവചനം പൂർത്തിയാക്കാൻ ദൂരദൂരദേശങ്ങളിൽനിന്ന് ആളുകളും അയാളുടെ അടുക്കൽ വരിക. എല്ലാ തരത്തിലുള്ള ഉപഹാരങ്ങളും പണവും വരാൻ തുടങ്ങുക. ഇതാണ് കാര്യമെങ്കിൽ കറ്റുകെട്ടുകാരനോടും ഇങ്ങനെയാണ് പെരുമാറുന്നതെങ്കിൽ അപ്പോൾപിന്നെ നുബുവ്വത്തിൽനിന്നുതന്നെ സമാധാനം ഉയർന്നുപോകും.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഇതാണ് ദൃഷ്ടാന്തം. അത് നമ്മുടെ ജമാഅത്തിനോടുള്ള സ്നേഹത്തിലും ആത്മാർഥതയിലും അഭിവൃദ്ധിക്കും നിമിത്തമായിക്കൊണ്ടിരിക്കുന്നു. മുഖം കണ്ടു തന്നെ കറ്റുകെട്ടുകാരനേയും സത്യവാനേയും തിരിച്ചറിയാൻ സാധിക്കുന്നതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'സത്യസന്ധതയ്ക്ക് ഇതും ഒരു അടയാളമാണ്. അതായത് സത്യവാനോടുള്ള സ്നേഹം സൗഭാഗ്യരായ ആളുകളുടെ മനസ്സുകളിൽ ഇടപെടുന്നു. ഹമുക്കിന് ഈ വഴി കിട്ടുകയില്ല; അതായത് പ്രകാശത്തിൽ ഭാഗഭാക്കാകാൻ സാധ്യമല്ല. അവൻ എല്ലാ കാര്യത്തിലും ദുർഭാവനയോടെയാണ് പ്രവർത്തിക്കുക.' അവിടന്ന് പറഞ്ഞു: 'നമുക്ക് കൃത്രിമവും വേഷംകെട്ടലും ആവശ്യമില്ല. നമ്മുടേതായ ഒരു ജോലിയുമില്ല. ഇത് അല്ലാഹുവിന്റെ സ്വന്തം ജോലിയാണ്. അത് അവൻ സ്വയം ചെയ്തുകൊണ്ടിരിക്കുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'അല്ലാഹു എന്നെ മറച്ചുപിടിക്കപ്പെട്ട അവസ്ഥയിൽ കൈവിടുകയില്ല.' ശക്തമായ മുന്നറിയിപ്പ് നല്കിക്കൊണ്ടു പറയുന്നു:'അല്ലാഹു നമ്മെ മറച്ചുപിടിക്കപ്പെട്ട അവസ്ഥയിൽ ഉപേക്ഷിക്കുകയില്ല. എല്ലാവരിലും അവൻ ന്യായപൂർത്തി വരുത്തുന്നതായിരിക്കും. ആകാശത്തുനിന്നുള്ളവനും ഭൂമിയിൽനിന്നുള്ളവനും തമ്മിൽ വ്യത്യാസമുണ്ടെന്നോർക്കുക. അല്ലാഹുവിൽനിന്ന് വരുന്നവന് അ

**തിരുനബിയുടെ തിരുമൊഴികൾ:**

**ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:'**
**ഏഴു എല്ലുകളുടെ(അവയവങ്ങൾ)മേൽ സുജൂദ് ചെയ്യാൻ ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു. നെറ്റി–അവിടന്ന് തന്റെ കൈ മൂക്കിനുനേരെ ചൂണ്ടിക്കാട്ടി, ഇരുകൈകളും കാലുകളും, ഇരുപാദങ്ങളുടെ അഗ്രങ്ങൾ. വസ്ത്രമോ മുടിയോകൊണ്ട് ആവരണം ചെയ്യാതിരിക്കാനും ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നു.'(മുസ്‌ലിം, ഹദീഥ് 299)**

ത്വാലിബെ ദുആ
Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 29 October 2020 Issue-44

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ല്ലാഹുതന്നെ ആദരവ് നല്കുന്നു. അയാളുടെ സത്യസന്ധത പ്രകാശിപ്പിച്ചു കാണിക്കുന്നു. അവനിൽനിന്ന് വരാത്തവനും കറ്റുകെട്ടുകാരനും അവസാനം നിന്ദ്യനായി നശിച്ചോടുങ്ങുന്നു.”

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:‘നമ്മുടെ ജമാഅത്തിന്റെ ഈമാൻ ദുർബലമാകണമെന്ന് അല്ലാഹഹു ആഗ്രഹിക്കുന്നില്ല. അതിഥി ആഗ്രഹിക്കുന്നില്ലെങ്കിൽത്തന്നെയും അയാളുടെ മുമ്പിൽ ഭക്ഷണ സമർപിക്കുക എന്നത് ആതിഥേയന്റെ നിർബന്ധ കടമയാണ്. അതേപോലെ ദൃഷ്ടാന്തങ്ങളുടെ ആവശ്യം വേണ്ടെന്ന് ആരെങ്കിലും മനസ്സിലാക്കിയാൽത്തന്നെയും അല്ലാഹു തന്റെ ഫള്ലുകൊണ്ട് ജമാഅത്തിന്റെ ഈമാൻ വർധിപ്പിക്കുന്നതിന് ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തങ്ങളുടെ ഈമാനിനെ ദൃഷ്ടാന്തങ്ങളുടെ വ്യവസ്ഥയോടുകൂടി ബന്ധിപ്പിക്കുന്നവൻ ഘോരമായ തെറ്റിലാണുള്ളത്. ഈസായുടെ അനുയായികൾ ഭക്ഷണത്തളികയുടെ ദൃഷ്ടാന്തം ചോദിച്ചപ്പോൾ അവർക്കു കിട്ടിയ മറുപടി അതിനുശേഷം ആരെങ്കിലും നിഷേധിച്ചാൽ തുല്യതയില്ലാത്ത ശിക്ഷ കിട്ടുമെന്നായിരുന്നു.”

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:‘അതിനാൽ അന്വേഷകന്റെ മര്യാദ എന്നു പറയുന്നത് കൂടുതൽ ചോദ്യങ്ങൾ ചോദിക്കാതിരിക്കുക എന്നതാണ്. ദൃഷ്ടാന്തം ചോദിക്കാൻ സമ്മർദം ചെലുത്താതിരിക്കുക. ഈ മര്യാദകളുടെ വഴികൾ അടിസ്ഥാനമാക്കുന്നവനെ അല്ലാഹു ദൃഷ്ടാന്തം കാണിച്ചുകൊടുക്കാതെ വിടുകയില്ല. അവനെ ദൃഢവിശ്വാസം കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു. സ്വഹാബത്തിന്റെ അവസ്ഥ നോക്കുക. അവർ ദൃഷ്ടാന്തം ചോദിച്ചില്ല. എന്നാൽ, അല്ലാഹു അവരെ ദൃഷ്ടാന്തം കാണിക്കാതിരുന്നുവോ? ഒരിക്കലുമില്ല. അവർ ബുദ്ധിമുട്ടുകൾക്കുമേൽ ബുദ്ധിമുട്ടുകൾ സഹിച്ചു. ജീവൻ നല്കി. ശത്രുക്കൾ സ്ത്രീകളെപ്പോലും ഭയാനകമായി പീഢിപ്പിച്ചു കൊലപ്പെടുത്തി. എന്നാൽ, സഹായം അതുവരേയും വെളിപ്പെട്ടില്ല. അവസാനം അല്ലാഹുവിന്റെ നിമിഷം വന്നു. ശത്രുക്കളെ നശിപ്പിക്കുകയും അവരെ വിജയിപ്പിക്കുകയും ചെയ്തു. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണെന്നത് സത്യമായ കാര്യമാണ്.’

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:‘ഈ എല്ലാ അഭിവൃദ്ധികളുടേയും ‘അടിവേര്’ ഈമാനാണെന്നതിൽ ഒരു സംശയവുമില്ല. അതു മുഖേനയാണ് മനുഷ്യൻ വലിയ വലിയ നിലകൾ തരണം ചെയ്യുന്നതും സവാരി ചെയ്യുന്നതും.’(മൽഫൂദാത്ത് വാല്യം 4, പേജ് 354–356. 1984 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)എതിരാളികളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:‘ശത്രുക്കളായിട്ടുള്ള മൗലവിമാരേ! സിദ്ധന്റെ പീഠത്തിൽ ഇരിക്കുന്നവരേ! ഞങ്ങളും നിങ്ങളും തമ്മിലുള്ള ഈ വഴക്ക് അതിരു കടന്നിരിക്കുകയാണ്. നിങ്ങളുടെ ജമാഅത്തുകളെ അപേക്ഷിച്ച് ഈ ജമാഅത്ത് കുറച്ചേയുള്ളു. വളരെ നിസാരം!അദ്ദേഹം ഇതു പറയുമ്പോൾ നാലായിരമോ അയ്യായിരമോ ആളുകളെ ഉണ്ടായിരുന്നുള്ളു. ഇപ്പോഴും വളരെ കുറവുതന്നെയാണ്. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: എങ്കിലും തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. ഇത് അല്ലാഹു നട്ട ചെടിയാണ്. അല്ലാഹു ഒരിക്കലും ഇത് നഷ്ടപ്പെടുത്തുകയില്ല. അതിനെ പാരമ്യതയിലെത്തിക്കുന്നതുവരെ അവൻ സമ്മതിക്കുകയില്ല. അവൻ അതിനെ നനച്ചു വളർത്തും. അതിനുചുറ്റും വേലി കെട്ടും. അത്ഭുതകരമായ അഭിവൃദ്ധി നല്കും. ഇതിനെ നശിപ്പിക്കാൻ നിങ്ങൾ കുറച്ചുവല്ലതുമാണോ ശക്തി ചെലുത്തിയത്. ഇതു മനുഷ്യന്റെ പണിയാണെങ്കിൽ എപ്പോഴെ ഈ മരം മുറിക്കപ്പെടുമായിരുന്നു. അതിന്റെ നാമമോ അടയാളമോ പോലും ഉണ്ടാകുമായിരുന്നില്ല.”(മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 2, പേജ് 281–282, അഞ്ചാമെ ആഥിം, റൂഹാനീ ഖസായിൻ വാല്യം 11, പേജ് 64)

അല്ലാഹു നമുക്ക് ജമാഅത്തിന്റെ അഭിവൃദ്ധികൾ മുമ്പേയുള്ളതിനെക്കാൾ കൂടുതൽ കാണിച്ചു തരുമാറാകട്ടെ. ശത്രുക്കളുടെ ശർറിൽനിന്നും വഞ്ചനയിൽനിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. സൗഭാഗ്യവാന്മാരെ സഹായിക്കുമാറാകട്ടെ. അവർ ഈ ദുർബോധനക്കാരുടേയും ഫിത്നക്കാരുടേയും പിടിയിൽനിന്ന് പുറത്തുവന്ന് നബി(സ)തിരുമേനിയുടെ സേവകനേയും കാലത്തിന്റെ ഇമാമിനേയും വിശ്വസിക്കുന്നവരാകട്ടെ. ഇസ്ലാമിന്റെ വിജയത്തിന് ഈ അല്ലാഹുവിന്റെ ഫൈൽവാനെ സഹായിക്കുന്നവരായിത്തീരട്ടെ. ലോകത്തുനിന്ന് ഫിത്നയും ഫസാദും അവസാനിക്കുമാറാകട്ടെ. ലോകം ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരട്ടെ. അല്ലാഹു നമുക്കും നമ്മുടെ കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. അക്കൂട്ടർക്കും ബുദ്ധിയുണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇനി ദുആ ചെയ്യാം.(ഉർദു ബദ്ർ 24–9–2020)


## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**(പേജ് 1ൽനിന്ന്)**

രിഗണിക്കാൻ സാധിക്കുകയില്ലെന്ന് തന്നെയാണ് ഇതിന്റെ അർഥം. മതപ്രവൃത്തികളെ ശബ്ബത്തിന് തടയാനും സാധിക്കുകയില്ല. യഹൂദികളിൽ, ശബ്ബത്ത് ദിവസം പ്രബോധനം ചെയ്യുന്നതും ഉപദേശിക്കുന്നതും മറ്റു സൽക്കർമങ്ങൾ ചെയ്യുന്നതും അനുവദനീയമല്ലെന്ന വ്യർഥമായ ചിന്ത ഉണ്ടായി കഴിഞ്ഞിരുന്നു. വാസ്തവത്തിൽ ശബ്ബത്ത് ദിവസം ഭൗതികജോലികൾ മാത്രമാണ് തടഞ്ഞിരുന്നത്......... യഹൂദികളല്ലാത്ത ജനതകളിൽ തങ്ങൾക്ക് എതിർപ്പുണ്ടാകാതിരിക്കാനായിരുന്നു ഞായറാഴ്ച ദിവസം ക്രിസ്ത്യാനികൾ ശബ്ബത്ത് ആചരിക്കാൻ തുടങ്ങിയതെന്ന് ചില ഗ്രന്ഥകർത്താക്കൾ എഴുതുന്നു. അതിനുകാരണം മസീഹ് ആ ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതാണെന്ന് ബർണബാസിന്റെ കത്തിൽ എഴുതിയിരിക്കുന്നു.(ജൂയിശ് എൻസൈക്ലോപീഡിയ വാള്യം 10). എന്തായാലും എന്തെങ്കിലും കാരണമുണ്ടാകണമല്ലോ. ഇതു ഹദ്റത്ത് മൂസാനബിയുടെ അധ്യാപനത്തിനു വിരുദ്ധമായിരുന്നു. ഇസ്ലാമും ശബ്ബത്തിന്റെ ഒരു ദിവസം നിശ്ചയിച്ചു. അത് വെള്ളിയാഴ്ച ദിവസമായിരുന്നു. ഏതെങ്കിലും നിഗമനമനുസരിച്ചല്ല മുസ്ലിമീങ്ങൾ വെള്ളിയാഴ്ച ദിവസം നിശ്ചയിച്ചത്. പ്രത്യുത അല്ലാഹുവിന്റെ കല്പനയനുസരിച്ച് നിശ്ചയിച്ചതാണ്. അതുകൊണ്ട് ക്രിസ്ത്യാനികളുടെമേൽ ഉണ്ടാകുന്ന ആക്ഷേപം അവരുടെമേൽ പതിയുകയില്ല.

ഇസ്ലാം ജുമുഅ ദിവസത്തിന് ഈ പ്രത്യേകതകളും നിശ്ചയിച്ചിരിക്കുന്നു; ആ ദിവസം അവധിയായിരിക്കണം. ആരാധനാകർമങ്ങൾ കൂടുതലായി നടത്തേണ്ടതാണ്. അങ്ങനെ ദേശീയസമ്മേളനത്തിന്റെ ദിനമാക്കിമാറ്റുക. കുളിക്കുകയും കഴുകി വൃത്തിയാക്കുകയും ചെയ്യുക. ശുദ്ധീകരണം നടത്തുക. രോഗികളെ സന്ദർശിക്കുക. ഇപ്രകാരംതന്നെ മറ്റു സാമുദായികവും സാംസ്കാരികവുമായ ജോലികൾ ചെയ്യുക. അതേ! ജുമുഅ നമസ്കാരം കഴിഞ്ഞാൽ ജനങ്ങൾക്ക് തങ്ങളുടെ ജോലികളിൽ വ്യാപൃതരാകാൻ അനുവാദം നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, അധികവും ദൈവസ്മരണയിൽ മുഴുകുന്നതാണ് ഉചിതമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ഖേദകരമെന്ന് പറയട്ടെ മുസ്ലിമീങ്ങളും ശബ്ബത്തിനെ വിലമതിച്ചില്ല. ജുമുഅ നമസ്കാരം വലിയ നഗരങ്ങളിലൊഴികെ കുറെ കാലംവരെ ഇന്ത്യയിൽനിന്ന് തികച്ചും മറഞ്ഞുപോയിരുന്നു. ഇപ്പോൾ അതിലേക്ക് കുറെയൊക്കെ ശ്രദ്ധയുണ്ട്. എന്നാൽ, ഇപ്പോഴും നൂറിൽ ഒരു മുസ്ലിംപോലും ജുമുഅ നമസ്കാരം നിർവഹിക്കാൻ തയ്യാറല്ല. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ അഭ്യർഥനയ്ക്കും അഹ്ദിയ്യ ജമാഅത്തിന്റെ പരിശ്രമത്തിനും ശേഷം സർക്കാർ വളരെ പ്രയാസത്തോടെ ജുമുഅ നമസ്കാരത്തിന് ഒരു മണിക്കൂർ ഒഴിവ് സമ്മതിച്ചിരുന്നു. എന്നാൽ, കഷ്ടം! അതിൽനിന്ന് ഫലമെടുക്കുന്നതിനുപകരം മുസ്ലിമീങ്ങൾ ഇപ്പോഴും അത് പ്രയോജനപ്പെടുത്തുന്നില്ല. ചില സ്ഥലങ്ങളിൽ മറ്റു മുസ്ലിമീങ്ങൾ വ്യക്തമായും സർക്കാർ ഉദ്യോഗസ്ഥന്മാരോടു പറയുന്നത് ജുമുഅ നമസ്കാരത്തിനു ഒഴിവു വേണമെന്ന അപേക്ഷ അഹ്മദികളുടെ ദുഷ്ടതയാണെന്നും ഞങ്ങൾ അതിൽ ചേർന്നിട്ടില്ലെന്നുമാണ്.’ **(തഫ്സീറെ കബീർ വാള്യം 1, പേജ് 497 – 498, ഖാദിയാൻ 2010)**

## തിരുനബിയുടെ തിരുമൊഴികൾ:

**അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ)നിവേദനം. നബി(സ)തിരുമേനി നമസ്കാരത്തിൽ ഇരുന്നാൽ അവിടത്തെ ഇടതുപാദം കണങ്കാലിന്റേയും തുടയുടേയും ഇടയിലാക്കുകയും വലതു പാദം പരത്തിവെക്കുകയും ചെയ്യുമായിരുന്നു. ഇടതുകൈ ഇടത്തെ മുട്ടിന്മേലും വലതുകൈ വലത്തെ തുടയിന്മേലും വെക്കും. അവിടത്തെ ചൂണ്ടുവിരൽ ഉയർത്തുകയും ചെയ്യുമായിരുന്നു.’(മുസ്ലിം, ഹദീഥ് 302)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ആമിർ ബിൻ സഅ്ദ് തന്റെ പിതാവിൽനിന്ന്(റ) നിവേദനം. അദ്ദേഹം പറഞ്ഞു:‘നബി(സ)തിരുമേനി അവിടത്തെ കവിളിന്റെ വെളുപ്പ് എനിക്കു കാണാൻ കഴിയുമാറ് വലഭാഗത്തേക്കും ഇടഭാഗത്തേക്കും സലാം വീട്ടുന്നത് ഞാൻ കണ്ടിരിക്കുന്നു.’ (മുസ്ലിം, ഹദീഥ് 310)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin